TAB

# TRICHUR ARCHDIOCESAN BULLETIN

2023 ജൂൺ വാല്യം: 90 ലക്കം: 06




പാപിനിക്കു മോചനം (ലൂക്കാ 7: 50)



# ആദരാഞ്ജലികൾ

## റവ. ഫാ. ചാക്കോ
## പാറയിൽ (84)



**ജനനം : 11-10-1938**
**തിരുപ്പട്ടം : 01-12-1964**
**മരണം : 09-05-2023**




Trichur Archdiocesan Bulletin TAB
ESTD: 1934

**ജൂൺ 2023**

ലക്കം: 06 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 11 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 22 |
| സഹായമെത്രാന്റെ പരിപാടികൾ | 23 |
| നാളാഗമം | 24 |
| നാമകരണ നടപടികൾ | 29 |
| വൈദികർ | 33 |
| സന്യസ്തർ | 39 |
| സാമ്പത്തിക കാര്യാലയം | 43 |
| മതബോധനം | 49 |
| സ്ഥാപനങ്ങൾ | 60 |
| സംഘടനകൾ | 73 |

# സർക്കുലർ

**മാർ ആൻഡ്രൂസ് താഴത്ത്**

1052/ 2023 C-2
10.05.2023

## മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിസമാപനവും തൃശ്ശൂർ അതിരൂപതാദിനവും

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

"കർത്താവിന് കൃതജ്ഞതയർപ്പിക്കുവിൻ; അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ; അവിടുത്തെ പ്രവർത്തികൾ ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ" എന്ന സങ്കീർത്തനവചനങ്ങളോട് ചേർന്ന് നിന്ന് നാളിതുവരെ ദൈവം വർഷിച്ച അനുഗ്രഹങ്ങൾക്കും നന്മകൾക്കും നന്ദിയർപ്പിച്ചുകൊണ്ട് തൃശ്ശൂർ അതിരൂപത 136-ാം സ്ഥാപനവാർഷികദിനവും തൃശ്ശൂർ അതിരൂപതയെ 1997 മുതൽ 2007 വരെ സ്തുത്യർഹമായും ഏറെ വാത്സല്യത്തോടും ഉന്നതിയിലേക്ക് നയിക്കുകയും ചെയ്ത മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക സുവർണ്ണജൂ

ബിലി സമാപനവും 2023 മെയ് 20 ശനിയാഴ്ച തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ആഘോഷിക്കുന്ന വിവരം സസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. വി. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്കെഴുതിയ 1–ാം ലേഖനം 18–ാം വാകൃത്തിൽ പറയുന്നതുപോലെ "എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം". മെയ് 20ന് നമുക്ക് ഒന്നുചേർന്ന് ദൈവം നമ്മുടെ അതിരൂപതക്കും അഭിവന്ദ്യപിതാവിന് വ്യക്തിപരമായും നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം.

1887 മെയ് 20ന് ഭാഗ്യസ്മരണാർഹനായ പരി. ലിയോ പതിമൂന്നാമൻ മാർപ്പാപ്പയാണ് തൃശ്ശൂർ രൂപതയെ അപ്പസ്തോലിക് വികാരിയത്തായി ഉയർത്തിയതും സ്ഥാപിച്ചതും. ആദ്യത്തെ വികാർ അപ്പസ്തോലിക്കായി അഡോൾഫ് മെഡ്ലിക്കോട്ട് പിതാവിനെ നിയമിച്ചു. 1896 മുതൽ മാർ ജോൺ മേനാച്ചേരി പിതാവും 1921 മുതൽ മാർ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവും 1944 മുതൽ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവും 1970 മുതൽ മാർ ജോസഫ് കുണ്ടുകുളം പിതാവും തൃശ്ശൂർ രൂപതയെ നയിച്ചു. കുണ്ടുകുളം പിതാവിന്റെ കാലഘട്ടത്തിൽ പാലക്കാട് രൂപതയും ഇരിങ്ങാലക്കുട രൂപതയും പുതുതായി രൂപം കൊണ്ടു. ശേഷം പാലക്കാട് രൂപതയിൽ നിന്ന് രാമനാഥപുരം രൂപതയും രൂപം കൊണ്ടു. 1995 മെയ് 18ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തൃശ്ശൂർ രൂപതയെ അതിരൂപതയായി ഉയർത്തുകയും മാർ ജോസഫ് കുണ്ടുകുളം പിതാവ് പ്രഥമ മെത്രാപ്പോലീത്തയായും ഉയർത്തപ്പെടുകയും ചെയ്തു. 1997 മുതൽ 2007 വരെ മാർ ജേക്കബ് തൂങ്കുഴി പിതാവ് അതിരൂപതയെ നയിച്ചു.

മാർ ജേക്കബ് തൂങ്കുഴി പിതാവ് 1930 ഡിസംബർ 13ന് പാലാ രൂപതയിൽ വിളക്കുമാടം എന്ന സ്ഥലത്ത് ജനിച്ചു. തലശ്ശേരി രൂപതക്കുവേണ്ടി 1956 ഡിസംബർ 22ന് വൈദികനായി. 1973 മെയ് 1ന് മാനന്തവാടി രൂപതയുടെ പ്രഥമമെത്രാനായി. 1995 മുതൽ താമരശ്ശേരിയിലും 1997 മുതൽ തൃശ്ശൂർ അതിരൂപതയിലും സേവനമനുഷ്ഠിച്ചു. അതിരൂപതയെ നയിച്ച മുൻപിതാക്കന്മാരുടെ കാലത്തെന്നപോലെ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ കാലഘട്ടത്തിലും തൃശ്ശൂർ അതിരൂപത ശ്രദ്ധേയമായവിധത്തിൽ അഭിവൃദ്ധിയിലേക്ക് നീങ്ങുകയുണ്ടായി. മേരിമാത മേജർ സെമിനാരി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, പാലയൂർ മഹാതീർത്ഥാടനം എന്നിവ അതിൽ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇപ്പോൾ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വിശ്രമജീവിതം നയിക്കുന്ന അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയുടെ സമാപനത്തിൽ

അഭിവന്ദ്യപിതാവിനോടൊപ്പം കൃതജ്ഞതാബലിയിൽ പങ്കെടുക്കാം.

2023 മെയ് 20 ശനിയാഴ്ച തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ഉച്ചക ഴിഞ്ഞ് 2:30ന് കൃതജ്ഞതാബലിയും തുടർന്ന് 4:30ന് കത്തീഡ്രൽ ഹാളിൽ പൊതുസമ്മേളനവും നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിക ളിൽ സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി, മറ്റു മെത്രാന്മാർ, കേന്ദ്ര–സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കുന്നു. ഓരോ ഇടവകയിൽ നിന്നും വൈദികർക്കു പുറമേ കൈക്കാരന്മാർ, പ്രതിനിധിയോഗസെക്രട്ടറി, പാസ്റ്റ റൽ കൗൺസിൽ അംഗങ്ങൾ, ഇടവക ഭക്തസംഘടന ഏകോപനസ മിതി സെക്രട്ടറി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, മതബോ ധന ഹെഡ്മാസ്റ്റർ, സന്യാസഭവനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ തുട ങ്ങിയവർ അന്നേദിവസത്തെ വി. കുർബാനയിലും പരിപാടികളിലും പങ്കെടുക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ഇടവകയിൽ നിന്നുള്ള പ്രതിനിധികളെ അറിയിക്കുകയും ലൂർദ്ദ് കത്തീഡ്രലിലേക്ക് അവരെ കൊണ്ടുവരുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്യ ണമെന്ന് ആഹ്വാനം ചെയ്യുന്നു.

2023 ഒക്ടോബറിൽ റോമിൽ വെച്ച് നടക്കുന്ന മെത്രാന്മാരുടെ സിനഡിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിന്റെ ഭാഗമായി മെയ് 31ന് മരിയൻ പ്രാർത്ഥനാദിനമായി ആചരിക്കുവാൻ റോമിൽ നിന്ന് ആവ ശ്യപ്പെട്ടിട്ടുണ്ട്. സീറോമലബാർ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവ് അന്നേദിവസം മരിയൻ പ്രാത്ഥനാദി നമായി ആചരിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കു നേരെ നടക്കുന്ന അക്രമങ്ങളുടെ സാഹചര്യത്തിൽ ഇന്ത്യയിൽ സമാധാനവും മതസൗഹാർദ്ദവും നില നില്ക്കുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ സി. ബി. സി. ഐ. ആഹ്വാനംചെയ്തിട്ടുണ്ട്. 2023 മെയ് 31–ന് നമ്മുടെ അതിരൂപതയിൽ പ്രത്യേകം പ്രാർത്ഥനാദിനമായി ആചരിക്കുവാൻ നമ്മൾ നിശ്ചയിച്ചിരി ക്കുകയാണ്. അന്നേദിവസം, നമ്മുടെ എല്ലാപള്ളികളിലും സന്യാസഭ വനങ്ങളിലും സ്ഥാപനങ്ങളിലും ഈ നിയോഗങ്ങൾക്കായി പ്രാർത്ഥി ക്കേണ്ടതാണ്. മെയ്മാസ വണക്കത്തിന്റെ സമാപന ദിനമായ അന്ന് എല്ലാ ഇടവകദൈവാലയങ്ങളിലും വൈകുന്നേരം തിരുമണിക്കൂർ നടത്തി പ്രാർത്ഥിക്കേണ്ടതാണ്. മരിയൻ പ്രാർത്ഥനാദിനാചരണത്തിന്റെ ഭാഗ മായി മെയ് 31ന് വൈകീട്ട് 5 മണിക്ക് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വി. കുർബാനയും പരി. കുർബാനയുടെ ആരാധനയും നടത്തുന്നതാണ്. നമ്മുടെ അതിരൂപതാ കുടുംബത്തിന്റെ അമ്മയായ പരി. അമലോത്ഭവ

മാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നൻമചെയ്യുവിൻ; ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ**

**(ലൂക്കാ 6, 27-28).**

# മാർ ആൻഡ്രൂസ് താഴത്ത്

Order No.1000/2023
02.05.2023

## കല്പന നമ്പർ 1000/2023

കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നതിനെ സംബന്ധിച്ച് പഠിക്കുവാൻ നിയമിച്ച കമ്മീഷൻ നൽകിയ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അതിരൂപത കാര്യാലയം തയ്യാറാക്കിയ നിർദ്ദേശങ്ങൾ 2023 ഏപ്രിൽ 27ന് നടന്ന വൈദികരുടെ സമ്മേളനത്തിൽ അവതരിപ്പിച്ചു. അതിന്റെ വെളിച്ചത്തിൽ തൃശ്ശൂർ അതിരൂപതയിലെ കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നത് സംബന്ധിച്ച് നൽകുന്ന പൊതുനിർദ്ദേശങ്ങൾ.

**I. നമ്മുടെ അതിരൂപതയിൽ വി. കുർബാനയും മറ്റു തിരുക്കർമ്മങ്ങളും നടത്തുന്ന സ്ഥലങ്ങൾ പ്രധാനമായും താഴെ പറയുന്ന രീതിയിലാണ്.**

1. ഇടവക ദൈവാലയം/ ക്വാസി ദൈവാലയം
2. തീർത്ഥകേന്ദ്രങ്ങൾ
3. സന്യാസഭവനങ്ങളുടെ/ സ്ഥാപനങ്ങളുടെ ചാപ്പൽ/ കപ്പേളകൾ
4. കുരിശുപള്ളി/ സ്റ്റേഷൻ ചർച്ച്
5. കപ്പേളകൾ
6. കുരിശടികൾ

**II. കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. അതിരൂപതയുടെ പൊതുനയമനുസരിച്ച് കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നതിന് പൊതുവെ അനുവാദം ഇല്ല. എന്നാൽ അജപാലനപരമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക അനുവാദത്തോടെ വി. കുർബാന അർപ്പിക്കുന്നതിന് ചുരുക്കം ചില സ്ഥലങ്ങളിൽ അനുവാദം നല്കിയിട്ടുണ്ട്.

2. കപ്പേളകളിൽ ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കുന്നതിന് അനുവാദം ഇല്ല. എന്നാൽ പുതിയ കപ്പേള പണിതതിനുശേഷം കപ്പേള ആശീർവ്വദിക്കുന്ന ദിവസം (ഞായറാഴ്ചയാണെങ്കിലും) വി. കുർബാന അർപ്പിക്കുവാൻ അനുവാദം നല്കുന്നതാണ്.
3. 30 വർഷമായി വർഷത്തിലൊരിക്കൽ കപ്പേളകളിൽ ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിക്കുന്ന പതിവുള്ള സ്ഥലങ്ങളിൽ അത് തുടരാവുന്നതാണ്. തീർത്ഥകേന്ദ്രമായി പ്രവർത്തിക്കുന്ന കപ്പേളകളിൽ, 30 വർഷമായില്ലെങ്കിലും, വി. കുർബാന അർപ്പിക്കുന്നതിന് പ്രത്യേക അനുവാദം നല്കിയിട്ടുള്ള കപ്പേളകളിൽ, തുടർന്നും അനുവാദം ഉണ്ടായിരിക്കുന്നതാണ്.
4. അജപാലനപരമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് വളരെ ചുരുക്കം ചില സ്ഥലങ്ങളിൽ പ്രത്യേക അനുവാദത്തോടെ കൂടുതൽ വി. കുർബാനകൾ അർപ്പിക്കുന്നതിന് അനുവാദം നല്കിയിട്ടുണ്ട്. അത്തരം സ്ഥലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതുപോലെ കുർബാനകൾ അർപ്പിക്കാവുന്നതാണ്.
5. കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നതിന് അതിരൂപത കാര്യാലയത്തിൽ നിന്നും അനുവാദകല്പന ലഭിച്ചിട്ടുള്ള പള്ളികൾ ആ അനുവാദകല്പന പള്ളി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പള്ളിയുടെ രേഖകൾ പരിശോധിച്ച് വി. കുർബാന അർപ്പിക്കുന്നതിന് അനുവാദകല്പന കാണുന്നില്ലെങ്കിൽ അതിരൂപത രേഖാലയത്തിൽ അനുവാദത്തിന്റെ രേഖകൾ പരിശോധിക്കാവുന്നതാണ്. അതിരൂപത രേഖാലയത്തിൽ അനുവാദത്തിന്റെ രേഖകൾ ലഭ്യമല്ലെങ്കിൽ അതിരൂപത കാര്യാലയത്തിന്റെ അനുവാദം ലഭിക്കേണ്ടതിനായി വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. വി. കുർബാന കഴിഞ്ഞ കുറെ വർഷങ്ങളായി (30 വർഷത്തിനു താഴെ) അർപ്പിക്കുന്ന കപ്പേളകളിൽ ഞായറാഴ്ചയും കടമുള്ള ദിവസങ്ങളുമൊഴികെ വർഷത്തിലൊരിക്കൽ വി. കുർബാന അർപ്പിക്കുന്നതിന് വർഷാവർഷവും അപേക്ഷ സമർപ്പിച്ച് അതിരൂപത കാര്യാലയത്തിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ് (**ഈ കപ്പേളകളിൽ 30 വർഷം തികഞ്ഞാലും ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും വി. കുർബാന അർപ്പിക്കുവാൻ ഇനിമുതൽ അനുവാദം നല്കുന്നതല്ല**). **ഇനിമേൽ അനുവാദമില്ലാതെ കപ്പേളകളിൽ വി. ബലിയർപ്പിക്കാൻ പാടില്ല.** ഇപ്രകാരം കപ്പേളകളിൽ വി. കുർബാനയർപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.
   a. വി. കുർബാനയർപ്പിക്കുന്നതിന് അനുയോജ്യമായ/അർഹതയുള്ള

കപ്പേളയാണെന്ന് ബോധ്യപ്പെടുന്നപക്ഷം ബഹു. വികാരിയച്ചനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

b. വി. കുർബാനയർപ്പിക്കുന്നതിന് സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കണം. ഇടവകപള്ളിയിൽ നിന്നും നിശ്ചിതദൂരപരിധിയിലുള്ള (സാധാരണനിലയിൽ ഇടവകപള്ളിയിൽ നിന്നും ഒരു കി. മീ.) കപ്പേളയായിരിക്കണം.

c. സീറോ മലബാർ സഭയുടെ വി. കുർബാന ക്രമമനുസരിച്ചാണ് വി. കുർബാനയർപ്പിക്കേണ്ടത് (ബേമ്മ, അൾത്താര/ദപ്പയുള്ള മേശ തുടങ്ങിയവ ഉണ്ടായിരിക്കണം).

7. പുതുതായി നിർമ്മിക്കുന്ന കപ്പേളകളിൽ കപ്പേള ആശീർവദിക്കുന്ന ദിവസം മാത്രമേ വി. കുർബാനക്ക് അനുവാദം നൽകുകയുള്ളൂ. തുടർന്ന് ഈ കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതല്ല.
8. കപ്പേള സ്ഥാപിച്ച് ഇതുവരെ വി. കുർബാന അർപ്പിക്കുന്ന പതിവില്ലാത്ത കപ്പേളകളിൽ വി. കുർബാന അർപ്പിക്കുവാൻ പുതുതായി അനുവാദം നൽകുന്നതല്ല.
9. കപ്പേളകളിൽ തിരുനാളിനോടനുബന്ധിച്ച് അമ്പ്/വള എഴുന്നള്ളിപ്പ് എന്നിവ അനുവദിക്കുന്നില്ല.
10. കപ്പേളകളിൽ ലദീഞ്ഞ്, നൊവേന, ജപമാല, വണക്കമാസം തുടങ്ങിയ ഭക്തകൃത്യങ്ങൾ നടത്തുവാൻ അനുവാദം ഉള്ളതാണ്.
11. കപ്പേളകളിൽ നേർച്ച വിതരണത്തിന് അനുവാദം ഉള്ളതാണ്. എന്നാൽ നേർച്ച എന്ന പേരിൽ അത് നേർച്ചസദ്യയായോ ഊട്ടുസദ്യയായോ സ്നേഹവിരുന്നായോ നടത്തുവാൻ പാടുള്ളതല്ല.
12. കുരിശടികളിൽ വി. കുർബാന അർപ്പിക്കുവാൻ അനുവാദം ഒരിക്കലും നൽകുന്നതല്ല.
13. കപ്പേളകളിൽ വി. കുർബാന അർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ (Order No.1000/2023 dated 02/May/2023) **2023 ജൂൺ 1 മുതൽ** അതിരൂപതയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

അതിരൂപത കാര്യാലയത്തിൽ നിന്ന് 2023 മെയ് 2ന് നൽകപ്പെടുന്നത്

CURIA ARCHEPARCHY OF TRICHUR

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

# കച്ചേരി വാർത്തകൾ

ജൂൺ 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : വി. ജസ്റ്റിൻ
2 : ആദ്യവെള്ളി
സ്വർണ്ണവെള്ളി
4 : **ശ്ലീഹാ രണ്ടാം ഞായർ**
പരി. ത്രിത്വത്തിന്റെ തിരുനാൾ
8 : പരി. കുർബാനയുടെ തിരുനാൾ
വി. മറിയം ത്രേസ്യ
9 : മാർ അപ്രേം
10 : ബർണ്ണബാസ് ശ്ലീഹാ (11 ഞായർ)
11 : **ശ്ലീഹാ മൂന്നാം ഞായർ**
13 : പാദുവായിലെ വി. അന്തോണീസ്
16 : ഈശോയുടെ തിരുഹൃദയതിരുനാൾ
17 : മാതാവിന്റെ വിമലഹൃദയം
18 : **ശ്ലീഹാ നാലാം ഞായർ**
22 : **വി. ജോൺ ഫിഷറും വി. തോമസ് മൂറും**
24 : വി. യോഹന്നാൻ മാംദാനയുടെ ജനനം
25 : **ശ്ലീഹാ അഞ്ചാം ഞായർ**
28 : വി. ഇരണേവൂസ്
29 : പത്രോസ്, പൗലോസ് ശ്ലീഹന്മാർ

## 2. ജൂൺ മാസത്തെ പരിപാടികൾ

03 : പാസ്റ്ററൽ കൗൺസിൽ യോഗം (10:00 am)
10 : സംഘടന ഏകോപനസമിതി യോഗം (02:30 pm)
13 : മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക
തിരുനാൾ
29 : വൈദിക ഏകദിനം (10:00 am)

**3. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂൺ 13ന് നാമഹേതുക തിരുനാളാഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളിക ളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**4. വൈദികവസ്ത്രം സ്വീകരിച്ചവർക്ക് പ്രാർത്ഥനാശംസകൾ:**

അതിരൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 6ന് ഉച്ചകഴിഞ്ഞ് 2:30 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടികൂടി മുന്നോട്ട് പോകുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

1. ആലപ്പാട്ട് അൽജോ – കൊട്ടേക്കാട്
2. അരുകാക്കൽ പ്രിൻസ് – വേലൂപ്പാടം
3. ചിറ്റിലപ്പിള്ളി റോൺബിൻ – ആമ്പക്കാട്
4. എടക്കൂടൻ ക്രിസ്റ്റി – വല്ലച്ചിറ
5. കൂത്തൂർ ആൽബിൻ – വെളുത്തൂർ
6. നെല്ലിക്കൽ ഫിബിൻ – കൊമ്പഴ
7. പുലിക്കോട്ടിൽ സ്നോബിൻ – ബ്രഹ്മകുളം
8. പുത്തൂർ ഐനിക്കൽ ഫെബിൻ – പഴുവിൽ
9. വട്ടക്കാട്ടുശ്ശേരി സിറിൽ – പീച്ചി
10. വെള്ളറ നിഥിൻ – കാവീട്
11. വെളിയംകുളത്ത് ആൽബിൻ – വെട്ടുക്കാട്
12. വെട്ടിയാടൻ അജാക്സ് – നെന്മണിക്കര

**5. വൈദികരുടെ പ്രത്യേക ശ്രദ്ധയ്ക്ക്:**

a) ബഹു. വികാരിമാർ രണ്ടാഴ്ച ഇടവകയിൽ നിന്ന് മാറി നില്ക്കുന്നുവെങ്കിൽ അതിരൂപതാകാര്യാലയത്തിൽ അറിയിക്കുകയും ബന്ധപ്പെട്ട ഫൊറോനവികാരിയുമായി ആലോചിച്ചു ഇടവകയുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് ബദൽ സംവിധാനം കാണേണ്ടതുമാണ്. രണ്ടാഴ്ചയിൽ കൂടുതൽ ഇപ്രകാരം മാറി നില്ക്കണമെങ്കിൽ അതിരൂപതാകാര്യാലയത്തിൽ നിന്ന് രേഖാമൂലം അനുവാദം വാങ്ങേണ്ടതും അതിരൂപതാകാര്യാലയത്തിന്റെ നിർദ്ദേശപ്രകാരം ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ് (അതിരൂപതാനിയമാവലി 2015 § 171, പേജ് 75).

അതിരൂപതയുടെ പൊതുനയമനുസരിച്ചും അതിരൂപതയിൽ നിലനില്ക്കുന്ന കീഴ്വഴക്കമനുസരിച്ചും വൈദികർ ഇന്ത്യക്കു പുറത്തുപോകു

മ്പോൾ (ഒരു ദിവസമാണെങ്കിൽ പോലും) അതിരൂപതാകാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ച് അതിരൂപതാധ്യക്ഷന്റെ അനുവാദം വാങ്ങേണ്ടതാണ്.

b) വൈദികക്ഷേമനിധിയിലെ അംഗങ്ങളായ വൈദികർ മരിക്കുമ്പോൾ അവർക്കുവേണ്ടി അതിലെ മറ്റ് അംഗങ്ങൾ ഒരു വി. കുർബാന വീതം അർപ്പിക്കേണ്ടതാണ്.

c) അതിരൂപതയിലെ വിവിധ സമിതികളിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അതിരൂപത വൈദികർക്ക് അതിരൂപതയിൽ നിന്നും പൊതുവായി ആരോഗ്യ ഇൻഷുറൻസ് തുടർന്ന് എടുക്കുന്നതല്ല. വൈദിക ഇൻഷുറൻസിന് നൽകിയിരുന്ന സംഖ്യ ജൂബിലി മിഷൻ ആശുപത്രിയിലേക്ക് നൽകുകയും ജൂബിലി മിഷൻ ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന വൈദികരുടെ ചെലവ് അവിടെ നിന്ന് വഹിക്കുകയും ചെയ്യുന്നതാണ്. അതിരൂപതയുടെ നിലവിലുള്ള നയമനുസരിച്ച് മുമ്പ് അറിയിച്ചിട്ടുള്ളതുപോലെ ജൂബിലി മിഷൻ ആശുപത്രിയിൽ നിന്നും റഫർ ചെയ്ത് മറ്റ് ആശുപത്രിയിൽ ചികിത്സക്ക് പോകുന്നവരുടെ ചെലവുകൾ മാത്രമാണ് അതിരൂപത വഹിക്കുന്നത്. സമിതികളുടെ നിർദ്ദേശമനുസരിച്ച് ഇപ്പോൾ അടച്ചുകൊണ്ടിരുന്ന ഇൻഷുറൻസ് പോളിസി തുടരാൻ ആഗ്രഹിക്കുന്ന വൈദികർക്ക്, പോളിസി നമ്പർ സാമ്പത്തിക കാര്യാലയത്തിൽ നിന്നും വാങ്ങി, വ്യക്തിപരമായി ഇൻഷുറൻസ് പോളിസി തുടരാവുന്നതാണ്.

**6. വൈദിക നിയമനം :**

1. ഫാ. ഡെന്നി ചിറയത്ത് – സ്പിരിച്ച്വൽ ആനിമേറ്റർ ലോഫ് ഒഴിവായി; സാധുത 17.04.2023 മുതൽ.
2. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ – സ്പിരിച്ച്വൽ ആനിമേറ്റർ ലോഫ് കൂടി; സാധുത 17.04.2023 മുതൽ.
3. ഫാ. സെബി ചിറ്റാട്ടുകര – കപ്ലോൻ സെന്റ് അഗസ്റ്റിൻ സ്കൂൾ ഹോസ്റ്റൽ കുട്ടനെല്ലൂർ കൂടി; സാധുത 27.04.2023 മുതൽ.
4. ഫാ. റിജോയ് തൈവളപ്പിൽ – അസി. ആർക്കൈവിസ്റ്റ് കൂടി; അസി. ഡയറക്ടർ ബൈബിൾ പ്രേഷിതത്വം ഒഴിവായി; സാധുത 01.05.2023 മുതൽ.
5. ഫാ. ജിയോ കടവി – അജപാലനശുശ്രൂഷ സൗദി അറേബ്യ; വികാരി & കപ്ലോൻ വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി; സാധുത 06.05.2023 മുതൽ.
6. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ – വികാരി വരന്തരപ്പിള്ളി പള്ളിക്കുന്ന് & കപ്ലോൻ എം. എസ്. എം. ഐ. & എസ്. ജി.; റെക്ടർ മേരിമാത മേജർസെമിനാരി ഒഴിവായി; സാധുത 06.05.2023 മുതൽ.

7. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ – റെക്ടർ മേരിമാത മേജർസെമിനാരി; സാധുത 06.05.2023 മുതൽ.
8. ഡീ. ഷിജോ ചൊവ്വല്ലൂർ CMI – ഡീക്കൻ മിനിസ്ട്രി ചെങ്ങാലൂർ; സാധുത 01.05.2023 മുതൽ 15.10.2023 വരെ.
9. ഡീ. ജലീഷ് എലുവത്തിങ്കൽ CMI – ഡീക്കൻ മിനിസ്ട്രി തലക്കോട്ടുകര; സാധുത 01.05.2023 മുതൽ 15.10.2023 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

**ആകുലരാകുന്നതുകൊണ്ട് ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴംകൂടി നീട്ടാൻ നിങ്ങളിൽ ആർക്കു സാധിക്കും?**

**(ലൂക്കാ 12, 25).**

## വൈദികരുടെ തുടർപരിശീലനം

**വിഷയം: യുവജന അജപാലനം**

*യുവജന അജപാലനം* എന്ന വിഷയത്തെ ആസ്പദമാക്കി നമ്മുടെ അതിരൂപതയിലെ വൈദികർക്കായുള്ള ദ്വിദിന തുടർപരിശീലനം ജൂലൈ 10 മുതൽ 14 വരെയും 17 മുതൽ 20 വരെയും ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. 7 ബാച്ചുകളിലായാണ് ഈ പരിശീലനപദ്ധതി ക്രമീകരിച്ചിരിക്കുന്നത്. ഉച്ചതിരിഞ്ഞു 2.30 മുതൽ പിറ്റേ ദിവസം ഉച്ചകഴിഞ്ഞു 2.30 വരെയാണ് പരിശീലനപരിപാടി. പങ്കെടുക്കുന്നവർക്കായുള്ള താമസസൗകര്യം ഡി. ബി. സി. എൽ. സി. യിൽ ഒരുക്കിയിട്ടുണ്ട്. അതിരൂപതയിൽ ഇപ്പോൾ സേവനം ചെയ്തു കൊണ്ടിരിക്കുന്ന 75 വയസ്സിനു താഴെയുള്ള എല്ലാ വൈദികരെയും ഈ പരിശീലന പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാർ പങ്കെടുക്കേണ്ട ബാച്ച് താഴെ കൊടുക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അസൗകര്യമുള്ളവരും, ഗ്രൂപ്പ് മാറുവാൻ ആഗ്രഹിക്കുന്നവരും പ്രോഗ്രാം കോർഡിനേറ്ററിനെ (ഫാ. സാജൻ പിണ്ടിയാൻ 9400280625) അറിയിക്കുമല്ലോ.

### ബാച്ച് 1

**JULY 10-11**, MONDAY-TUESDAY

| | |
|---|---|
| 1. Rev. Fr. Kidangan John | 16. Rev. Fr. Adambukulam Joy |
| 2. Rev. Fr. Punnoliparambil Jos | 17. Rev. Fr. Ukken Johnson |
| 3. Rev. Fr. Peramangalath Paul | 18. Rev. Fr. Chittilappilly Joy, Sr. |
| 4. Rev. Fr. Vazhappilly Francis,Sr. | 19. Rev. Fr. Cheruvathur Douglas |
| 5. V. Rev. Fr. Olakkengil Johnson | 20. V. Rev. Fr. Thalakkoden Dominic |
| 6. Rev. Fr. Kakkassery Thomas | 21. Rev. Fr. Thattil Soly |
| 7. Rev. Fr. Anthikkat Joseph | 22. Rev. Fr. Chazhoor Domini |
| 8. Rev. Fr. Kollannoor Joy | 23. Rev. Fr. Parayil Shinto |
| 9. Rev. Fr. Tharakan Francis | 24. Rev. Fr. Vazhappilly Bilju |
| 10. Rev. Fr.Tharakan Varghese | 25. Rev. Fr.Pindiyan Prince |
| 11. Rev. Fr. Kuttikkatt Andrews | 26. Rev. Fr. Thaikkattil Saijo |
| 12. Rev. Fr. Achandy Johnson | 27. Rev. Fr.Kuzhikkattumyalil Sijohn |
| 13. Rev. Fr. Chittilappilly Seby | 28. Rev. Fr. MarokyDennis |
| 14. V. Rev. Fr. Ukken Shaju | 29. Rev. Fr. CheruvathoorSijo |
| 15. Rev. Fr.Vattakuzhy Jose | |

| | |
|---|---|
| 30. Rev. Fr. ChalisseryLijo | 39. Rev. Fr. Chiriyankandath Geo |
| 31. Rev. Fr. Chiriyankandath Shijo | 40. Rev. Fr.EmmattyJomon |
| 32. Rev. Fr. Chirayath Anto | 41. Rev. Fr.Muringathery Grijo |
| 33. Rev. Fr. Ammuthan Antony | 42. Rev. Fr.Veliyan Sebi |
| 34. Rev. Fr. Chirammel Able | 43. Rev. Fr.Nellangara Jithin |
| 35. Rev. Fr. Thaliyath Nibin | 44. Rev. Fr.Maprani Alex |
| 36. Rev. Fr.Arangassery Sanoj | 45. Rev. Fr.Kanjirathingal Arun |
| 37. Rev. Fr.Vazhappilly Frajo | 46. Rev. Fr. Olakkengil Debin |
| 38. Rev. Fr.Arimboor Jerin | 47. Rev. Fr. Arimpur Derin |

## ബാച്ച് 2

**JULY 11-12**, TUESDAY- WEDNESDAY

| | |
|---|---|
| 1. Rev. Fr. Moolan John | 25. Rev. Fr. Kanjirathingal Baiju |
| 2. Rev. Fr.Alapatt Paul | 26. Rev. Fr. Chittilapilly Jaison |
| 3. Rev. Fr. Arimboor Johnson | 27. Rev. Fr. Marottikkal Majo |
| 4. Rev. Fr. Kattukaran Paul | 28. Rev. Fr. Puthur Joby |
| 5. Rev. Fr. Cheruvathur Chacko | 29. Rev. Fr. Thanikkal Manoj |
| 6. Rev. Fr. Kannanaikal Wilson | 30. Rev. Fr.Ollukkaran Anto |
| 7. Rev. Fr. Ayyankanayil John | 31. Rev. Fr. Koreth Joyson |
| 8. Rev. Fr. Muringathery Joy | 32. Rev. Fr. Edathiruthy Jojo |
| 9. Rev. Fr. Chiramel Davis, Jr. | 33. Rev. Fr. Kizhakkuden Sony |
| 10. Rev. Fr. Edakkalathur Jose | 34. Rev. Fr. Olakkengil Dijo |
| 11. Rev. Fr. Pulikkan Paul | 35. Rev. Fr. Vithayathil Rijo |
| 12. Rev. Fr. Pidiyath Wilson | 36. Rev. Fr. Nettikadan David |
| 13. Rev. Fr. Mookken Joy | 37. Rev. Fr. Chiriyamkandath Prince |
| 14. Rev. Fr. Arackel Paul | 38. Rev. Fr. Perinchery Ajeesh |
| 15. Rev. Fr. Alapatt Francis | 39. Rev. Fr. Menachery Antony |
| 16. Rev. Fr. Vadakoot Thomas | 40. Rev. Fr. Vazhappilly Jibi |
| 17. Rev. Fr. Poovathingal Prince | 41. Rev. Fr. Rayappan Anto |
| 18. Rev. Fr. Chalakkal Sebastian | 42. Rev. Fr. Choondal Livin |
| 19. Rev. Fr. Padayattil Job | 43. Rev. Fr. Marokey Shinto |
| 20. Rev. Fr. Anthikkatt Johnson | 44. Rev. Fr. Ukken Thomas |
| 21. Rev. Fr. Chittilappilly Lijo | 45. Rev. Fr. Muthipeedika Mejo |
| 22. Rev. Fr. Kidangan Benny | 46. Rev. Fr. Velukkaran Geo |
| 23. Rev. Fr. Koothur Francis | 47. Rev. Fr. Payyappilly Jinu |
| 24. Rev. Fr. Thekkiniyath Geo | |

## ബാച്ച് 3

## **JULY 12-13**, WEDNESDAY- THURSDAY

1. Rev. Fr. Ainikkal Jose
2. Rev. Fr. Kurissery Ittiachan
3. Rev. Fr. Palathingal Varghese
4. Rev. Fr. PulikottilJose
5. Rev. Fr. Muthupeedika Raphael
6. Rev. Fr. Muttath Francis
7. Rev. Fr. Ukken Varghese
8. V. Rev. Fr. Kuthur Varghese
9. Rev. Fr.Neelankavil Pauly
10. Rev. Fr. Palathingal Paulson
11. V. Rev. Fr. Chalakkal Jose
12. Rev. Fr. Akkamattathil Raphael
13. Rev. Fr. Vettath Sebastian
14. Rev. Fr. Akkara Raju
15. Rev. Fr. Chakkalakkal Davis
16. V. Rev. Fr. Valluppara Jeejo
17. Rev. Fr. Punnassery Jaison
18. Rev. Fr. Koonamplakkal Jaison
19. Rev. Fr. Vettath Mathew
20. Rev. Fr. Appadan Babu
21. Rev. Fr. Nirappukalayil George
22. Rev. Fr. Vaikkadan Joseph
23. V. Rev. Fr. Vazhappilly Twinkle
24. Rev. Fr. Kuruthukulangara Antony
25. Rev. Fr. Kakkassery Tony
26. Rev. Fr. Edakkalathur Thomas
27. Rev. Fr.Kidangan Joy
28. Rev. Fr.Arikkat Sijo
29. Rev. Fr.Keetticka Finosh
30. Rev. Fr. Vadakkethala Saju
31. Rev. Fr. Alanthanath Nysson
32. Rev. Fr. Poruthur Daijo
33. Rev. Fr. Punnoliparambil Bastian
34. Rev. Fr. Chittilappilly Joffy
35. Rev. Fr. Vazhappilly Tony
36. Rev. Fr. Chiriyankandath Ginsen
37. Rev. Fr. Kollannoor Royson
38. Rev. Fr. Chittilappilly John
39. Rev. Fr. Ponthekken Sinto
40. Rev. Fr. Kuttikkatt Jinto
41. Rev. Fr. Kallarakkal Pratheesh
42. Rev. Fr. Thandassery Canadian
43. Rev. Fr. Nedumbakaran Yesudas
44. Rev. Fr. Chittilappilly Ajith
45. Rev. Fr. Chemmannur Libin
46. Rev. Fr. Thattil Benwin
47. Rev. Fr. Neelankavil Sinoj

## ബാച്ച് 4

**JULY 13-14**, THURSDAY- FRIDAY

1. Rev. Fr. Chittilappilly Johnson
2. Rev. Fr. Edakulathur George
3. Rev. Fr. Thermadam Simon
4. Rev. Fr. Edakalathur Louis
5. Rev. Fr. Pullokkaran Raphael
6. Rev. Fr. KappanyPaul
7. Rev. Fr. Kanjirathingal Varghese
8. Rev. Fr. Karippery Varghese
9. V. Rev. Fr. Chembakassery Antony
10. Rev. Msgr. Konikkara Jose Jr.
11. Rev. Fr.Vithayathil Daveed
12. Rev. Fr.Thanikkal Lazar
13. Rev. Fr.Thanikkal Paul
14. Rev. Fr. Anthikadan Johnson
15. Rev. Fr. Pindiyan Paul
16. Rev. Fr. Kundukulam Johnson
17. Rev. Fr. Kanjirathingal Prinson
18. Rev. Fr. Vadakkan Job
19. Rev. Fr. Inchodikkaran James
20. Rev. Fr. Chiramel Chacko
21. V. Rev. Fr.Aloor Joshy
22. Rev. Fr. Puthur Joy
23. Rev. Fr. Kanjirathingal Seby
24. Rev. Fr. Panengadan John
25. Rev. Fr. Chalissery Cyriac
26. Rev. Fr. Thazhath Jickson
27. Rev. Fr. Koola Ditto
28. Rev. Fr. Chalakkal Jackson
29. Rev. Fr. Thadathil Justin
30. Rev. Fr. Tharayil Demin
31. Rev. Fr. Akkamattathil Shonson
32. Rev. Fr. Perumattil Christon
33. Rev. Fr.Kallikadan Starzon
34. Rev. Fr. Kulangara Printo
35. Rev. Fr. Arangassery Saleesh
36. Rev. Fr. Choondal Jinto
37. Rev. Fr. Keezhoorumuttikkal Manoj
38. Rev. Fr. Puthur Sijo
39. Rev. Fr. Maliyammavu Paul
40. Rev. Fr. Chiramel Simson
41. Rev. Fr. Chakkalakkal Seejan
42. Rev. Fr. Kannanaickal Sajil
43. Rev. Fr. Chalil Anu
44. Rev. Fr. Mangattilayan Jomon
45. Rev. Fr.Padinjakkara Abijith
46. Rev. Fr. Kizhakkoodan Godwin
47. Rev. Fr. Ainikkal Addwin

## ബാച്ച് 5

**JULY 17-18**, MONDAY-TUESDAY

1. Rev. Fr. Vadakkan Raphael
2. V. Rev. Fr. Chittilappilly Antony Sr.
3. Rev. Fr. Arangassery Jose
4. Rev. Fr. Kavalakkatt Franco
5. Rev. Fr. Choondal Thomas

6. Rev. Fr. Konikkara Jose, Sr.
7. Rev. Fr. Poovathukkaran Joseph
8. V. Rev. Fr. Thanissery Raphael
9. Rev. Fr. Vazhaparambil Clement
10. Rev. Fr. Cheruvathoor George
11. V. Rev. Fr. Aloor Joju (George)
12. Rev. Fr. Panamkulam Davis
13. Rev. Fr. Kochupurackal Shaji
14. Rev. Fr. Vennattuparambil Joshy
15. Rev. Fr.Thekkumpuram Jaison
16. Rev. Fr. Chittattukara Seby
17. Rev. Fr. Kokken Raju
18. Rev. Fr. Kadavi Geo
19. Rev. Fr. Thanikkal Denny
20. Rev. Fr.Aloor Francis
21. Rev. Fr. Chittilappilly Shiju
22. V. Rev. Fr. Pallikunnath Francis
23. Rev. Fr.Thattil Jense
24. Rev. Fr. Marottickal Alex
25. Rev. Fr. Vadakkan Roy Joseph
26. Rev. Fr. Chiriyankandath Joju
27. Rev. Fr. Thaliyaparambil Liril
28. Rev. Fr. Kadappuran Joby
29. Rev. Fr. Thorayan Sinto
30. Rev. Fr. Muringathery Jomon
31. Rev. Fr. Pereppadan Jinto
32. Rev. Fr. Kattookaran Sijo
33. Rev. Fr. Mapranathukaran Shijo
34. Rev. Fr. Eluvathingal Justin
35. Rev. Fr. Thazhekadan Jibin
36. Rev. Fr. Eluvathingal Antos
37. Rev. Fr. Kallikkadan Paul
38. Rev. Fr.Eluvathingal Rojo
39. Rev. Fr.Cheradai Geo
40. Rev. Fr.Neelamkavil Anson
41. Rev. Fr.Pulikkan Siju
42. Rev. Fr.Pallikkunnath Shijo
43. Rev. Fr.Puthur Prakash
44. Rev. Fr.Ukken Sibin
45. Rev. Fr.Thanikkal Jomon
46. Rev. Fr. Muttath Paul
47. Rev. Fr. Puthur John

## ബാച്ച് 6

**JULY 18-19**, TUESDAY- WEDNESDAY

1. Rev. Fr. Ainickal Johnson
2. V. Rev. Fr. Pulikkottil Davis Sr.
3. Rev. Fr. Kollannur Antony
4. Rev. Fr. Panthallookkaran Devassy
5. Rev. Fr. Alukka Antony
6. Rev. Msgr. Vallooran Jose
7. Rev. Fr. Kundukulam Vincent
8. Rev. Fr. Thekkanath Paul
9. Rev. Fr. Mekkattukulam Jiphy

|  |  |
|---|---|
| 10. Rev. Fr. Thermadam Shajan<br>11. Rev. Fr. Cheruvathoor Vincent<br>12. Rev. Fr. Thattil Paulson<br>13. Rev. Fr. Cherayath Davis,Jr.<br>14. Rev. Fr. Muringathery Joseph<br>15. Rev. Fr. Thalakkottoor Francis<br>16. Rev. Fr. Alappat Biju<br>17. Rev. Fr. Chullikadan Joby<br>18. Rev. Fr. Nandikkara Ignatius<br>19. Rev. Fr.Kavalakkatt Seby<br>20. Rev. Fr. Poruthur Joju<br>21. Rev. Fr. Koothur Joy<br>22. Rev. Fr. Maroky Jaison<br>23. Rev. Fr. Parrokkaran Binu<br>24. Rev. Fr. Poopadi Thomas<br>25. Rev. Fr. Pallipurathukaran Geo<br>26. Rev. Fr. Velookaran Thomas<br>27. Rev. Fr. Thattil Linson<br>28. Rev. Fr. Mullakkara Tijo<br>29. Rev. Fr. Kundukulam Stishin | 30. Rev. Fr. Pavartikaran John<br>31. Rev. Fr. Thalakkottoor Shanto<br>32. Rev. Fr.Arimboor Tony<br>33. Rev. Fr. Alappat Bastin<br>34. Rev. Fr. Vadakkan Sajan<br>35. Rev. Fr. Chirayath Denny<br>36. Rev. Fr.Koothur Febin<br>37. Rev. Fr. Melit Palathingal Verghese<br>38. Rev. Fr. Muringathery Naveen<br>39. Rev. Fr. Muringathery Sijo<br>40. Rev. Fr. Payikkatt Sobin<br>41. Rev. Fr. Kolambrath Dixon<br>42. Rev. Fr. Anthikkat Santhosh<br>43. Rev. Fr. Chungath Midhun<br>44. Rev. Fr. Vadakkethala Midhun<br>45. Rev. Fr. Edakkalathoor Godwin<br>46. Rev. Fr. Peramangalam John |

## ബാച്ച് 7

**JULY 19-20**, WEDNESDAY- THURSDAY

|  |  |
|---|---|
| 1. Rev. Fr. Thacharattil Jacob<br>2. Rev. Fr. Ambooken Noby<br>3. Rev. Fr. Pulikottil Johnson<br>4. Rev. Fr. Chiramel Davis Sr.<br>5. Rev. Fr.Chiramel Jolly<br>6. Rev. Fr. Vadakkoott James<br>7. Rev. Fr. Neelankavil Francis<br>8. Rev. Fr. Kuttikottayil Mathew | 9. Rev. Fr. Kanjirathingal Anto<br>10. Rev. Fr. Thaikkattil Lawrance<br>11. V. Rev. Fr. Kannampuzha Davis<br>12. Rev. Fr. Kundukulangara Jovy<br>13. Rev. Fr. Chalissery Johnson<br>14. Rev. Fr. Mookken Roy |

15. V. Rev. Fr. Puthur Sebi
16. Rev. Fr. Velakombil Roy
17. Rev. Fr. Pulikottil Jaison
18. Rev. Fr. Mundenkurian Renny
19. Rev. Fr. Panackal Joju
20. Rev. Fr. Kolambrath Martin
21. Rev. Fr. Muringathery Jijo
22. Rev. Fr. Edakkalathoor Varghese
23. Rev. Fr. Pindiyan Sajan
24. Rev. Fr. Puthiri Frango (Francis)
25. Rev. Fr. Emmatty Sajeev
26. Rev. Fr. Kallingalkudiyil Jimmy
27. Rev. Fr. Thattil Raphy
28. Rev. Fr. Thachoth Ajith
29. Rev. Fr. Thayyalakkal Flergin
30. Rev. Fr. Alappatt Biju Joseph
31. Rev. Fr. Mundopuram Daison
32. Rev. Fr. Kunnappilly Tens
33. Rev. Fr. Chemmannoor John Paul
34. Rev. Fr. Porathur Sinto
35. Rev. Fr. Kappilamnirappel Jijo
36. Rev. Fr. Alappadan Fijo
37. Rev. Fr. Edakulathur Jimmy
38. Rev. Fr. Maroky Sajan
39. Rev. Fr. Malokkaran Jikson
40. Rev. Fr. Kizhakkekannanchira Frinto
41. Rev. Fr.Chittilappilly Anvin
42. Rev. Fr.Arakkal Steephen
43. Rev. Fr. Akkarapattiakkal Nirmal
44. Rev. Fr.Manjaly Binoy
45. Rev. Fr.Neelankavil Hadly
46. Rev. Fr.Chittilappilly Antony Jr.
47. Rev. Fr. Pulikkottil Davis Jr.

# ENGAGEMENTS

## 2023 JUNE Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Blessing of new MSJ convent Kurumal |
| 03 | Sat | Morning | Pastoral Council |
| | | Afternoon | Program at JMMC |
| 06-08 | | | KCBC at POC |
| 09 | Fri | Morning | Holy Mass @ Animation Centre |
| 10 | Sat | Morning | Excel Academy: |
| | | | Reception to full A+ Students |
| | | Afternoon | Ekopanasamithy meeting |
| | | | Valedictory meeting- Palayur Pilgrimage |
| 12-16 | | | Syro Malabar Bishops' Synod |
| 22 | Thu | Morning | Baptism of 5th Child @ Kandassamkadavu |
| 23 | Fri | Evening | JMMC Trust Meeting |
| 25 | Sun | Evening | Blessing of new Presbytery at Thoykkavu |
| 29 | Thu | | Priests' Conference |

*** Monday to Wednesday - Ernakulam**

# ENGAGEMENTS

## 2023 JUNE Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 04 | Sun | Morning | Holy Mass @ Marathakkara Pallikunnu Parish |
| | | Evening | Kuzhikkattussery |
| 05 | Mon | Evening | Holy Mass @ Chelakkara, Fr. Antony Thachuparambil |
| 06-07 | | | KCBC |
| 09 | Fri | Morning | Ootu Thirunal Kodiettam @ Paravattany |
| | | Evening | Visitors Time |
| 10 | Sat | Morning | Holy Mass @ Kurumal |
| | | | Holy Mass @ Perinchery |
| | | Afternoon | Ekopana Samithi Meeting |
| | | Evening | Palayur Thirthadanam 2023 Concluding Meeting |
| 11 | Sun | | Pastoral Visit @ Kunduk ad |
| 12-16 | | | Syro Malabar Bishops' Synod |
| 25 | Sun | All Day | Pastoral Visit @ Sevanalayam |
| 27 | Tue | Morning | For Priest and Religious |
| | | Afternoon | Visitors Time |
| 28 | | Morning | Holy Mass @ Marymatha Major Seminary |
| 29 | Thu | All Day | Priests' Conference |

# നാളാഗമം

ഏപ്രിൽ 2023

1. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിക്കുകയും ഇടവ കകളിൽ പരിശീലനത്തിനായി പോകുന്ന ഡീക്കൻമാരെ യാത്രയാക്കുകയും ചെയ്തു. മാർ ടോണി നീല ങ്കാവിൽ പിതാവ് ഗുരുകുലം സെമി നാരി സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം കോനിക്കര ഇടവക യിൽ ദിവ്യബലിയർപ്പിച്ചു.
2. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ഓശാ ന ഞായറാഴ്ചയിലെ തിരുകർമ്മ ങ്ങൾക്ക് നേതൃത്വം നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് ബസി ലിക്കയിൽ ഓശാന ഞായർ തിരുക്ക ർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം നൽകി. ഉച്ചക്കഴിഞ്ഞ് ബസിലിക്ക യിൽ ലോക സി. എൽ. സി. ആഘോ ഷത്തിൽ പങ്കെടുത്തു.
3. അതിരൂപതയിൽ വൈദികസമർപ്പിത വിശുദ്ധീകരണദിനം ലൂർദ്ദ് കത്തീ ഡ്രൽ ദൈവാലയത്തിൽ വച്ച് അഭി വന്ദ്യ പിതാക്കന്മാരുടെ നേതൃത്വ ത്തിൽ ആചരിച്ചു.
4. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് എറണാകുളം അതിരൂപത കപ്പേള യിൽവച്ച് വിശുദ്ധ സൈത്ത് കൂദാശ ചെയ്തു.
6. തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസി ലിക്കയിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പെസഹാവ്യാഴാഴ്ചയിലെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് പെരിങ്ങണ്ടൂർ ഗ്രേസ് ഹോമിലും ഉച്ചതിരിഞ്ഞ് വിയ്യൂർ സെന്റർ ജയിലിലും കാലുക

ഴുകൽ ശുശ്രൂഷയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് നേതൃത്വം നൽകി. അതിനുശേഷം വിയ്യൂർ, ചെമ്പൂക്കാവ് ഇടവകപ്പള്ളികളിൽ സന്ദർശനം നടത്തി, ആരാധനയിൽ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് കത്തീഡ്രലിൽ പെസഹാ വ്യാഴം തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

7. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ദുഃഖവെള്ളിയാഴ്ചയിലെ തിരുകർമ്മങ്ങൾ നടന്നു. ഉച്ചതിരിഞ്ഞ് വ്യാകുലമാതാവിന്റെ ബസിലിക്കയിൽനിന്നും ആരംഭിച്ച പരിഹാരപ്രദക്ഷിണത്തിലും അഭിവന്ദ്യ പിതാവ് സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് ബസിലിക്കയിൽ ദുഖവെള്ളി തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
8. ദുഃഖശനിയാഴ്ചയിലെ തിരുകർമ്മങ്ങൾക്ക് നടത്തറ തിരുഹൃദയ ദൈവാലയത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കാർമ്മികനായി. മാർ ടോണി നീലങ്കാവിൽ പിതാവ് ചൊവ്വന്നൂർ ഇടവകയിൽ ദിവ്യബ ലിയർപ്പിച്ചു.
9. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ ഈസ്റ്റർ തിരു കർമ്മങ്ങൾക്ക് നേതൃത്വം നൽകി. മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിൽ ഉയിർപ്പ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മി കത്വം വഹിച്ചു.
10. മാർ ടോണി നീലങ്കാവിൽ പിതാവ് ഇരിങ്ങാലകുട അമ്പഴക്കാട് ഇടവ കയിൽ രൂപത ഗ്രേസ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വെള്ളക്കാരിത്തടത്തിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
11. മാർ ടോണി നീലങ്കാവിൽ പിതാവ് മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം പെരുവല്ലൂരിൽ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
12. മാർ ടോണി നീലങ്കാവിൽ പിതാവ് കോടന്നൂരിൽ നാലാമത്തെ കുട്ടി യുടെ മാമ്മോദീസ നടത്തി. കാൽവരി ആശ്രമത്തിൽ കെ. എഫ്. എഫ്. യു. ഉദ്ഘാടനം ചെയ്തു.
13. രാവിലെ എറവ് സെന്റ് തെരേസാസ് ഇടവകയിലെ പാവർട്ടിക്കാരൻ ഷിജുവിന്റെ അഞ്ചാമത്തെ കുട്ടിയ്ക്ക് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് മാമ്മോദീസ നൽകി. തുടർന്ന് തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസി ലിക്കാ ഹാളിൽവച്ച് സംഘടിപ്പിക്കപ്പെട്ട ഇൻകംടാക്സ് സെമിനാർ അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് ഇരിങ്ങാലകുടയിൽ എൻ. ബി. സി. എൽ. സിയിൽ പങ്കെടുത്തു. വൈകുന്നേരം മറ്റം ഇടവകയിലെ

നവീകരിച്ച ദൈവാലയം വെഞ്ചിരിച്ച് ദിവ്യബലിയർപ്പിച്ചു. മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടന്ന കെ. സി. എസ്. എൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

14. മാവേലിക്കര മലങ്കരകത്തോലിക്കാ രൂപതയുടെ ഇടയനായ ജോഷ്വാ മാർ ഇഗ്നാസിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ച് ആശംസകളർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് ഡി. ബി. സി. എൽ. സിയിൽ വച്ച് നടന്ന ലോഫിന്റ വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു.

15. ഉച്ചതിരിഞ്ഞ് ബഹു. ഫാ. പോൾ ആലപ്പാട്ട് സി. എം. ഐ. യുടെ മൃതദേഹസംസ്ക്കാരത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽവച്ച് നടന്ന ക്രിസ്റ്റ്യൻ ചെയറിന്റെ എക്സിക്യൂട്ടിവ് യോഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് മുക്കാട്ടുകരയിൽ തിരുന്നാൾ കൂടുതുറക്കൽ നടത്തി ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം മാർ ജോസഫ് കുണ്ടുകുളം അനുസ്മരണത്തിൽ പങ്കെടുത്ത് സംസാരിച്ചു.

16. ഡി. ബി. സി. എൽ. സി. യിൽ വച്ച് ലോഫ് സംഘടനയിലെ അംഗങ്ങൾക്കുവേണ്ടി അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അവരുടെ വ്രതനവീകരണം സ്വീകരിക്കുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് കുട്ടംകുളം ഇടവക സന്ദർശിച്ചു.

17. എക്സൽ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തിയ ക്യാമ്പിലെ കുട്ടികൾക്കുവേണ്ടി അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചഭക്ഷണത്തിന് അതിരൂപതാ കേന്ദ്രത്തിലെത്തിയ കേന്ദ്രസഹമന്ത്രി ശ്രീ. ജോൺ ബാർളയെ അഭിവന്ദ്യ പിതാക്കന്മാർ സ്വീകരിച്ചു. ഉച്ചതിരിഞ്ഞ് പല്ലിശേരിയിൽ ശാന്തിഭവൻ പാലിയേറ്റീവ് കെയർ പുതുതായി തുടങ്ങുന്ന കെട്ടിടത്തിന്റെ അടിസ്ഥാനശില അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ആശീർവ്വദിച്ച് പ്രാർത്ഥിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് കുണ്ടന്നൂരിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ഉച്ചക്കഴിഞ്ഞ് പല്ലിശ്ശേരിയിൽ എഫ്.എസ്.സി. കോൺഗ്രിഗേഷന്റെ സന്യാസവസ്ത്ര സ്വീകരണത്തിന്റെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18. മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ലൂർദ്ദ് ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

19. മാർ ടോണി നീലങ്കാവിൽ പിതാവ് കോലഴി ചാരിറ്റി കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. തലോർ ജറുസലേമിൽ വച്ച് നടന്ന ഫിയാത്ത് മിഷ്യന്റെ മിഷൻ കോൺഗ്രസിൽ പങ്കെടുത്തു. വൈകുന്നേരം പാവറട്ടിയിൽ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

20. ചെങ്ങാലൂർ ഇടവകയിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവ് നാലാമത്തെയും അഞ്ചാമത്തെയും കുട്ടികൾക്ക് മാമ്മോദീസ നൽകി. തുടർന്ന് ചേറ്റുപുഴ എസ്. എ. ബി. എസ്. ഭവനത്തിൽവച്ച് മൂന്ന് സന്യാസാർത്ഥിനികൾക്ക് സഭാവസ്ത്രം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽവച്ച് തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വൈദികവസ്ത്രം സ്വീകരിക്കുന്ന വൈദികവിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളുമായി അഭിവന്ദ്യ പിതാക്കന്മാർ സംവദിച്ചു. തുടർന്ന് തൃശ്ശൂർ പൂരം പ്രദർശനനഗരിയിൽ ജൂബിലി മിഷൻ ആശുപത്രി ഒരുക്കിയിരിക്കുന്ന പവലിയൻ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് ചിറ്റിശ്ശേരിയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

21–28. മാർ ടോണി നീലങ്കാവിൽ പിതാവ് നേപ്പാളിൽ സിനഡിൽ പങ്കെടുത്തു.

23. രാവിലെ പാത്രമംഗലം ഇടവകയിൽ പുതുതായി നിർമ്മിച്ച വി. ഗീവർഗ്ഗീസിന്റെ നാമധേയത്തിലുള്ള കപ്പേള അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവ്വദിച്ച് ജനങ്ങൾക്കായി തുറന്നുകൊടുത്തു. തുടർന്ന് തലോർ ജെറുസലെം ധ്യാനകേന്ദ്രത്തിൽ ഒരുക്കിയിരുന്ന ക്രൈസ്തവ മിഷൻ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന പ്രദർശനശാല അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സന്ദർശിക്കുകയും മിഷനറിമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് എളവള്ളി ഇടവകയിലെ ഷിജു ചിരിയങ്കണ്ടത്തിന്റെ ഏഴാമത്തെ കുട്ടിയ്ക്ക് (ക്രിസ്റ്റീന ഷിജു) മാമോദീസ നൽകി. അതിനുശേഷം ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തപ്പെട്ട കൊച്ചച്ചന്മാരുടെ യോഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ച് സംസാരിച്ചു.


26. അഭിവന്ദ്യ മാർ കുണ്ടുകുളം പിതാവിന്റെ 25–ാം ചരമവാർഷികദിനത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും കുണ്ടുകുളം പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ താഴത്ത് പിതാവ് ചേറൂർ ഇടവകയിൽ ബഹു. ക്രിസ്റ്റോൺ പെരുമാട്ടിലച്ചന്റെ അപ്പച്ചന്റെ മൃതദേഹസംസ്ക്കാരത്തിൽ സംബന്ധിച്ചു. അതിനുശേഷം ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തപ്പെട്ട ദിശ –

കരിയർ ഗൈഡൻസ് സെമിനാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് നവീകരിച്ച അതിരൂപതാ കോടതിയുടെ ഓഫീസ് അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം സെലക്ഷൻ ക്യാമ്പിലെത്തിയ കുട്ടികളെ അഭിവന്ദ്യ പിതാവ് സന്ദർശിച്ച് അഭിമുഖം നടത്തി. വൈകീട്ട് പെരിങ്ങണ്ടൂരിലുള്ള മാർ കുണ്ടുകുളം കോപ്ളെക്സ്സിൽ സംഘടിപ്പിച്ച ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്ത് സന്ദേശം നൽകി.

27. എറണാകുളം–അങ്കമാലി അതിരൂപതയിലെ ബഹു. കൊടിയനച്ചന്റെ സംസ്ക്കാരശുശ്രൂഷയിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിച്ചു.
28. ചേർത്തലയിലുള്ള ഗ്രീൻഗാർഡൻ സിസ്റ്റേഴ്സിന്റെ പുതിയ ജനറൽ ടീമിനെ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അനുമോദനങ്ങൾ അറിയിക്കുകയും ചെയ്തു. എന്റർപ്രണേഴ്സ് ഫോറം തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽവച്ച് സംഘടിപ്പിച്ചപ്പോൾ അഭിവന്ദ്യ താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിച്ചു.
29. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിലെ ആദ്യകുർബാനസ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. അതിനുശേഷം തൃശ്ശൂർ പൂരത്തിനോടനുബന്ധിച്ച് തിരുവമ്പാടി പാറമേക്കാവ് ദേവസ്വങ്ങളിൽ അഭിവന്ദ്യ പിതാക്കൻമാർ സന്ദർശിച്ച് ആശംസകളർപ്പിച്ചു. വൈകീട്ട് പൂത്തോൾ കുരിശുപ്പള്ളിയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ആശീർവ്വദിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ ബസിലിക്ക ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരണ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം പാവറട്ടിയിൽ തിരുന്നാൾ കൂടുതുറക്കൽ നടത്തി ദിവ്യബലിയർപ്പിച്ചു.
30. ചാഴൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയം അഭിവന്ദ്യ താഴത്ത് പിതാവ് കൂദാശചെയ്ത് ജനങ്ങൾക്കായി തുറന്നുകൊടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് ചെമ്പൂക്കാവിൽ ആദ്യകുർബ്ബാന സ്വീകരണ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ രണ്ടാം ശനിയാചരണം**




മെയ് മാസത്തിലെ രണ്ടാം ശനിയാചരണം 13–05–2023 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് ആചരിച്ചു. തൃശൂർ അതിരൂപതാംഗവും പുതുശ്ശേരി ഇടവക വികാരിയുമായ ബഹു ഫാ റോജോ എലവുത്തിങ്കലാണ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. പുതുശ്ശേരി മരിയ റജീന കോൺവെന്റിലെ ചാരിറ്റി സന്യാസിനിമാരാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകിയത്. പുതുശ്ശേരി ഇടവക ജനങ്ങളുടേയും, കൂനത്തറ ശരണാലയ കോൺവെന്റിലെ ചാരിറ്റി സഹോദരിമാരുടേയും അവരോടൊപ്പം വസിക്കുന്ന ഭിന്നശേഷിക്കാരായ വനിതകളുടേയും ഇതര ഇടവകകളിൽനി

ന്നുള്ള ദൈവജനത്തിന്റേയും സാന്നിധ്യം തിരുകർമ്മങ്ങൾക്ക് വളരെ ഉണർവ് നൽകി. ബഹു. റോജോ അച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ: ഓരോ കാലഘട്ടത്തിന്റേയും രൂപത്തിനും ഭാവത്തിനുമനുസരിച്ച്, ദൈവത്തിന്റെ മനസറിഞ്ഞ് ആ സ്വരം ശ്രവിച്ച്, ദേശത്തെ നയിക്കാൻ, ദൈവം ചില വ്യക്തികളെ പ്രത്യേകമായി തെരെഞ്ഞെടുക്കുന്നുണ്ട്. അങ്ങനെ നമ്മുടെ ഈ നാടിനായ് ദൈവം നൽകിയത് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെയാണ്. പ്രാർത്ഥനയിലൂടേയും ധ്യാനമനനങ്ങളിലൂടേയും ദൈവശബ്ദം തിരിച്ചറിഞ്ഞ്, അത് തന്നിൽതന്നെ നിലനിറുത്താതെ നാനാജാതി മതസ്ഥരിലേക്ക്, അശരണരിലേക്ക്, രോഗികളിലേക്ക്, അനാഥരിലേക്ക്, പാപികളിലേക്ക് എല്ലാം എത്തിച്ചുകൊണ്ടിരുന്ന ഒരു ദൈവീകോപകരണമായിരുന്നു ഊക്കനച്ചൻ. ഇങ്ങനെ പ്രവർത്തിക്കാൻ, ജീവിക്കാൻ ഊക്കനച്ചന് പ്രചോദനം നൽകിയത് പ. അമ്മയായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കന്യകാമറിയത്തോടുള്ള ഭക്തിയിൽ ഒരു വ്യക്തിക്കു എത്രമാത്രം വളരുവാൻ സാധിക്കുമോ അത്രമാത്രം അമ്മയെ ബഹുമാനിച്ചിരുന്നു ഈ പുണ്യപിതാവ്. അതിനുവേണ്ടി തന്റെ തിരക്കേറിയ ജീവിതത്തിൽ ദീർഘസമയം അമ്മയ്ക്കുവേണ്ടി മാറ്റിവയ്ക്കുകയും സ്വകാര്യസംഭാഷണം നടത്തുകയും, അമ്മയുടെ പുണ്യങ്ങൾ സ്വജീവിതത്തിൽ സ്വാംശീകരിക്കുകയും ചെയ്തു. അമ്മവഴി ഈശോയിലേക്ക് എന്ന തത്വമനുസരിച്ച് ഊക്കനച്ചൻ നമ്മെ പഠിപ്പിക്കുന്നു; പരിശുദ്ധ അമ്മയുമായി നാം എത്രചേർന്ന് നിൽക്കുന്നുവോ അത്രമാത്രം ദൈവവുമായി നാം ചേർന്ന് നിൽക്കുമെന്ന്. അതിനുവേണ്ടി ദൈവവചനത്തിൽ അടിസ്ഥാനമിട്ട് മാതൃഭക്തിയിൽ വളർന്ന് കർത്താവിന്റെ മനസ്സ് അറിയുന്ന യാത്രയ്ക്കായി ഈ മരിയ മാസത്തിൽ നമുക്കു തുടക്കമിടാം. നിത്യതയിൽ എത്തുന്നതുവരെയുള്ള ഈ യാത്രയ്ക്ക് മരിയ ഭക്തനായിരുന്ന ധന്യനായ ഊക്കനച്ചന്റെ മധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം.
മെയ് മാസത്തിലെ രണ്ടാം ശനിയാചരണം ഏറ്റെടുത്ത് നടത്തിയത് മറ്റം ഇടവകയിൽനിന്നുള്ള തലക്കോട്ടൂർ ജിൽസി പീറ്ററും കുടുംബവുമായിരുന്നു. ആദ്യന്തവുമുള്ള ഈ ആചരണത്തിൽ പങ്കുചേർന്നവർക്കെല്ലാം വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സി. വർഷ സി എസ് സി നന്ദികളർപ്പിക്കുകയും ചെയ്തു.

# ദൈവദാസൻ
# ആന്റണി തച്ചുപറമ്പിലച്ചൻ

അന്തോണിയച്ചന്റെ നോമ്പുകാല ലേഖനത്തിന്റെ അവസാന ഭാഗമാണിത്.

ദിവ്യരക്ഷകനിൽ നിന്ന് നാം ഗ്രഹിക്കേണ്ട മറ്റൊരു വിഷയത്തിലേക്കും അച്ചൻ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത് എന്നാണല്ലോ അവിടുത്തെ ദിവ്യോപദേശം. മറ്റുള്ളവരുടെ കുറ്റങ്ങളെ വിധിക്കുന്നതിൽ മനുഷ്യന് ഇക്കാലങ്ങളിൽ അതിയായ വാസനയുള്ളപോലെ കാണപ്പെടുന്നത് അത്യന്തം വ്യസനകരമായ ഒരവസ്ഥയാണ്. യെഹോഷഫാത്തിൽ (ജോയേൽ 3:2, 3:12) ലോകാവസാനത്തിൽ മഹോന്നതനായ വിധികർത്താവ് മനുഷ്യവർഗ്ഗത്തെ വിധിക്കുവാനിരിക്കുന്നു. ആ ഭയാനകമായ ന്യായാസനത്തിൽ ഇരിക്കുവാൻ ഒരാഗ്രഹമുണ്ടോ എന്ന് തോന്നിക്കുംവിധം അടിസ്ഥാനരഹിതമായും അതിവേഗത്തിലും നാം മറ്റുള്ളവരുടെ വിധികളെ ഉച്ചരിക്കുന്നുവെന്ന് അച്ചൻ തുടർന്നെഴുതുന്നു. ഇതു പാപകരമാണ്. ഇതിനെപ്പറ്റി നാം വേണ്ടവിധം ആലോചിക്കുന്നില്ല. ഇതുപോലെ



ത്തന്നെ നമ്മുടെയിടയിൽ സാധാരണയായതും എന്നാൽ പരിത്യജിക്കേണ്ടതുമായ മറ്റൊരു കാര്യം പരദൂഷണമാണ്. അന്യൻമാരെ ദുഷിക്കുന്നതിൽ നാം നമ്മുടെ നാവിനെ ദുഷ്പ്രയോഗിക്കുകയാണ് ചെയ്യുന്നത്. നാവിനെ ഒന്നാമതായി ഹൃദയത്തോടും രണ്ടാമതായി നമ്മുടെ ശിരസ്സിനോടും ഉള്ള ബന്ധം സ്നേഹപരങ്ങളായ വിചാരങ്ങളോടും തക്ക ആലോചനയോടുംകൂടി നാവുകൊണ്ടു സംസാരിക്കണമെന്നുമുള്ള സ്രഷ്ടാവിന്റെ ഉദ്ദേശത്തെ സ്പഷ്ടമാക്കുന്നതായി വേദശാസ്ത്രികൾ വ്യാഖ്യാനിക്കുന്നു. മുതൽ അപഹരണത്തേക്കാൾ കഠോരമായ പാപമാണ് പരദൂഷണം എന്ന് അച്ചൻ പ്രസ്താവിക്കുന്നു. എല്ലാവർക്കും കൂടുതൽ മതിപ്പുള്ളതും സ്ഥാനഭേദമന്യേ ഏവർക്കും സമ്പാദിക്കാവുന്നതുമായ മുതൽ അവരവരുടെ മാനമര്യാദകളാണ്. ഇവയെ നിഷ്കരുണം ഹനിക്കുന്ന ഒരു കോടാലിയാണ് പരദൂഷണം.

എ.ഡി. 390ൽ ഒരു കൂട്ടക്കുരുതി നടത്തിയ റോമൻ ചക്രവർത്തി തെയഡോഷ്യസ് വഞ്ചനാപൂർവ്വം ദേവാലയത്തിൽ പ്രവേശിക്കുവാൻ ഒരുമ്പെട്ടപ്പോൾ അദ്ദേഹത്തെ മിലാനിലെ വിശുദ്ധ അബ്രോസ് തടഞ്ഞത് അച്ചൻ അനുസ്മരിക്കുന്നു. അതുപോലെ മറ്റുള്ളവരുടെ മാനത്തെ നശിപ്പിക്കുന്ന നാവുകളാണ് നമുക്കെങ്കിൽ ദൈവസന്നിധിയിൽ പ്രവേശിക്കാതെ ദൈവദൂതന്മാരാൽ നാം തടയപ്പെടാൻ ഇടയാകാമെന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു.

ഈ ദീർഘമായ ലേഖനം അച്ചൻ ഇങ്ങനെ ഉപസംഹരിക്കുന്നു. ആകയാൽ വാത്സല്യമക്കളേ, തപസ്സിന്റെയും ഉപവാസത്തിന്റെയും പാപപരിഹാരത്തിന്റെയും പ്രാർത്ഥനയുടെയും ദിവസങ്ങളായ ഈ നോമ്പുകാലത്തിൽ നമ്മുടെ ദിവ്യരക്ഷകന്റെ ജീവിതത്തിലെ കഷ്ടാനുഭവം, കുരിശുമരണം എന്നിവയിൽ നിന്ന് നാം ഗ്രഹിക്കേണ്ടതായ വിലയേറിയ പാഠങ്ങളെ ഹൃദയപൂർവ്വം ഗ്രഹിച്ച് നാം പാപമാർഗ്ഗങ്ങളെ ഉപേക്ഷിച്ച് സഹോദര സ്നേഹത്തിലും നീതിയിലും നമ്മുടെ ജീവിതം നവീകരിക്കുന്നതിനുള്ള അനുഗ്രഹം ദിവ്യരക്ഷകൻ നമുക്കു നല്കുമാറാകട്ടെ.

കാലാതിവർത്തിയായ അച്ചന്റെ സന്ദേശം നമ്മുടെ ജീവിതത്തിൽ നമുക്കു പ്രാവർത്തികമാക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

ഫാ. ബിജു ജോസഫ് ആലപ്പാട്ട് 01
ഫാ. വർഗ്ഗീസ് തരകൻ 01
ഫാ. ജിമ്മി എടക്കുളത്തൂർ 03
ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ 03
ഫാ. ജിജോ കപ്പിലാംനിരപ്പേൽ 06
ഫാ. അജിത്ത് ചിറ്റിലപ്പിള്ളി 07
ഫാ. തോമസ് എടക്കളത്തൂർ 07
ഫാ. ജിബിൻ താഴേക്കാടൻ 07
ഫാ. സ്റ്റാർസൻ കള്ളിക്കാടൻ 08
ഫാ. അജീഷ് പെരിഞ്ചേരി 08
ഫാ. ജിക്സൺ മാളോക്കാരൻ 09
ഫാ. പ്രിൻസ് നായങ്കര 09
ഫാ. ആന്റോ പാണേങ്ങാടൻ 10
ഫാ. തോമസ് പൂപ്പാടി 12
ഫാ. ഷിജോ പള്ളിക്കുന്നത്ത് 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി Sr. 14
ഫാ. ജോബി പുത്തൂർ 16
ഫാ. ടോണി കാക്കശ്ശേരി 17
ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് 17
ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ 18
ഫാ. ഫെബിൻ കൂത്തൂർ 18
ഫാ. സാവിയോ (ടിന്റോ) തലോണിക്കര 18
ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ 19
ഫാ. പോൾ ചാലിശ്ശേരി 20
ഫാ. നോബി അമ്പൂക്കൻ 22
ഫാ. പോൾ മാളിയമ്മാവ് 23
ഫാ. ഡേവിസ് തെക്കേക്കര 24
ഫാ. ദാവീദ് വിതയത്തിൽ 24
ഫാ. യേശുദാസ് നെടുമ്പക്കാരൻ 25
ഫാ. ജേക്കബ് എടക്കളത്തൂർ 29

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജസ്റ്റിൻ തടത്തിൽ | 01 |
| ഫാ. ഫിജോ ആലപ്പാടൻ | 13 |
| ഫാ. ആന്റണി ആലുക്ക | 13 |
| ഫാ. ആന്റണി അമ്മുത്തൻ | 13 |
| ഫാ. ബാബു അപ്പാടൻ | 13 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 13 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 13 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 13 |
| ഫാ. ലിബിൻ ചെമ്മണ്ണൂർ | 13 |
| ഫാ. ആന്റോ ചിറയത്ത് | 13 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. അജിത്ത് ചിറ്റിലപ്പിള്ളി | 13 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 13 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr. | 13 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി Sr. | 13 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Jr. | 13 |
| ഫാ. ആന്റോ എടക്കുളത്തൂർ | 13 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 13 |
| ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ | 13 |
| ഫാ. സിജോ കാട്ടൂക്കാരൻ | 13 |
| ഫാ. സോണി കിഴക്കൂടൻ | 13 |
| ഫാ. രാജു കൊക്കൻ | 13 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 13 |
| ഫാ. ജോയ് കൊള്ളന്നൂർ | 13 |
| ഫാ ആന്റണി കൊള്ളന്നൂർ | 13 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 13 |
| ഫാ. ഫെക്സിൻ കൂത്തൂർ | 13 |
| ഫാ. ഫെബിൻ കൂത്തൂർ | 13 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 13 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 13 |
| ഫാ. ജിക്സൺ മാളോക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോമോൻ മങ്ങാട്ടിലയൻ | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. സാജൻ മാറോക്കി | 13 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 13 |
| ഫാ. ആന്റണി മേച്ചേരി | 13 |
| ഫാ. ആന്റണി മേനാച്ചേരി | 13 |
| ഫാ. മേജോ മുത്തുപ്പീടിക | 13 |
| ഫാ. യേശുദാസ് നെടുമ്പക്കാരൻ | 13 |
| ഫാ. ആൻസൺ നീലങ്കാവിൽ | 13 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 13 |
| ഫാ. ആന്റോ പാണേങ്ങാടൻ | 13 |
| ഫാ. ബിനു പറോക്കാരൻ | 13 |
| ഫാ. ജിന്റോ പെരേപ്പാടൻ | 13 |
| ഫാ. സിജു പുളിക്കൻ | 13 |
| ഫാ. ആന്റോ രായപ്പൻ | 13 |

ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. റോജർ തരകൻ 13
ഫാ. ആന്റണി തേക്കാനത്ത് 13
ഫാ. ഷാജു ഊക്കൻ 13
ഫാ. സാജൻ വടക്കൻ 13
ഫാ. ടോണി വാഴപ്പിള്ളി 13
ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി 24
ഫാ. നവീൻ മുരിങ്ങാത്തേരി 24
ഫാ. ഹാഡ്‌ലി നീലങ്കാവിൽ 24
ഫാ. ജോൺസൻ ഒലക്കേങ്കിൽ 24
ഫാ. ഷിന്റോ പാറയിൽ 24
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. ജാക്സൺ പേരാമംഗലം 24
ഫാ. സാജൻ പിണ്ടിയാൻ 24
ഫാ. ജോൺ പുത്തൂർ 24
ഫാ. ഡെമിൻ തറയിൽ 24
ഫാ. പോൾ അറക്കൽ 29
ഫാ. പോൾ ചാലിശ്ശേരി 29
ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ 29
ഫാ. ജീൻ ചിറയത്ത് 29
ഫാ. അൻവിൻ ചിറ്റിലപ്പിള്ളി 29
ഫാ. പോൾ ചിറ്റിലപ്പിള്ളി 29
ഫാ. ജോമോൻ ഇമ്മട്ടി 29
ഫാ. പോൾ കള്ളിക്കാടൻ 29
ഫാ. പോൾ കാപ്പാനി 29
ഫാ. പോൾ കാട്ടൂക്കാരൻ 29
ഫാ. ജോയ്സൻ കോരെത് 29
ഫാ. ടെഡ്സ് കുന്നപ്പിള്ളി 29
ഫാ. പോൾ മാളിയമ്മാവ് 29
ഫാ. ബിനോയ് മഞ്ഞളി 29
ഫാ. ഷിന്റോ മാറോക്കി 29
ഫാ. പോൾ മുട്ടത്ത് 29
ഫാ. പോളി നീലങ്കാവിൽ 29
ഫാ. പോൾസൺ പാലത്തിങ്കൽ 29
ഫാ. പോൾ പയ്യപ്പിള്ളി 29
ഫാ. പോൾ പേരാമംഗലത്ത് 29
ഫാ. വിൽസൺ പിടിയത്ത് 29
ഫാ. പോൾ പിണ്ടിയാൻ 29
ഫാ. പോൾ പുളിക്കൻ 29
ഫാ. സിജോ പുത്തൂർ 29
ഫാ. സഞ്ജയ് തൈക്കാട്ടിൽ 29
ഫാ. ഷാന്റോ തലക്കോട്ടൂർ 29
ഫാ. ലിറിൽ തളിയപറമ്പിൽ 29
ഫാ. ജോമോൻ താണിക്കൽ 29
ഫാ. പോൾ താണിക്കൽ 29
ഫാ. ജെൻസ് തട്ടിൽ 29
ഫാ. പോൾസൺ തട്ടിൽ 29
ഫാ. പോൾ തേക്കാനത്ത് 29
ഫാ. സൈമൺ തേർമഠം 29
ഫാ. സിബിൻ ഊക്കൻ 29
ഫാ. ഫ്രേജോ വാഴപ്പിള്ളി 29

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. യോഹന്നാൻ വാഴപ്പിള്ളി | 06.06.1895 |
| ഫാ. വർഗ്ഗീസ് പാറേക്കാട്ടിൽ | 08.06.1914 |
| ഫാ. അലക്സാണ്ടർ കൈയ്യാലകം | 07.06.1934 |
| ഫാ. ജോർജ്ജ് ഊക്കൻ | 28.06.1945 |
| ഫാ. ജോസഫ് പുല്ലോക്കാരൻ | 24.06.1952 |
| ഫാ. ഫ്രാൻസിസ് എളങ്കുന്നപ്പുഴ | 26.06.1953 |
| ഫാ. തോമസ് പാനികുളം | 26.06.1953 |
| ഫാ. ആന്റണി തച്ചുപറമ്പിൽ | 09.06.1963 |
| ഫാ. ജോസഫ് വിതയത്തിൽ | 08.06.1964 |
| ഫാ. ജോസഫ് കല്ലിങ്കൽ | 18.06.1971 |
| ഫാ. തോമസ് മാളിയേക്കൽ | 28.06.1978 |
| ഫാ. പോൾ ചാലിശ്ശേരി | 26.06.1982 |
| ഫാ. ജോൺ കുറ്റിക്കാട്ട് | 25.06.1983 |
| ഫാ. പീറ്റർ ആളൂർ | 07.06.1990 |
| ഫാ. പോൾ ചാഴൂർ | 18.06.1993 |
| ഫാ. പോൾ മഞ്ഞളി | 20.06.1995 |
| മോൺ. എഫ്രേം പാലത്തിങ്കൽ | 14.06.1998 |
| ഫാ. അൽഫോൻസ് പുലിക്കോട്ടിൽ | 27.06.2011 |
| ഫാ. സിറിയക് മണ്ടുംപാല | 27.06.2014 |
| ഫാ. പോൾ വട്ടക്കുഴി | 30.06.2016 |
| ഫാ. പോൾ പുലിക്കോട്ടിൽ | 01.06.2021 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 09.06.2021 |

## ആദരാഞ്ജലികൾ



# റവ. ഫാ. ചാക്കോ പാറയിൽ (84)

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും നിരാലംബർക്കും അത്താണിയായ അജപാലകൻ, കർമ്മനിരതനും ശാന്തശീലനുമായ വികാരി, ആത്മീയഗുരു എന്നിങ്ങനെ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ചാക്കോ പാറയിൽ 2023 മെയ് മാസം 09–ാം തീയതി പുലർച്ചെ 4 മണിക്ക് അന്തരിച്ചു. മൃതസംസ്കാരം മെയ് മാസം 11 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഇരിങ്ങാലക്കുട രൂപതയിലെ വെളയനാട് ദൈവാലയത്തിൽ നടത്തപ്പെട്ടു.

ഇരിങ്ങാലക്കുട രൂപത വെളയനാട് ഇടവകയിലെ പരേതരായ കുഞ്ഞുവറീത് + റോസ ദമ്പതികളുടെ മകനായി 1938 ഒക്ടോബർ 11 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1964 ഡിസംബർ 1ന് പോൾ ആറാമൻ മാർപ്പാപ്പയിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനായി ശുശ്രൂഷ ആരംഭിച്ച അദ്ദേഹം കോട്ടപ്പടി, പരിയാരം എന്നീ ഇടവകകളിൽ സഹവികാരിയായും അരിമ്പൂർ ഇടവകയിൽ നടത്തുവികാരിയായും വെള്ളാ

റ്റഞ്ഞൂർ, മുള്ളൂർക്കര, മച്ചാട്, ഏനാമ്മാവ്, മുണ്ടൂർ, പരക്കാട്, ചൂണ്ടൽ, എടക്കളത്തൂർ, അന്തിക്കാട് എന്നിവിടങ്ങളിൽ വികാരിയായും ചേലക്കരയിൽ ഫൊറോന വികാരിയായും സേവനം ചെയ്തിട്ടുണ്ട്. മനക്കൊടി സാവിയോ ഹോമിൽ അസി. ഡയറക്ടറായും ഡയറക്ടറായും ദീർഘകാലം നിസ്തുലമായി സേവനം ചെയ്ത അദ്ദേഹം ചേലക്കര ബാലഭവൻ ഡയറക്ടർ, ഫാ. ആന്റണി തച്ചുപറമ്പിൽ ട്രസ്റ്റ് ഡയറക്ടർ, സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, സി. ആർ. എസ്. എന്നിവിടങ്ങളിൽ അസി. ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ച് കർമ്മമേഖലയിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ഏനമ്മാവ്, ചേലക്കര സ്കൂളുകളിലെ മാനേജരായും വിവിധ സന്യാസിനീസമൂഹങ്ങളുടെ കപ്ലോനായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ബഹു. അച്ചൻ 2015 ഫെബ്രുവരി 4 മുതൽ ചേറൂർ വിയാനി ഭവനിലും തുടർന്ന് തൃശ്ശൂർ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലും വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം 2023 മെയ് 11 വ്യാഴാഴ്ച രാവിലെ 6.30ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ അർപ്പിച്ച വി. ബലിക്കുശേഷം തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ 8.00 മണി വരെ പൊതുദർശനത്തിനു വച്ചു. ശേഷം മൃതദേഹം മനക്കൊടി സാവിയോ ഹോമിലേക്ക് കൊണ്ടുപോയി. അവിടുത്തെ പ്രാർത്ഥനകൾക്കും പൊതുദർശനത്തിനുംശേഷം വെളയാനാടുള്ള സഹോദരന്റെ മകൻ പാറയിൽ ഇട്ട്യേര ജോർജ്ജിന്റെ വസതിയിലേക്ക് മൃതദേഹം സംവഹിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. തുടർന്ന് മൃതദേഹം വെളയനാട് ഇടവകദൈവാലയത്തിലേക്ക് കൊണ്ടുപോയി. മൃതസംസ്കാരശുശ്രൂയുടെ തുടർന്നുള്ള ഭാഗങ്ങൾക്ക് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ്, ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ്, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എന്നിവർ കാർമ്മികത്വം വഹിച്ചു.

'ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുക' എന്ന ആപ്തവാക്യവുമായി കർത്താവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുകാരനായി, നിരാലംബരായവരുടെ ജീവിതത്തിനു ഊടും പാവും നൽകുന്നതിന് തന്റെ പൗരോഹിത്യജീവിതത്തിന്റെ കൂടുതൽ പങ്കും മാറ്റിവച്ച്, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പാറയിൽ ബഹു. ചാക്കോ അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാപൂർവ്വകമായ ആദരാഞ്ജലികൾ!!!



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ഏപ്രിൽ**

### സി.എസ്.എം ലൂർദ്നാഥ പ്രോവിൻസ്

ഫോർമേഷൻ കുട്ടികളുടെ രക്ഷിതാക്കളുടെ മീറ്റിംഗ് കൊളങ്ങാട്ടുകര മരിയഭവനിൽവെച്ച് നടന്നു. ബഹു. പ്രൊവിൻഷ്യലും 11 സിസ്റ്റേഴ്സും മദ്ധ്യപ്രദേശിൽവെച്ച് നടക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ജൂബിലി ആഘോഷങ്ങൾക്കുശേഷം ബഹു. പ്രൊവിൻ ഷ്യൽ നോർത്ത് ഇന്ത്യയിലെ കമ്മ്യൂണിറ്റികളിൽ കാനോനിക സന്ദർശനം നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെ നാമഹേതുക തിരുനാൾ ഏപ്രിൽ 28 ന് പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ലളിതമായി ആഘോഷിച്ചു.

### സി. എസ്. സി.

മരിയ ഭവൻ ജനറലേറ്റിൽ വച്ച് ആതുര സേവന രംഗത്ത് ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിനായി ഒരു ദിവസത്തെ പ്രോഗ്രാം നടത്തി. ജൂനിയർ സിസ്റ്റേഴ്സായ സി. ഡെൻസി ആളൂർ, സി. റിയ കുളങ്ങര, സി. ഷെറിൻ റോസ്, സി. അലീന മാങ്ങൻ എന്നിവർ രാമനാഥപുരം രൂപതാ മെത്രാൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മരിയ ഭവൻ ജനറലേറ്റ് കപ്പേളയിൽ വച്ച് നടന്ന ദിവ്യബലി മധ്യേ നിത്യവ്രതാർപ്പണം നടത്തി. ഏപ്രിൽ 23–ാം തിയതി മുതൽ 29 വരെ ജനറലേറ്റിന്റെ നേതൃത്വത്തിൽ ലോക്കൽ സുപ്പീരിയേഴ്സി നായുള്ള ധ്യാനവും, കോൺഫ്രൻസും മുല്ലക്കര ആത്മദർ

ശൻ കോൺവെന്റിൽ വച്ച് നടത്തി. വിവിധ മിനിസ്ട്രികളിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി മെയ് 5,6 തിയതികളിൽ ജനറലേറ്റിന്റെ നേതൃത്വത്തിൽ മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് ഫയർ കോൺഫ്രൻസ് നടത്തി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് യുവജന വർഷവുമായി ബന്ധപ്പെട്ട് സിസ്റ്റേഴ്സിന്റെ ബന്ധുക്കളായ കുട്ടികൾക്കുവേണ്ടി ഏപ്രിൽ 15–ാം തിയതി 'ചങ്ങാതി കൂട്ടം 2023' എന്ന പേരിൽ ഒരു സംഗമം നടത്തി. ഏപ്രിൽ 25 ന് നിത്യവ്രതം ചെയ്ത ബഹു. സിസ്റ്റേഴ്സിനായി മരിയ പ്രവിശ്യാഭവനത്തിൽ വച്ച് ഹൃദ്യമായ സ്വീകരണം നൽകി.

**എഫ്. സി. സി.**

സെന്റ് ക്ലെയേഴ്സ് സി ജി എച്ച് എസിൽ എസ് എസ് എൽ സി വിദ്യാർത്ഥികൾക്കായി You lamp പരിപാടി നടത്തി. തിരൂർ സിയോൻ റിന്യൂവൽ സെന്റ റിൽ വെച്ച് 8,9 ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി വചനാമൃതം ക്യാമ്പ് നടത്തി. അന്ന് തന്നെ തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഉച്ചയ്ക്ക് 2 മണിക്ക് ഡിറക്ടറി കമ്മിറ്റി മീറ്റിംഗ് നടത്തി. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ വച്ച് 2016 MBBS batch ൽ നിന്ന് Best Outgoing Religious Sister ആയി തെരഞ്ഞെടുക്കപ്പെട്ട് Archbishop Thomas Pothecamury Memmorial Prize ന് അർഹയായ സി. ആൻസീന അവാർഡ് ഏറ്റുവാങ്ങി. തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 1998 ബാച്ചിലുള്ള 16 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷം നടത്തി. കൊന്നക്കുഴി അന്റോണിയാനത്തിൽ വച്ച് ജനറൽ തലത്തിൽ നടന്ന സിൽവർ ജൂബിലി കോഴ്സിൽ 15 സിസ്റ്റേഴ്സ് സംബന്ധിച്ചു.
19 മുതൽ 26 വരെ ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ ജറുസലേമിൽ വച്ച് നടന്ന മിഷൻ എക്സിബിഷനിൽ തൃശ്ശൂർ, ഇരിഞ്ഞാലക്കുട, എറണാകുളം എന്നീ പ്രോവിൻസുകൾ ഒന്നിച്ച് ചേർന്ന് ഒരു കെനിയൻ മിഷൻ സ്റ്റാൾ ഒരുക്കുകയും നിരവധി സിസ്റ്റേഴ്സ് അവിടെ സന്ദർശിക്കുകയും ചെയ്തു. തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വച്ച് നടന്ന youth skill training programmeൽ 14 സിസ്റ്റേഴ്സ് പങ്കെടുത്തു. ഏപ്രിൽ മാസത്തിൽ പൊറുത്തൂർ ഹോളി ക്രോസ്, മനക്കൊടി വിമലമാതാ,പുത്തൻപീടിക പാദുവ, അരിമ്പൂർ സെന്റ് ജെമ്മാസ്, ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ്, ഏങ്ങണ്ടിയൂർ എം ഐ, ഏങ്ങണ്ടിയർ ഐ ജെ എന്നിവിടങ്ങളിൽ ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ കാനോനിക സന്ദർശനം നടത്തി. കണ്ണാറ ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ ആരംഭിച്ചു.

## സി. എച്ച്. എഫ്. നവജ്യോതി പ്രോവിൻസ്

കല്ലൂർ ഇടവകയിലെ കുട്ടികൾക്കു വേണ്ടി സിസ്റ്റേഴ്സ് നേതൃത്വം നൽകി കൊണ്ട് "പറുദീസ 2023" ക്യാമ്പ് നടത്തി. 250 കുട്ടികൾ പങ്കെടുത്തു. യുവജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഓഡിറ്റോറിയത്തിൽ രാവിലെ 9.30 മുതൽ 4.00 വരെ യൂത്ത് മീറ്റ് നടത്തി. വിവിധ ഇടവകകളിൽ നിന്നായി 96 യുവജനങ്ങൾ പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഏപ്രിൽ 14,15,16,17,18 തിയ്യതികളിലായി ഫാ.ബിജിൽ ചക്യാത്ത് MSFS ന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി. 85 സിസ്റ്റേഴ്സ് ധ്യാനത്തിൽ പങ്കെടുത്തു. ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ ജനറൽ നവീകരണ സിനാക്സിസിന്റെ രണ്ടാം സെഷൻ മണ്ണുത്തി ജനറലേറ്റിൽ നടന്നു. 26 ന് വി.മറിയം ത്രേസ്യയുടെ ജന്മദിനത്തിൽ ആഫ്രിക്ക സെന്റ്റൽ റീജിയനെ പ്രോവിൻസാക്കി. നവജ്യോതി പ്രോവിൻസിൽ അനുധ്യാനം കൂടുതൽ ഫലപ്രദമാക്കുക എന്ന ഉദ്ദേശത്തോടുകൂടെ സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ റിന്യൂവൽ ടീമിന്റെ നേതൃത്വത്തിൽ വിവിധ കോൺവെന്റുകളിൽ വച്ച് മൂന്നു ദിവസത്തെ ധ്യാനപരിശീലനം നൽകി. റവ.ഫാ.ദീപക് എസ്.ജെ, റവ.ഫാ.പ്രിൻസ് എസ്.ജെ എന്നിവരുടെ നേതൃത്വത്തിൽ നവജ്യോതി പ്രോവിൻഷ്യലേറ്റിൽ നാലാമത് വാർഷികധ്യാനം നടത്തി. 63 സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസിന്റെ അധ്യക്ഷതയിൽ മെഡിക്കൽ കൗസിലർ സി.ലീന തെരേസിന്റെ നേതൃത്വത്തിൽ മെഡിക്കൽ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിനായി മെഡിക്കൽ മീറ്റ് 2023 നടത്തപ്പെട്ടു. 10.30 റവ.ഫാ.സിജോ തയ്യാലക്കലിന്റെ നേതൃത്വത്തിൽ ക്ലാസും അഭിഷേക ആരാധനയും നടത്തി.

## ആദരാഞ്ജലികൾ



ചെമ്പൂക്കാവ് ഹോളി ഫാമിലി ഭവനാംഗമായ സി. സാർത്തോ (86) നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ ഉച്ചകഴിഞ്ഞ് 5.30 ന് ആമ്പക്കാട് സെന്റ് ജോസഫ് കോൺവെന്റ് കല്ലറയിൽ നടത്തി. സംസ്ക്കാരശുശ്രൂഷകൾക്ക് വികാർ ജനറാൾ മോൺ. ജോസ് കോനിക്കര മുഖ്യകാർമ്മികത്വം വഹിച്ചു.

## ആദരാഞ്ജലികൾ

25.04.2023 സി എസ് സി വരടിയം സാന്തോം മിഷൻ ഹൗസ് ഭവനാഗമായ ബഹു. സി. ലളിതാറോസ് ഏപ്രിൽ 25–ാം തീയതി വൈകീട്ട് 8.55 ന് നിര്യാതയായി. സാഗർ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജെയിംസ് അത്തിക്കളത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.

തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായ ബ. സി. ഫിഷർ ഏപ്രിൽ 15–ാം തീയതി ശനിയാഴ്ച രാവിലെ 6.15 ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. അന്നു തന്നെ വൈകിട്ട് 4.30ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.

ഗുരുവായൂർ ലിസ്യു ഭവനാംഗമായ ബ. സി. എത്തൽ ഏപ്രിൽ 17–ാം തീയതി തിങ്കളാഴ്ച രാത്രി 8.15ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 18–ാം തിയതി വൈകിട്ട് 4.30ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2023 ജൂലായ് 4 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫൊറോന അടിസ്ഥാനത്തിലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കുന്നത്. മെയ് മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 32) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്.

**2. കുർബ്ബാന കണക്ക്**

അതിരൂപത കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന തിരുക്കർമ്മധർമ്മ വിവരത്തിൽ നിശ്ചയിച്ചിട്ടുള്ള സംഖ്യകൾ മാത്രമേ ഏൽക്കുന്നവർ സ്വീകരിക്കാവൂ. തിരുക്കർമ്മധർമ്മം സ്വീകരിക്കുമ്പോൾ രസീതികൾ നൽകേണ്ടതാണ്. തിരുക്കർമ്മ ധർമ്മ വിവരത്തിൽ പറഞ്ഞിരിക്കുന്ന ഏതൊക്കെ ഇനത്തിന് എത്രയൊക്കെ ധർമ്മങ്ങൾ സ്വീകരിക്കുമെന്ന് രസീതിയിൽ വിശദമായും വ്യക്തമായും എഴുതണം. ഏൽപ്പിക്കുന്ന എല്ലാ തിരുക്കർമ്മധർമ്മങ്ങൾക്കും ഇപ്രകാരമുള്ള രസീതി ലഭിക്കാനുള്ള വിശ്വാസികളുടെ അവകാശം നിഷേധിക്കാൻ പാടില്ല. സ്വീകരിച്ച തിരുക്കർമ്മധർമ്മങ്ങളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. കുർബാന കണക്കുകൾ ഇടവകയുടെ Main Day Book ൽ

ചേർക്കേണ്ടതാണ്. കുടുതൽ സൗകര്യാർത്ഥം വേറെ Cash Book, Ledger, Bank A/C Book എന്നിവ സൂക്ഷിക്കാവുന്നതാണ് .

വൈദീകർ കുർബാന കണക്ക് കൃത്യമായി എഴുതി സൂക്ഷിക്കണം. നൂറിൽ കൂടുതൽ കുർബ്ബാനധർമ്മം കൈവശം സൂക്ഷിക്കാൻ പാടില്ല. അധികം വരുന്ന കുർബ്ബാനധർമ്മങ്ങളും മറ്റ് തിരുക്കർമ്മധർമ്മങ്ങളും എത്രയും വേഗം അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഈ പണം ഫിനാൻസ് ഓഫീസിൽ ചെക്കു മുഖേന മാത്രം ഏൽപ്പിക്കേണ്ടതാണ്. വൈദികർ അവ പരസ്പരം കൈമാറാൻ പാടില്ല. (Ref.no.അതിരൂപത നിയമാവലി Art .288,355)

**3. ഫൈനാൻസ് ഓഫീസ് – പണമിടപാട്**

പള്ളികളിൽ നിന്നുള്ള തെരട്ട് ഫീ, കുർബാന പണം, വൈദിക ക്ഷേമ നിധി, മറ്റ്  ഫീസുകൾ തുടങ്ങിയ വിഹിതങ്ങൾ ചെക്ക് മുഖേന ഫൈനാൻസ് ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു. പള്ളികൾ അവർക്കു കിട്ടുന്ന പണം ബാങ്കിൽ നിക്ഷേപ്പിച്ച് അതിനു വേണ്ടിയുള്ള ചെക്കുകൾ ചുരുങ്ങിയത് 5 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**4. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ**

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നുണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. 2023 ഒക്ടോബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയിക്കപ്പെട്ട അച്ചൻമ്മാരെ ബന്ധപ്പെട്ട ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**1. ഫാ. ജോർജ്ജ് ചെറുവത്തൂർ (9447468387)**
**ശ്രീ. ആന്റോ നെല്ലിശ്ശേരി (8547411138)**

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നഴ്സിംഗ്

5. കെ.സി.എസ്.എൽ
6. ലോഫ്, AFC

**2. ഫാ. ജോജു ആളൂർ (9446620881)**
**ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ,മാതൃവേദി, ജോൺപോൾ പ്രോലൈഫ്, ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ
2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട് ,ലിലിയൻ ഫോണ്ടസ്
3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ
(എസ്. എസ്. ജെ.ഡബ്ല്യൂ)
5. ഹോളി ചൈൽഡ് ഹുഡ്
6. ഫ്രാൻസിസ്കൻ അസോസിയേഷൻ
7. കുടുംബകൂട്ടായ്മ
8. ചൈതന്യക്ലീനിക് 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്., മൂളയം
10. ഡാമിയൻ എസ്റ്റേറ്റ് മൂളയം
11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം

**3. ഫാ. വർഗ്ഗീസ് തരകൻ (9447350189)**
**ശ്രീ. ആന്റണി തോമസ് എം. (9447739870)**

1. ബൈബിൾ അപ്പസ്തോലേറ്റ്
2. തൊഴിൽ അഭ്യസന പീഠം
3. കെ.എൽ.എം./സാക്രിസ്റ്റ്യൻസ്
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ
7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ് 8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**4. ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ (9447617926)**
**ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ
5. സെന്റ് തോമസ് ഹോസ്റ്റൽ

6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ
8. കേരള കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
10. ആബാ റിന്യൂവൽ സെന്റർ
11. ബെത്സയ്ദ റീട്രീറ്റ് സെന്റർ

**5. ഫാ. അജിത്ത് തച്ചോത്ത് (9633009921)**
**ശ്രീ. തോമസ് അഗസ്റ്റിൻ (9947470256)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം , തിരുവില്വാമല

**6.ഫാ.പോൾസൺ തട്ടിൽ (9446533069)**
**ശ്രീ. ഇ. കെ. ഫ്രാൻസിസ് (9745759676)**

1 പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ
2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3. പോപ്പ് പോൾ പീസ് ഹോം . പെരിങ്ങണ്ടൂർ
4. കലാസദൻ
5. കാത്തലിക് നഴ്സസ് ഗിൽഡ്
6. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ
7. കത്തോലിക്കാസഭാമാഗസിൻ
8. കത്തോലിക്കാസഭാ പിൽഗ്രിമെജ്
9. കാത്തലിക് ഇൻഫർമേഷൻ സെന്റർ
10. സാവിയോ ഹോം , മനക്കൊടി
11. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ
12 ടിംഹാൻസ്, പെരിങ്ങണ്ടൂർ

**7. ഫാ.ഫിനോഷ് കീറ്റിക്ക (9995879235)**
**ശ്രീ. സി.പി. ജോസ് (9249898575)**

1. വിശ്വാസ പരിശീലനം

2. വിശ്വാസ പരിശീലനം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
3. വിശ്വാസ പരിശീലനം – ബുക്ക് സ്റ്റാൾ
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി
5. ഡി.ബി.സി.എൽ.സി
6. ഡി.ബി.സി.എൽ.സി ലൈബ്രറി അക്കൗണ്ട്
7. എക്സൽ അക്കാദമി
8. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി
9. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
10.തിരുബാലസംഖ്യം
11. സി.എൽ.സി
12. അൾത്താര സംഘം
13. ജീസസ്സ് യൂത്ത്
14. ചർച്ച് ക്വയർ

**8. ഫാ. ജോജു ചിരിയങ്കണ്ടത്ത്, (9961888515)**
**ശ്രീ എം.ഡി. ആന്റോ (9895242706)**

1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
4. ടി.ടി.ഐ. കുരിയച്ചിറ
5. ഐ.സി.എസ്. ഇ. പബ്ലിക് സ്കൂൾ കുരിയച്ചിറ
6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ. ആർത്താറ്റ്

**9. ഫാ.ജിക്സൺ താഴത്ത് (9048374050)**
**ശ്രീ. ജോസ്. വി. വടക്കേത്തല (9495888206)**

1. കെ.സി.വൈ.എം.
2.കത്തോലിക്ക കോൺഗ്രസ്
3. യൂത്ത്മിനിസ്ട്രി
4. ലേ ലീഡർഷിപ്പ്
5. ലീജിയൻ ഓഫ് മേരി
6. സോഷ്യൽ ആക്ഷൻ
7. സോഷ്യൽ വെൽഫെയർ സെന്റർ
8. സോഷ്യൽ ഹൗസിംഗ് സെന്റർ
9. സേവ് എ. ഫാമിലി പ്ലാൻ
10. സ്ലം സർവ്വീസ്
11. സാന്ത്വനം

12. SWIFT

10. എവുപ്രാസ്യ ഷൈൻ

**10.ഫാ. ജോഷി ആളൂർ (9495337733)**

**ശ്രീ. ജോസ് വി. വടക്കേത്തല (9495888206)**

1. മേരിമാത മേജർ സെമിനാരി & ഒടങ്ങ

2. ഹോം ഓഫ് ലവ് , മുളയം

3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്

4. കരുണട്രസ്റ്റ് , കാത്തലിക് ബിഷപ്സ് ഹൗസ്

5. സെന്റ് മേരീസ് മൈനർ സെമിനാരി

6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി

7. പ്രീസ്റ്റ് വെൽഫയർ ഫണ്ട്

8. PAROC

| | |
|---|---|
| **ഫാ. വർഗീസ് കുത്തൂർ** | **ഫാ. ലിൻസൻ തട്ടിൽ** |
| ഫിനാൻസ് ഓഫീസർ | അസി. ഫിനാൻസ് ഓഫീസർ |

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

അവധിക്കാലം നന്നായി ആഘോഷിച്ചു പുതിയ അധ്യായന വർഷത്തിനായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടാകും എന്ന് വിശ്വസിക്കുന്നു. പുതിയ പഠനോപകരണങ്ങളും കൂട്ടുകാരുമായി പുതിയ വിഷയങ്ങൾ പഠിക്കാൻ ഒരുങ്ങിയിരിക്കുന്ന നിങ്ങൾക്ക് എൻറെ സ്നേഹാന്വേഷണങ്ങൾ.

ജൂൺ മാസത്തിലേക്ക് പ്രവേശിക്കുന്ന വേളയിൽ ഈശോയുടെ തിരുഹൃദയ ഭക്തിയെ കുറിച്ചായിരിക്കും നിങ്ങൾ കൂടുതലായി കേൾക്കാൻ പോകുന്നത്. മെയ് മാസത്തിൽ നാം മാതാവിന്റെ വണക്കമാസം ആചരിച്ച് പരിശുദ്ധ അമ്മയോടുള്ള നമ്മുടെ പ്രത്യേക ഭക്തിയിൽ വളർന്നതുപോലെ ജൂൺ മാസം മുഴുവൻ ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് ധ്യാനിക്കാനും അങ്ങനെ ഈശോയുടെ തിരുഹൃദയത്തിന്റെ വാഗ്ദാനങ്ങൾ പ്രാപിക്കാനും നമുക്ക് പരിശ്രമിക്കാം.

പാപം ചെയ്തു ദൈവത്തിൽ നിന്ന് അകന്ന നാം നമ്മുടെ ദൈവീകജീവൻ നഷ്ടമാക്കി. നമ്മെ പാപത്തിൽ നിന്നും മോചിപ്പിക്കാനും ദൈവവുമായി വീണ്ടും രഞ്ജിപ്പിച്ച് ദൈവമക്കളായി ഉയർത്താനും ഈശോ മനുഷ്യാവതാരം ചെയ്തു. പാപം ഇല്ലാതിരുന്നിട്ടും ഈ ഭൂമിയിൽ നമ്മെപ്പോലെ ഒരുവനായി ജീവിച്ച് നമുക്ക് വേണ്ടി സഹിക്കുകയും മരിക്കുകയും അവസാനം ഉത്ഥാനം ചെയ്യുകയും ചെയ്ത ഈശോയുടെ തിരുഹൃദയം ക്രിസ്തു രഹസ്യം മുഴുവൻ ഉൾക്കൊള്ളുന്ന സ്നേഹത്തിന്റെ പ്രതീകമാണ്. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി ഈശോയോടുള്ള ഭക്തി തന്നെയാണ്. തന്റെ പിതാവിനോടും അതുപോലെ സഹോദരങ്ങളായ നമ്മോടുമുള്ള മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ അടങ്ങാത്ത സ്നേഹമാണ് ഈശോയുടെ തിരുഹൃദയം പ്രതിനിധാനം ചെയ്യുന്നത്.

ഈശോയുടെ തിരുഹൃദയ ഭക്തിയെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ ലഭിച്ചത് പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ മാർഗ്രറ്റ്

മേരി അലക്കോക്ക് എന്ന ഫ്രഞ്ചുകാരിയായ സിസ്റ്ററിനാണ്. അന്ന് ഈശോ തന്റെ തിരുഹൃദയഭക്തിയിൽ ജീവിക്കുന്നവർക്ക് 12 വാഗ്ദാനങ്ങളാണ് നൽകിയത്. അവ താഴെപ്പറയുന്നവയാണ്:

1. എന്റെ ദിവ്യഹൃദയഭക്തരുടെ ജീവിതാന്തസ്സിനു വേണ്ട എല്ലാ അനുഗ്രഹങ്ങളും ഞാൻ പ്രദാനം ചെയ്യും.
2. അവരുടെ കുടുംബങ്ങളിൽ ഞാൻ സമാധാനം നൽകും.
3. അവരുടെ സങ്കടങ്ങളിൽ ഞാൻ അവരെ ആശ്വസിപ്പിക്കും.
4. ജീവിതകാലത്തിലും പ്രത്യേകം അവരുടെ മരണസമയത്തിലും ഞാൻ അവർക്ക് ഉറപ്പുള്ള സങ്കേതമായിരിക്കും.
5. അവരുടെ എല്ലാ പ്രയത്നങ്ങളിലും ഞാൻ അനവധി ആശീർവ്വാദം നൽകും.
6. പാപികൾ എന്റെ ഹൃദയത്തിൽ അനുഗ്രഹത്തിന്റെ വറ്റാത്ത ഉറവയും സമുദ്രവും കണ്ടെത്തും.
7. മന്ദതയുള്ള ആത്മാക്കൾ തീക്ഷണതയുള്ളവരാകും.
8. തീക്ഷണതയുള്ള ആത്മാക്കൾ ശീഘ്രത്തിൽ പരിപൂർണതയുടെ പദവിയിൽ കയറും.
9. എന്റെ ദിവ്യഹൃദയ സ്വരൂപം പരസ്യമായി വണങ്ങുന്ന ഭവനങ്ങളിൽ എന്റെ ആശീർവ്വാദമുണ്ടാകും.
10. കഠിന പാപികളെ മനസ്സുതിരിക്കുന്നതിനുള്ള വരം വൈദികർക്കു ഞാൻ നൽകും.
11. ഈ ഭക്തി പ്രചരിപ്പിക്കുന്നവരുടെ നാമം എന്റെ ഹൃദയത്തിൽ ഞാൻ എഴുതും. അതിൻ നിന്നും ഒരിക്കലും മായിക്കുകയില്ല.
12. ഒമ്പതു ആദ്യ വെള്ളിയാഴ്ച തുടർച്ചയായി വി. കുർബാന സ്വീകരിക്കുന്നവർക്ക് അവസാനംവരെയുള്ള നിലനിൽപ്പിന്റെ വരം ഞാൻ നൽകും. എന്റെ അനുഗ്രഹം കൂടാതെയോ കൂദാശകൾ സ്വീകരിക്കാതെയോ അവർ മരിക്കില്ല. അവരുടെ മരണത്തിന്റെ അവസാനത്തെ മണിക്കൂറിൽ അവർക്കു നിശ്ചയമുള്ള സങ്കേതമാകുമെന്ന് എന്റെ സ്നേഹാധിത്യത്താൽ നിന്നോട് വാഗ്ദാനം ചെയ്യുന്നു.

ജൂൺമാസം നമുക്ക് ഭക്തിയോടെ ഒരുങ്ങി ഈശോയുടെ തിരുഹൃദയത്തിൻറെ സ്തുതിക്കായി ജീവിക്കാം. ഈശോ നൽകിയ ഈ വാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിലും അങ്ങനെ നിറവേറും.

അതുപോലെ ജൂൺ മാസത്തിൽ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ നാം ആഘോഷിക്കുന്നു. ക്രിസ്തുവിന്റെ ധീര അപ്പസ്തോലന്മാരായ ഈ വിശുദ്ധരെ നാം പ്രത്യേകം ബഹുമാനിക്കുമ്പോൾ സഭയോട് ചേർന്ന് വളരുവാനും സഭയോടുള്ള സ്നേഹത്തിൽ

നിലനിൽക്കുവാനുള്ള കൃപ ലഭിക്കാനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അതുപോലെ ക്രിസ്തുവിന്റെ സഭയെ ഇന്ന് നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മാർപാപ്പയെയും മെത്രാന്മാരെയും കർത്താവിൻറെ പ്രത്യേക സംരക്ഷണത്തിനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനുമായി സമർപ്പിക്കാം. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും പ്രത്യേകം അനുഗ്രഹിക്കട്ടെ .
നിങ്ങൾക്ക് എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട് ,

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

പുതിയ അധ്യയനവർഷത്തെ പ്രതീക്ഷയോടെ നമുക്ക് വരവേൽക്കാം. നവാഗതർക്ക് ഹൃദയപൂർവ്വം സ്വാഗതം നേരുന്നു. തിരുഹൃദയഭക്തി കൊണ്ടാടുന്ന ഈ മാസത്തിൽ ഈശോയിൽ നിന്ന് നമുക്ക് പഠിക്കാം. പുതിയ അധ്യയനവർഷം അനുഗ്രഹപ്രദവും അനുഭവസമ്പന്നവുമാകട്ടെ.

## I. SUNDAY CATECHISM

**1. വിശ്വാസപരിശീലനവർഷ ഉദ്ഘാടനം**

മെയ് 27 ന് ധ്യാന സമാപന ത്തോടനുബന്ധിച്ച് ഡി ബി സി എൽ സി യിൽ

**2. പ്രവേശനോത്സവം**

ജൂൺ 4 ന് യൂണിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുന്നു. കുട്ടികളുടെ പ്രതിജ്ഞ, അധ്യാപകരുടെ പ്രതിജ്ഞ എന്നിവ നടത്തേണ്ടതാണ്.

**3. പ്രബോധനവിഷയവും പ്രവർത്തനമേഖലയും**

പുതിയ അധ്യയനവർഷത്തിലെ പ്രബോധനവിഷയവും പ്രവർത്തനമേഖലയും 'പരിശുദ്ധാത്മപൂരിത വിശ്വാസപരിശീലനം' എന്നതായിരിക്കും.

**4. ആനിമേറ്റേഴ്സ് കോഴ്സ്**

സ്പിരിചൽ മിനിസ്ട്രി, ടാലന്റ് മിനിസ്ട്രി, സോഷ്യൽ മിനിസ്ട്രി ജൂൺ 25 കാലത്ത് 9.30 മുതൽ 12.30 വരെ ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാർ അതത് ദിവസം കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

**5. അഭിനന്ദനങ്ങൾ**

കഴിഞ്ഞ അധ്യയനവർഷത്തിൽ വിശ്വാസപരിശീലനത്തിൽ ജേതാക്കളായവർക്കും കൂടുതൽ മികവോടെ സമ്മാനങ്ങളും റാങ്കുകളും നേടിയവർക്കും അവരെ പരിശീലിപ്പിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

**6. പാഠപുസ്തകവിതരണം - 2023 മെയ് 29 മുതൽ**

2023 മെയ് 29 മുതൽ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങും. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങേണ്ട പുസ്തകങ്ങളുടെ എക്സൽ ഫോർമാറ്റിൽ ഉള്ള ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻ വരുന്നതിന് ഒരാഴ്ച്ച മുമ്പ്

ഇമെയിൽ catechismtrichur@gmail.com വഴി അയച്ചിരിക്കണം. ഓർഡർ ഫോം വാട്സാപ്പ് ഗ്രൂപ്പിൽ നിന്നും വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും, ഡൗൺലോഡ് ചെയ്യാവുന്നതാണ്. എക്സൽ ഫോർമാറ്റിൽ തന്നെ തിരിച്ച് മെയിൽ ചെയ്യേണ്ടതാണ്. ഓർഡർ ഫോം ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ബില്ലുപ്രകാരം ആദ്യം പണമടയക്കണം ഓൺലൈനായി പണമടക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് ബാങ്ക് ഡീറ്റെയ്ൽസ് ഓർഡർ ഫോമിൽ തന്നെ കൊടുത്തിട്ടുണ്ട്. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

b) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

**7. 2023 –2024 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ**

| വിലവിവരപട്ടിക | | | | | |
|---|---|---|---|---|---|
| Std. | (Mala.) | Std. | (Mala.) | Std. | (Mala.) |
| I | 35 | V | 45 | IX | 45 |
| II | 35 | VI | 45 | X | 45 |
| III | 35 | VII | 45 | XI | 45 |
| IV | 45 | VIII | 45 | XII | 45 |

ബൈബിൾ സ്റ്റഡി, ഉപപാഠ പുസ്തകങ്ങൾ, ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്ക് എന്നിവയുടെ വില പിന്നീട് അറിയിക്കുന്നതായിരിക്കും.

## 8. Catechism Software

ജൂൺ 1 മുതൽ 4 വരെയുള്ള തിയതികളിൽ സ്റ്റാഫ് അംഗങ്ങളുടെ ഡാറ്റ കൃത്യമാക്കൽ, ജൂൺ 18 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ കുട്ടികളുടെ അഡ്മിഷൻ സംബന്ധമായ കാര്യങ്ങളുടെ പൂർത്തീകരണം, അധ്യാപകരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളുടെ പൂർത്തീകരണം എന്നിവ സോഫ്റ്റ് വെയറിൽ പൂർത്തിയാക്കേണ്ടതാണ്.

വിശ്വാസപരിശീലന യൂണിറ്റുകളിലെയും വിശ്വാസപരിശീലനകേന്ദ്രത്തിലെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള Catechism Software പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണ്. ഇതിന്റെ പ്രയോജനം കൂടുതൽ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. പുതിയ വിവരങ്ങൾ ഉടനടി ചേർക്കുക: വിദ്യാർഥികളോ അധ്യാപകരോ പുതിയതായി ചേരുമ്പോൾത്തന്നെ ആവശ്യമായ മുഴുവൻ ഡാറ്റയും ശേഖരിക്കുകയും ഉടൻതന്നെ സോഫ്റ്റ് വെയറിൽ ചേർക്കുകയും ചെയ്യുക.
2. മുമ്പ് ചേർത്തിട്ടുള്ള വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉടനെ തന്നെ സോഫ്റ്റ് വെയറിലെ ഡാറ്റയിലും വരുത്തുക (ഉദാ: അഡ്രസ്, ഫോൺ നമ്പർ, ക്ലാസ്സ്, ഡിവിഷൻ, അധ്യാപകരുടെ ഉത്തരവാദിത്വങ്ങൾ എന്നിവ)
3. ഹാജറുകൾ അതത് ദിവസം തന്നെ ചേർക്കുക.
4. പരീക്ഷാഫലങ്ങൾ തുടങ്ങിയ കാര്യങ്ങൾ നിശ്ചിതതിയതിക്കകം ചേർക്കുക.
5. വിശ്വാസപരിശീലനയൂണിറ്റിലെ എല്ലാക്കാര്യങ്ങളുടെയും ഏറ്റവും പുതുക്കിയതും പൂർണ്ണവുമായ ഡാറ്റ ലഭിക്കത്തക്കവിധം സോഫ്റ്റ് വെയർ Up-to-date ചെയ്തുകൊണ്ടിരിക്കുക.

**9. Advanced CTC**

മെയ് 7, 14 തിയതികളിലായി **Advanced CTC Course** ഡി ബി സി എൽ സി യിൽ നടന്നു. 50 പേരോളം പങ്കെടുത്തു. രണ്ട് കോഴ്സിലും പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**10. 2022 - 23** അക്കാദമിക് വർഷത്തെ റാങ്ക് ലിസ്റ്റ് താഴെ കൊടുക്കുന്നു.

**1. ACC First Three Rank Holders**



First Rank
**Ann Flower Ouseph**
Kuriachira



Second Rank
**Anly Robinson**
Valapad



Third Rank
**Aleena P R**
Wadakkanchery

**2. ACC Rank List**

| Rank | Student Name | Unit Name |
|---|---|---|
| I | ANN FLOWER OUSEPH | KURIACHIRA |
| II | ANLY ROBINSON | VALAPAD |

| | | |
|---|---|---|
| III | ALEENA P R | WADAKKANCHERY |
| IV | ALEENA JOHN E | GURUVAYUR |
| V | RINI ROSE GEORGE | KARAMUCK NORTH |
| VI | HRIDYA JOSE | ARANATTUKARA |
| VII | RANJANA P REGI | KARUMATHRA |
| VIII | JESNA JOHNSON | NENMANIKKARA |
| IX | ABINA DENNY | PONNUKKARA |
| X | ANSHA BABU | THAYYUR |
| XI | HENCY VARGHESE | PURANATTUKARA |
| XII | ALJO JAISON | KOONAMMOOCHY |
| XIII | ANEENA KURIAKOSE | ERUMAPETTY |
| XIV | CHRISTINA NIXON | KURIACHIRA |
| XIV | ANNET ROSE S | WADAKKANCHERY |
| XV | CHRISTY GEORGE JOSEPH | GURUVAYUR |
| XV | ANNET MARIA V R | ARANATTUKARA |

## 3. ACC Prize List 2022-2023

| | | |
|---|---|---|
| I | SREYA JOJU | MUKKATTUKARA |
| I | MAREENA K JUSTIN | THALAKKOTTUKARA |
| II | ANN FLOWER OUSEPH | KURIACHIRA |
| III | ANNLIT SEBASTIAN | VADANAPPILLY |

## 4. XII First Three Rank Holders



First Rank
**Angel Mary K P**
Marathakkara



Second Rank
**Christy Xavier**
Guruvayur



Third Rank
**Angel Rose V F**
Thayyur

## 5. XII Rank List

| Rank | Student Name | Unit Name |
|---|---|---|
| I | ANGEL MARY K P | MARATHAKKARA |
| II | CHRISTY XAVIER | GURUVAYUR |
| III | ANGEL ROSE VF | THAYYUR |
| IV | ANGEL RANI ALOSHIOUS | MARATHAKKARA |

| | | |
|---|---|---|
| V | ISHA ROSE C | OLARIKKARA |
| VI | ELSARA JESTIN | BRAHMAKULAM |
| VII | HANNA MARIA T J | PAVARATTY |
| VIII | NEHA GEORGE | ARANATTUKARA |
| IX | HIBA SHOBY | CHITTATTUKARA |
| X | DIYA DEV | KODANNUR |
| XI | AVINAMARIYA A J | MATTOM |
| XII | ANN MARIYA JOY | CHIYYARAM |
| XIII | HELEN MARIYA | MULLASSERY |
| XIV | JIYA JOSHY P | BRAHMAKULAM |
| XV | SANIA SOBY | PAZHUVIL |

## 6. Scholarship Examination Rank List

| Rank | Student Name | Unit Name |
|---|---|---|
| | **IV** | |
| 1 | JOHANNA P S | VELAPPAYA |
| 2 | ALEX GEORGE | WADAKKANCHERY |
| 3 | GRACELIA P S | KOTTAPADY |
| 4 | SANTO VARGHESE | KARUMATHRA |
| 5 | AMEYAMARY BIJOY | PALAKKAL |
| | **V** | |
| 1 | ALNA ROSE K J | KUTTUR |
| 2 | SANIYA JERRY K | CHITTATTUKARA |
| 3 | C D RON DANIEL | OLARIKKARA |
| 4 | LISMIYA DIXON | CHITTISSERY |
| 5 | RAICHAL ROSE T J | NADATHARA |
| | **VI** | |
| 1 | ANNA MARIA SHONYOLLUR | |
| 2 | NERAGRACE J THRISSUR | LOURDES CATHEDRAL |
| 3 | CECILIA CIJO | POTTORE |
| 4 | ANIKA RUTH | AMALA NAGAR |
| 5 | FAINA C THOMAS | AMALA NAGAR |
| | **VII** | |
| 1 | SHAN MARRY SHAJI | KARAMUCK NORTH |
| 2 | ALFRED PAUL V S | MACHAD |
| 3 | ALONA K.J. | PERINGAD |
| 4 | QUINSTESSA MARY SOJAN | GURUVAYUR |
| 5 | HILDA SIMSON | OLLUKKARA |

| | | |
|---|---|---|
| | **VIII** | |
| 1 | ANGEL LAZAR | OLLUR |
| 2 | ANDRIA DEERO | OLARIKKARA |
| 3 | ANGEL GRACE | OLLUR |
| 4 | CHRISTIE DENIS | AMALA NAGAR |
| 5 | ALEENA K J | KUNDANNUR |
| | **IX** | |
| 1 | DELLA ROSE | GURUVAYUR |
| 2 | AKHILA K DAVIS | KOONAMMOOCHY |
| 3 | CHRISTY V J | KANDASSANKADAVU |
| 4 | MARIYA GEORGE | CHAZHUR |
| 5 | THOMAS JOHN THARAYIL | WEST FORT |
| | **X** | |
| 1 | SHANET SHAJI | KARAMUCK NORTH |
| 2 | JUDITH ANN MARIA JIMMY | PANAMUCK |
| 3 | CHRISTA ROSE V S | MACHAD |
| 4 | ANN MARIYA C V | THRISSUR LOURDES |
| 5 | AMAL FELLER V | NELLIKKUNNU |
| | **XI** | |
| 1 | CHRISTA T O | THIROOR |
| 2 | ANGEL ROSE P J | BRAHMAKULAM |
| 3 | ANET BAIJU | MARIAPURAM |
| 4 | SAYAN MAREESA | KANDASSANKADAVU |
| 5 | JESMI JIMMY | VALAKKAVU |

## II. DAILY CATECHISM

### 1. സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ

സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ ജൂൺ ആദ്യവാരത്തിൽ തന്നെ ആരംഭിക്കേണ്ടതാണ്.

### SCHOOL CATECHISM SCHOLARSHIP RANK LIST

**Class : IV**

| RANK | Name | School |
|---|---|---|
| **1** | ESTHER ROSE | AMALA NAGAR, MARYRANI ENG.MED. LPS |
| **2** | ANNRIYA GREESH | THRISSUR, SACRED HEART CLPS |
| **3** | ANNAROSE K P | PAVARATTY, ST.JOSEPH'S LPS |
| | | **Class : VII** |
| **1** | ANN JOJO | KANDASSANKADAVU, SH OF MCGHS |

| | | |
|---|---|---|
| 2 | ALONA K J | PAVARATTY, CHRIST KING CGHS |
| 3 | ANEENA MARIA | OLLUR, ST.MARY'S CGHS |
| | **Class : X** | |
| 1 | ANILA SHAJU | THRISSUR, SACRED HEART CGHS |
| 2 | BLESSMY LANSAN | MAMMIYUR, LFCGHS |
| 3 | JOVIAL TRESA | ALAPPAT WEST FORT, ST.ANNES CGHS |

## MORAL SCIENCE SCHOLARSHIP RANK LIST

| | | |
|---|---|---|
| | **Class : IV** | |
| 1 | HADIYA FATHIMA M S | THRISSUR, SACRED HEART CLPS |
| 2 | AARADHYA ARUN | THRISSUR, SACRED HEART CLPS |
| 3 | AMRUTHASREE H | PONNANI,VIJAYAMATHA EMHSS |
| 3 | ADIDEV M A | THRISSUR, SACRED HEART CON.ENG.MED.LPS |
| 3 | DHANANJAY O A | THRISSUR, SACRED HEART CON. ENG.MED.LPS |
| 3 | SADHIKA K S | CHERPU, LOURDE MATHA EMHS |
| 3 | VEDHA V. PRADEEP | THRISSUR, SACRED HEART CLPS |
| | **Class : VII** | |
| 1 | SREEGANGA K | MAMMIYUR, LFCGHS |
| 2 | LAKSHMI C A | THRISSUR, SACRED HEART CGHS |
| 2 | NIVEDHYA K M | BRAHMAKULAM, ST.THERESA'S GHS |
| 2 | AVANTHIKA K | PONNANI,VIJAYAMATHA EMHSS |
| 2 | APARNA SIVARAMAN | PONNANI,VIJAYAMATHA EMHSS |
| 2 | NANDHANA V V | THRISSUR, SACRED HEART CGHS |
| 2 | GAYATHRI E R | THRISSUR, SACRED HEART CGHS |
| 2 | ATHULYA P B | THRISSUR, SACRED HEART CGHS |
| 2 | SREELAKSHMI CHANDRAN | PAVARATTY, CHRIST KING CGHS |
| 3 | NAIMAH N N | PAVARATTY, CHRIST KING CGHS |
| 3 | DIYA SUDHEESH P | PONNANI,VIJAYAMATHA EMHSS |
| 3 | DEVIKA T S | NELLIKKUNNU, ST.SEBSTIAN'S CGHS |
| | **Class : X** | |
| 1 | SREYA T RAMESH | CHEMBUKKAVU, HOLY FAMILY CGHS |
| 2 | AVANI P B | MAMMIYUR, LFCGHS |
| 2 | GOURI I S | THRISSUR, SACRED HEART CGHS |

| | | |
|---|---|---|
| **3** | DEVIKA RAJAN | PAVARATTY, CHRIST KING CGHS |
| **3** | FASNA NAZRIN A N | PAVARATTY, CHRIST KING CGHS |
| | **Class : XII** | |
| **1** | GOPIKA RUPESH | THRISSUR,ST.CLARE'S CGHSS |
| **2** | ANJANA KRISHNA C | PMAMMIYUR, LFCGHSS |
| **3** | NANDHANA M J | THRISSUR,ST.CLARE'S CGHSS |

പ്രാർത്ഥനയോടെ,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

മെയ് 14, 21 തിയ്യതികളിൽ **പഴയനിയമത്തിനൊരാമുഖം** (Rev. Fr. Linson Thattil), **സാമൂഹിക നീതി** (Rev. Dr. Saji Kanayankal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**2. Course on Theology of Family (One and Half Years)**
(affiliated to Chair for Christian Studies and Research, Calicut University)

-മെയ് 21 ന് workshop നടന്നു

**3. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University)

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിച്ചു

**4. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

**കേരളത്തിലെ ക്രൈസ്തവസഭകൾ** (Rev. Fr. Demin Tharayil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**5. Basic Bible Course (BBC)**

- മെയ് മാസം ക്ലാസ്സ് നയിച്ചവർ Rev. Fr. Linson Thattil, Sri. Joseph Tharakan

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

# എക്സൽ അക്കാദമി

**Excel Foundation Course**

DBCLC, Excel Academyയിൽ നടന്നുകൊണ്ടിരിക്കുന്ന Excel Foundation Course (8th std to 12th std)ന്റെ പുതിയ ബാച്ച് 2023 ജൂൺ 10–ാം തിയ്യതി രണ്ടാം ശനിയാഴ്ച ആരംഭിക്കുന്നു. സയൻസ്, സിവിൽ സർവ്വീസ് എന്നീ വിഭാഗങ്ങളിൽ, വിദ്യാർത്ഥികളുടെ കഴിവുകളെ കണ്ടെത്തി; അവർ ആഗ്രഹിക്കുന്ന വഴികളിലേക്ക് നയിക്കുന്ന ക്ലാസ്സുകളാണ് ഈ പുതിയ ബാച്ചിന്റെ പ്രത്യേകത. രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും, വെക്കേഷനുകളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. 2023 മെയ് 5–ാം തിയ്യതി മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു.

**ആദരം**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ഈ വർഷം SSLC, Plus 2 ഫുൾ A+ നേടിയ വിദ്യാർത്ഥികളെ 2023 ജൂൺ മാസം 10–ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക്, തൃശ്ശൂർ DBCLC ഓഡിറ്റോറിയത്തിൽ വെച്ച് (ആർച്ച് ബിഷപ്പ് ഹൗസ്) 'ആദരം' എന്ന പ്രോഗ്രാമിൽ ആദരിക്കുന്നു. ഫുൾ A+ നേടിയ വിദ്യാർത്ഥികൾ, അവർ നേടിയ A+ മാർക്ക് ലിസ്റ്റ് കോപ്പി, അഡ്രസ്സ്, ഫോൺ നമ്പർ അടക്കം, എക്സൽ അക്കാദമിയിൽ മെയ് മാസം 29–ാം തിയ്യതിക്ക് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**Civil Service Course (Daily Batch/Weekend Batch)**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ, Degree, PG പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി സിവിൽ സർവ്വീസ്, Daily batch ക്ലാസ്സുകൾ ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളിവരെ രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

Degree, PG പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സിവിൽ സർവ്വീസ് Weekend batch ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**Kerala Law Entrance Exam (KLEE- 2023)**

കേരള ലോ എൻട്രൻസ് പരീക്ഷയ്ക്കുള്ള കോച്ചിങ്ങ് എക്സൽ അക്കാദമിയിൽ ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് - 9744941585, 9847276657, 7306952904

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**അയ്യന്തോൾ മെഗാ മെഡിക്കൽ ക്യാമ്പ്**

ഇടവക ദിനാചരണത്തിന്റെ ഭാഗമായി അയ്യന്തോളിലെ സെന്റ് മേരീസ് അസംപ്ഷൻ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് സി. എൽ. സി.യുടെയും ഇടവക യുവജനങ്ങളുടെയും നേതൃത്വത്തിൽ സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. ഫാ. ജെയ്സൺ പുന്നശ്ശേരി അധ്യക്ഷത വഹിച്ചു. പീഡിയാട്രിക്സ്, കമ്മ്യൂണിറ്റി മെഡിസിൻ, ഓഫ്ത്താൽമോളജി എന്നീ ഡിപ്പാർട്ടുമെന്റുകളാണ് മെഗാ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തത്. നേത്ര പരിശോധനക്കായി എത്തിയ 94 രോഗികളെ പരിശോധിച്ചു, 45 രോഗികളെ വിശദമായ പരിശോധനയ്ക്കായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലേക്കു നിർദ്ദേശിച്ചു. തിമിര ശസ്ത്രക്രിയയ്ക്കായി 10 രോഗികളെ താൽക്കാലികമായി തിരഞ്ഞെടുത്തു.

**ഹെൽത്ത് ഫോർ ഓൾ**

75-ാമത് ലോകാരോഗ്യദിനത്തിന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഹെൽത്ത് ഫോർ ഓൾ എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ മത്സരവും തുടർന്ന് പോസ്റ്റർ പ്രദർശനവും നടത്തി. JMMC & RI യുടെ കീഴിലുള്ള മെഡിക്കൽ, പാരാമെഡിക്കൽ, നഴ്സിംങ്ങ് വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

**പൂരം പ്രദർശന നഗരിയിൽ ജൂബിലി പവലിയൻ ആരംഭിച്ചു**

തൃശ്ശൂർ പൂരം പ്രദർശനത്തിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പവലിയൻ ആരംഭിച്ചു. പവലിയന്റെ ഉദ്ഘാടനം MLA പി. ബാലചന്ദ്രൻ, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ ചേർന്ന് നിർവ്വഹിച്ചു. പൂരം കമ്മിറ്റി പ്രസിഡന്റ് കെ. ചന്ദ്രശേഖരൻ, സെക്രട്ടറി പി. രാധാകൃഷ്ണൻ, പാറമേക്കാവ് ദേവസ്വം പ്രസിഡന്റ് ഡോ. എം. ബാലഗോപാൽ, തിരുവമ്പാടി ദേവസ്വം പ്രസിഡന്റ് ഡോ. സുന്ദർ മേനോൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജിമ്മി എടക്കളത്തൂർ, ഫാ. ഷിജോ മാപ്രാണത്തുകാരൻ, ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു. തൃശ്ശൂർ ജില്ലയെ 2030 ആകുമ്പോഴേക്കും ഹെൽത്തി തൃശ്ശൂർ ആക്കുക എന്ന ആശയമാണ് ഇത്തവണത്തെ തീം.

**ജൂബിലിയും വൈദ്യരത്നവും ഒരുമിക്കുന്നു**

ആയുർവേദ ചികിത്സാരംഗത്ത് ഗവേഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും, അത്യാധുനിക ഗവേഷണ സൗകര്യങ്ങൾ ആയുർവേദ മരുന്നുകളുടെ വികസനത്തിനും അവയുടെ തന്മാത്രാ തലത്തിലുള്ള പ്രവർത്തനങ്ങളെ മനസ്സിലാക്കാനും എങ്ങനെ ഉപയോഗിക്കാം എന്നുള്ളതിനെക്കുറിച്ചും പ്രതിപാദിക്കുന്ന പ്രഭാഷണ പരമ്പരയ്ക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ തുടക്കം കുറിച്ചു. ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചും, വൈദ്യരത്നം ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്നാണ് ഈ പദ്ധതിക്ക് വേണ്ടി കൈകോർത്ത് മുന്നോട്ട് വന്നത്. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ തൃശ്ശൂർ ഡി. എം. ഒ. (ആയുഷ്) ഡോ. സലജകുമാരി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈദ്യരത്നം ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ഇ. ടി. യദു നാരായണൻ മൂസ്, ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ എന്നിവർ പ്രഭാഷണപരമ്പരയുടെ ലോഗോ പ്രകാശനം ചെയ്തു.

**എഞ്ചിനീയറിംഗ് വൈദ്യശാസ്ത്രത്തിന് മുതൽ കൂട്ട്**

ജൂബിലിയിൽ വൈദ്യശാസ്ത്ര പ്രശ്നങ്ങൾക്ക് എഞ്ചിനീയറിംഗ് സഹായത്തോടെ പുതിയ മാനങ്ങൾ കണ്ടെത്താനുള്ള ശ്രമം പുരോഗമിക്കുന്നു. ജൂബിലിയിൽനിന്നുള്ള സംഘം കൊടകരയിലെ സഹൃദയ എഞ്ചിനീയറിംഗ് കോളേജ് സന്ദർശിച്ചു ചർച്ച നടത്തി. 7 പ്രൊജക്റ്റു

കൾ ചർച്ച ചെയ്തു. പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾക്കും തുടർനടപടികൾക്കും തീരുമാനമായി.

**ജൂബിലിയിൽ മൂന്ന് ഗവേഷണ പദ്ധതികൾ ആരംഭിച്ചു**

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ സാമ്പത്തിക സഹായത്തോടെ മൂന്ന് പുതിയ ഗവേഷണ പദ്ധതികൾ ജൂബിലിയിൽ ആരംഭിച്ചു. ഒരു കോടി അറുപത്തിരണ്ട് ലക്ഷം രൂപയാണ് സാമ്പത്തിക സഹായം. പ്രസവസമയത്ത് ഉണ്ടായേക്കാവുന്ന അമിത രക്തസ്രാവം നേരത്തെ മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള പരിശോധന സമ്പ്രദായം വികസിപ്പിക്കുന്നതിനാണ് അനസ്തേഷ്യാ വിഭാഗത്തിലെ പ്രൊഫസർ ഡോ. ഉഷ ഷേണായ്, അസോ. പ്രൊഫസർ ഡോ. ബിജോയ് ചിറയത്ത് എന്നിവരടങ്ങുന്ന ആറംഗ ഡോക്ടർമാരുടെ സംഘത്തിന് അനുമതി ലഭിച്ചിരിക്കുന്നത്.

കേന്ദ്രനാഡീവ്യൂഹത്തിനേയും കണ്ണിലേക്കുള്ള ഞരമ്പുകളേയും ബാധിക്കുന്ന ന്യൂറോമെയിലൈറ്റിസ് ഒപ്റ്റിക എന്ന അസുഖത്തിന് പുതിയ തരം രക്തപരിശോധന സമ്പ്രദായം വികസിപ്പിക്കുതിനാണ് JCMR സയന്റിസ്റ്റ് ഡോ. മാത്യു ജോൺ, ന്യൂറോളജി വിഭാഗത്തിലെ അസി. പ്രൊഫസർ ഡോ. ഹരിസുതൻ എന്നിവരടങ്ങുന്ന മൂന്നംഗസംഘത്തിന്റെ ഗവേഷണ പദ്ധതി.

**Learning Disability Special Clinic**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മന:ശാസ്ത്രവിഭാഗം അവധിക്കാലത്ത് പഠനവൈകല്യം പോലുള്ള പ്രശ്നങ്ങളാൽ പഠനത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുതിനും അവർക്ക് ശാസ്ത്രീയമായ പരിശീലന പരിപാടികൾ തുടങ്ങുന്നതിനുമായി "learning disability special clinic" ആരംഭിച്ചു. ഞായർ ഒഴികെ എല്ലാ ദിവസവും പഠനവൈകല്യത്തിനുള്ള പരിശീലനങ്ങൾ ഇവിടെ ലഭ്യമാണ്.

**'ബാഹ' ഇംപ്ലാന്റ് ശസ്ത്രക്രിയ ജൂബിലിയിൽ വിജയം കണ്ടു**

ബോൺ ആങ്കേർഡ് ഹിയറിങ്ങ് എയ്ഡ് (ബാഹ) ഇംപ്ലാന്റ് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ വിജയകരമായി പൂർത്തീകരിച്ചു. രണ്ടാം തലമുറയിൽ പെട്ട ബാഹ്യ ശ്രവണസഹായി കേരളത്തിൽ ആദ്യമായാണ് ഘടിപ്പിക്കുന്നത്. ഒന്നര മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയക്ക് ജൂബിലിയിലെ ഇ.എൻ.ടി. വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. ഇ. രമേഷ്കുമാറാണ് നേതൃത്വം നൽകിയത്. കേച്ചേരി സ്വദേശിനിയായ പത്തുവയസ്സുകാരി അക്ഷിതയ്ക്കാണ് 'ബാഹ'ശ്രവണസഹായി ഘടിപ്പിച്ചത്.

**പെലിക്കാനസ് 2023 : ദേശീയ ഹെൽത്ത് കെയർ മിഷനറി അവാർഡിനുള്ള നോമിനേഷൻ സ്വീകരിക്കുന്നു.**

ജൂബിലി മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടറായ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ പേരിൽ ഏർപ്പെടുത്തിയ മോൺ മാത്യു മുരിങ്ങാത്തേരി ഹെൽത്ത് കെയർ മിഷനറി അവാർഡിനായുള്ള നോമിനേഷൻ സ്വീകരിക്കുന്നു. ദേശീയ തലത്തിൽ ആരോഗ്യമേഖലയിൽ മിഷനറി പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടത്തിവരുന്ന അവാർഡ്ദാന ചടങ്ങായ പെലിക്കാനസ് 2023–ൽ അവാർഡ്ദാനം നിർവ്വഹിക്കും. അമ്പതിനായിരത്തൊന്ന് രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. നോമിനേഷൻ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും https://jmmcri.org/events.php?id=91 എന്ന ലിങ്കിലോ pelecanus@jmmc.ac.in എന്ന ഇമെയിൽ വഴിയോ ബന്ധപ്പെടാവുന്നതാണ്. ആരോഗ്യമേഖലയിൽ സ്തുത്യർഹമായി മിഷനറി കാഴ്ച്ചപ്പാടിൽ പ്രവർത്തിക്കുന്ന അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള ഇന്ത്യൻ പൗരന്മാർക്ക് സ്ഥാപനങ്ങൾ വഴിയോ, മറ്റുള്ളവർ വഴിയോ നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതാണ്.

**അഭിനന്ദനങ്ങൾ**

- ഗൈനക്കോളജി മേഖലയിലെ മികച്ച സംഭാവനയ്ക്കായി സൊലാപൂർ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിക്കൽ സൊസൈറ്റി നൽകുന്ന അന്തരിച്ച ഡോ. വി. എൻ. ശിരോദ്കർ ഒറേഷൻ അവാർഡ് ഗൈനക്കോളജി പ്രൊഫസർ ഡോ. അശ്വത് കുമാർ കരസ്ഥമാക്കി
- രണ്ടാം സെമസ്റ്റർ ബി. എസ്. സി. നഴ്സിംഗ്, യൂണിവേഴ്സിറ്റി പരീക്ഷയിൽ 11 ഡിസ്റ്റിംക്ഷനും 38 ഫസ്റ്റ് ക്ലാസ്സോടും കൂടി ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾ 100% വിജയം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ക്ലിറ്റി തോമസ്, കൊമ്പഴ
- പി. ആർ ഡേവിസ്, പടത്തറ ഹൗസ്, ചിയ്യാരം
- പോൾ ബി ചേറ്റുപുഴ, ചേറ്റുപുഴ ഹൗസ്, മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ
- യൂത്ത് സി.എൽ. സി. മുക്കാട്ടുകര, നെട്ടിശ്ശേരി, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

- ഫാർമസി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ക്ലിറ്റി തോമസ്, കൊമ്പഴ
- അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- പോൾ പൊറിഞ്ചു, കാഞ്ഞിരത്തിങ്കൽ ഹൗസ്, വളർക്കാവ്, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- അനു ജോസ്, അറക്കൽ ഹൗസ്, തൃശ്ശൂർ
- ആൻസി വർഗ്ഗീസ്, അറക്കൽ വേലൂക്കാരൻ ഹൗസ്, തൃശ്ശൂർ
- ആതിരമോൾ വി. എസ്, സ്റ്റാഫ് നേഴ്സ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ഗവേഷണ ബിരുദം നൽകി**

സുവോളജി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന നിത ബോസ് സി. ഡോ. ഫ്രാൻസി കെ. കാക്കശ്ശേരിയുടേയും ഡോ. ബിനോയ് സി.എഫി ന്റേയും ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അദ്ധ്യാപകൻ പ്രൊഫ. എ.പി തോമസ്, ഓപ്പൻ ഡിഫൻസിന്റെ ചെയർമാനായിരുന്നു.

കോമേഴ്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ദർശന സുദർശൻ ഡിപ്പാർട്ട്മെന്റ് തലവൻ പ്രൊഫ. ബിജു ജോണിന്റെ ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അദ്ധ്യാപകനായ പ്രൊഫ. ജി. വീരകുമാരൻ, ഓപ്പൻ ഡിഫൻസിലെ ചെയർമാനായിരുന്നു. ഗവേഷണ ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് അനുമോദനങ്ങൾ.

**2. പ്ലെയ്സ്മെന്റ് ലഭിച്ചു**

പ്ലെയ്സ്മെന്റ് സെല്ലിന്റെ സഹായത്തോടെ 62 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്ലെയ്സ്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കും സെല്ലിന്റെ കോർഡിനേറ്റർ ഡോ. സുനിൽ സണ്ണി സാറിനും മറ്റ് അംഗങ്ങൾക്കും

അഭിനന്ദനങ്ങൾ. എൻ.ആർ.എച്ച് – 36, വിപ്രോ – 10, സി.സി.എസ് – 8, ആകാശ് – 3, എൽ ആന്റ് ടി – 3, ജി.എം.എ – 2.

**3. ധാരണാപത്രം ഒപ്പു വച്ചു**

കോമേഴ്സ് ഡിപ്പാർട്ട്മെന്റും (സെൽഫ് ഫിനാൻസ്) ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുമായി ധാരണാപത്രം ഒപ്പു വെച്ചു.

**4. വിരമിച്ചു**

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ലാബ് അസിസ്റ്റന്റായ ശ്രീ പോൾസൺ ടി.കെ. 26 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം വിരമിച്ചു. പോൾസൺ ചേട്ടന് യാത്രാമംഗളങ്ങൾ.

**5. എൻ.എസ്.എസ് ചാരിറ്റി**

കോളേജിന്റെ എൻ.എസ്.എസ് യൂണീറ്റുകളായ 42 ആന്റ് 144 എന്നിവയിലെ അംഗങ്ങൾ ആൽഫ പാലിയേറ്റീവ് കെയറിനു വേണ്ടി സംഘടിപ്പിച്ച 25000 രൂപ പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ. എ. ആൽഫ പാലിയേറ്റീവിന് കൈമാറി.

**6. ഒ.എസ്.എ ദുബായ് ചാപ്റ്റർ**

ദുബായ് ചാപ്റ്റർ ഒ.എസ്.എ സോനാപൂർ ലേബർ ക്യാമ്പിൽ ഇഫ്താർ കിറ്റ് വിതരണം ചെയ്തു.

**7. നെറ്റ്/ ജെ.ആർ.എഫ് ദേശീയ പരീക്ഷ വിജയിച്ചു**

കൈലാസ് നാഥ് – മീഡിയ സ്റ്റഡീസ് – ജെ.ആർ.എഫ്
ജെസ്ന ജോബ് – കോമേഴ്സ് – നെറ്റ്
റിസ്മ പി.എം – കമ്പ്യൂട്ടർ സയൻസ് – നെറ്റ്

**8. പൂർവ്വ വിദ്യാർത്ഥി സംഗമം (ഓർമ്മച്ചെപ്പ്)**

സെന്റ് തോമസ് കോളേജിന്റെ നൂറ്റിനാലാം പൂർവ്വ വിദ്യാർത്ഥി സംഗമം (ഓർമ്മച്ചെപ്പ്) പ്രഥമ വിദ്യാർത്ഥിയായിരുന്ന ചിത്രൻ നമ്പൂതിരിപ്പാട് ഉത്ഘാടനം ചെയ്തു. തൃശൂർ അതിരൂപതാ സഹായ മെത്രാനും കോളേജ് മാനേജരുമായ മാർ ടോണി നീലങ്കാവിൽ സന്ദേശം നൽകി. വികാരി ജനറൽ ഫാ. ജോസ് കോനിക്കര മുഖ്യപ്രപ്രഭാണം നടത്തി.

ഒ.എസ്.എ പ്രസിഡന്റ് സി.എ. ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, ഫാ ബിജു പാണേങ്ങാടൻ, ഡോ. കെ.പി. നന്ദകുമാർ, ജെയിംസ് മുട്ടിക്കൽ, പി.സി. മെസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

നോർത്ത് അമേരിക്കയിലെ ഒ.എസ്.എ ചാപ്റ്റർ രക്ഷാധികാരിയും ഷിക്കാഗൊ ബിഷപ്പുമായ മാർ ജോയ് ആലപ്പാട്ട്, യു.എസ് ചാപ്റ്റർ പ്രസിഡന്റ് ഷാജു ജോൺ, കാനഡ ചാപ്റ്റർ പ്രസിഡന്റ് വിൻസെന്റ്

പാപ്പച്ചൻ എന്നിവർ ഓൺലൈനായി പങ്കെടുത്തു.

സെന്റ് തോമസ് കോളേജിലെ പൂർവ്വവിദ്യാർത്ഥികളായ പ്രൊഫ. ഇ.യു. രാജൻ, ജി രാജേഷ്, കെ.എസ്.സുദർശൻ, ബെന്നി മാത്യു എന്നിവരെ ആദരിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**യൂണിവേഴ്സിറ്റി പരീക്ഷ**

2022–24 ബി.എഡ് ബാച്ചിന്റെ ഫസ്റ്റ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ മെയ് 22 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ നടന്നു.

**ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം**

പുതിയ അധ്യായന വർഷത്തിന് ഒരുക്കമായി മെയ് 29, 30, 31 ദിവസങ്ങളിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മലിന്റെ നേതൃത്വത്തിൽ എല്ലാ അധ്യാപകരും ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

**മെത്രാഭിഷേക സുവർണജൂബിലി**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിന്റെ സ്ഥാപക പിതാവായ തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി പിതാവിന് മെത്രാഭിഷേക സുവർണ്ണ ജൂബിലിയുടെ ആശംസകൾ നേർന്നു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ, അസി.മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി, അധ്യാപക പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

**2023–24 അധ്യായന വർഷാരംഭം**

രണ്ടു മാസത്തെ വേനൽ അവധിക്ക് ശേഷം പുതിയ അധ്യായന വർഷത്തെ ക്ലാസുകൾ ജൂൺ 1 ന് പുഃനരാരംഭിച്ചു.

**തീയേറ്റർ എജ്യുക്കേഷൻ വർക്ക്ഷോപ്പ്**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി തീയേറ്റർ എജ്യുക്കേഷൻ വർക്ക്ഷോപ്പ് ജൂൺ 2, 3 ദിവസങ്ങളിലായി സംഘടിപ്പിച്ചു. ഫാ.ഫിജോ ആലപ്പാടൻ വർക്ക്ഷോപ്പിന് നേതൃത്വം നൽകി.

**കമ്മ്യൂണിറ്റി ലിവിങ് ക്യാമ്പ്**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി കമ്മ്യൂണിറ്റി ലിവിങ് ക്യാമ്പ് ജൂൺ 6, 7, 8, 9 ദിവസങ്ങളിലായി സംഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 1 (വ്യാഴം) | – | അധ്യയനവർഷം ആരംഭം |
| 2 (വെള്ളി) | – | ആദ്യവെള്ളി, വി. കുർബാന |
| 5 (തിങ്കൾ) | – | ലോക പരിസ്ഥിതി ദിനം |
| 13 (ചൊവ്വ) | – | വി. അന്തോണീസ് |
| 16 (വെള്ളി) | – | ഈശോയുടെ തിരുഹൃദയത്തിരുനാൾ |
| 21 (ബുധൻ) | – | വി. അലോഷ്യസ് ഗോൺസാഗോ – വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥൻ |
| 29 (വ്യാഴം) | – | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |

**2. സ്വാഗതം**

2023–2024 അധ്യയനവർഷത്തിലേയ്ക്ക് എല്ലാ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനധ്യാപകർക്കും ഹാർദ്ദമായ സ്വാഗതം. ഈ അധ്യയനവർഷത്തിൽ ധാരാളം ദൈവാനുഗ്രഹങ്ങൾ നമുക്കുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**3. തിരുഹൃദയ പ്രതിഷ്ഠ**

ഈശോയുടെ തിരുഹൃദയ തിരുനാൾ ദിവസമായ ജൂൺ 16 വെള്ളിയാഴ്ച സ്കൂളുകളിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തുമല്ലോ.

**4. സ്കൂൾ കണക്ക്/റിപ്പോർട്ട്**

സ്കൂളിന്റെ 2022–2023 വർഷത്തിലെ കണക്കും റിപ്പോർട്ടും ഏജൻസി ഓഫീസിൽനിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി കച്ചേരിയിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**ജൂൺ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ മെയ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 14,15,16 – 28,29,30. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ 2000 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ 2022 നവംബർ, ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി മാസ

ങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ജൂലായ് 2 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

"ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം" എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേ ലീഡർഷീപ്

**ലീഡർഷിപ്പ് വർക്ക്ഷോപ്പ്**

19–4–2023 ബുധനാഴ്ച അത്മായനേതൃത്വ പരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ലീഡർഷിപ്പ് വർക്ക്ഷോപ്പ് നടന്നു. ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ പരിപാടി ഉദ്ഘാടനം ചെയ്തു. ഡോ. ഇഗ്നേഷ്യസ് അധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് ഡോ. വർഗീസ് പോൾ സാറിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു.

**പബ്ലിക് സ്പീക്കിംഗ് വർക്ക്ഷോപ്പ്**

21–4–2023 വെള്ളിയാഴ്ച അത്മായനേതൃത്വ പരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പബ്ലിക് സ്പീക്കിംഗ് വർക്ക്ഷോപ്പ് നടന്നു. ഡയറക്ടർ റവ.ഫാദർ ഫ്രാൻസിസ് ആളൂർ പരിപാടി ഉദ്ഘാടനം ചെയ്തു. ഡോക്ടർ ഇഗ്നേഷ്യസ് അധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് എഡിസൺ ഫ്രാൻസിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നു.

**ഏകദിന ശിലപശാല**

മെയ് രണ്ടാം തീയതി സാഹിത്യം, എന്റർപ്രണർഷിപ് തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി തൃശ്ശൂർ അതിരൂപത അത്മായനേതൃത്വ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഏകദിന ശില്പശാല നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത അത്മായനേതൃത്വ പരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ പ്രസ്തുത ശില്പശാല ഉദ്ഘാടനം ചെയ്തു. ഇന്റർനാഷണൽ സോഫ്റ്റ് സ്കിൽ ട്രെയിനർ ഡോ. വർഗീസ് പോൾ, പ്രൊഫസർ ജോൺ തോമസ് തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. ശ്രീ ലിജോ ജോസ് പെരുമായന്റെ നേതൃത്വത്തിൽ ഗ്രൂപ്പ് ആക്ടിവിറ്റീസ് നടത്തപ്പെട്ടു.

**'വേനൽ കൂടാരം' സമ്മർ ക്യാമ്പ്**

തൃശ്ശൂർ: വേനലവധിക്കാലം കുട്ടികൾക്ക് ഉല്ലസിക്കുവാനും ആഘോഷിക്കുവാനും തൃശ്ശൂർ അതിരൂപത അത്മായ നേതൃത്വ പരിശീലന കേന്ദ്രം നടത്തിയ 'വേനൽ കൂടാരം' സമ്മർ ക്യാമ്പ് ആർച്ച് ബിഷപ്പ്സ് ഹൗസ് കോമ്പൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ നടന്നു. അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ സഹകരണ ത്തോടെ രണ്ടാഴ്ചക്കാല ത്തേക്കായാണ് ക്യാമ്പ് നടന്നത്. അതിരൂപത യിലെ വിവിധ ഇടവകകളിൽ നിന്നുള്ള ഒന്നാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലെ ഏകദേശം ഇരുന്നൂറോളം വിശ്വാസ പരിശീലന വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിന്റെ ഉദ്ഘാടനം അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും, അൽമായ നേതൃത്വം പരിശീലന കേന്ദ്രത്തിന്റെയും ഡയറക്ടറായ റവ. ഡോ. ഫ്രാൻസിസ് ആളൂർ അധ്യക്ഷത വഹിച്ചു, അതിരൂപത വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. സിജോ മുരിങ്ങാത്തേരി പങ്കെടുത്തു. ബഹുമാനപ്പെട്ട ജേക്കബ് തൂങ്കുഴി പിതാവ് കുട്ടികളെ സന്ദർശിച്ചു. സമാപന ദിവസം ബഹുമാനപ്പെട്ട ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത കുട്ടികളോട് സംവദിച്ചു. കുട്ടികളിലെ കലാ കായിക വാസനകളെ കണ്ടെത്തി വളർത്തുന്നതിനും അന്യംനിന്നു പോകുന്ന നാട്ടറിവുകളും, നാടൻ കളികളും, പ്രായോഗിക നൈപുണ്യങ്ങളും വരും തലമുറയിലേക്കു പകരാനും ഉതകുന്ന സെഷനുകളും, ഗെയിമുകളും, വീഡിയോ പ്രദർശനവും, പ്രായോഗിക പരിശീലനങ്ങളും, ലൈവ് ക്ലാസുകൾ, പഠനയാത്രകൾ എന്നിവയും ക്യാമ്പിന്റെ ഭാഗമായി. തേനീച്ച വളർത്തൽ, മത്സ്യബന്ധന രീതികൾ പരിചയപ്പെടുത്തൽ, ഔഷധ സസ്യകൃഷി, കരകൗശല വസ്തുനിർ

മ്മാണം, ചിത്രരചന, ഗ്രൂപ്പ് ഡൈനാമിക്സ്, നാടൻ കൃഷി രീതികൾ എന്നിവയും ക്യാമ്പിൽ പരിചയപ്പെടുത്തി. ഒപ്പം കുട്ടികൾക്ക് ആന, കുതിര എന്നിവയെ കാണാനും പരിചയപ്പെടാനും അവസരങ്ങൾ ഉണ്ടായിരുന്നു. മെയ് 13 വരെയാണ് ക്യാമ്പ് നടന്നത്.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേ ലീഡർഷിപ്

# കുടുംബക്കൂട്ടായ്മ

**പതാക ദിനം (ജൂൺ 4)**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാൾ ദിനമായ ജൂൺ 4–ാം തിയ്യതി കുടുംബകൂട്ടായ്മ പതാക ദിനം ആചരിക്കുന്നു. അന്നേ ദിവസം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ പതാകദിനം ആചരിക്കുന്നതാണ്. എല്ലാ ഇടവകയിലും വിശുദ്ധ കുർബാനയ്ക്ക് ശേഷം കുടുംബകൂട്ടായ്മയുടെ ലോഗോ പതിപ്പിച്ച പതാക ഇടവക ദൈവാലയങ്കണത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഉയർത്തുമല്ലോ. അന്നേ ദിവസത്തെ വിശുദ്ധ കുർബാനയിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾ ഇടവകയുടെ സാഹചര്യമനുസരിച്ച് കാഴ്ച സമർപ്പണവും, പൊതു മീറ്റിങ്ങും, കുടുംബകൂട്ടായ്മ ഭാരവാഹികളുടെ കുടുംബസംഗമവും, സ്നേഹ വിരുന്നും, മധുര വിതരണം സംഘടിപ്പിക്കുന്നതും അഭികാമ്യമായിരിക്കും.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

ജൂലായ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജൂൺ 17–ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ (എ.എഫ്.സി യുമായി സഹകരിച്ച് സ്കോളർഷിപ്പ്, ഇ.ഡബ്ലിയു.എസ് സർട്ടിഫിക്കറ്റ് എന്നതിനെക്കുറിച്ചുള്ള ക്ലാസ്സ്) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**ഇടവക കേന്ദ്രസമിതിയിലെ യുവജന പ്രതിനിധി ഭാരവാഹികളുടെ മീറ്റിങ്ങ്**

ഇടവക കേന്ദ്രസമിതിയിലെ യുവജന പ്രതിനിധി ഭാരവാഹികളുടെ മീറ്റിങ്ങ് ജൂൺ 17–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. പ്രസ്തുത മീറ്റിങ്ങിലേക്ക് ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതിയിലെ എല്ലാ യുവജന ഭാരവാഹികളും സംബന്ധിക്കേണ്ടതാണ്.

**പരിസ്ഥിതിദിനാചരണം**

ജൂൺ 5–ാം തിയ്യതി പരിസ്ഥിതി ദിനം. കുടുംബകൂട്ടായ്മ ഭാരവാഹികൾ ഇടവക വികാരിയച്ചനുമായി ആലോചിച്ച് ഇടവക അതിർത്തിയിലോ പള്ളി പരിസരങ്ങളിലോ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനം ആചരിക്കേണ്ടതാണ്. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ജൂൺ 4–ാം തിയ്യതി ഞായറാഴ്ച്ച കാലത്ത് 10.00 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് പരിസ്ഥിതി ദിനാചരണം ആചരിക്കുന്നതായിരിക്കും.

**മത്സരങ്ങൾ – കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക്**

കലാ സാഹിത്യ മത്സരങ്ങൾ

1. റംമ്പാൻ പാട്ട്
2. ഗ്രൂപ്പ് സോങ്ങ്
3. നിമിഷ പ്രസംഗം
4. വചനം എഴുത്ത്
5. കവിതാ രചന
6. ഉപന്യാസം/ലേഖന മത്സരം
7. കഥാ രചന

പൊതുവായ നിബന്ധനകൾ

1. മത്സരങ്ങൾ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കു മാത്രമായിരിക്കും.
2. മത്സരങ്ങളിൽ അതിരൂപത, ഫൊറോന ഭാരവാഹികൾ മത്സരിക്കാൻ പാടില്ല.
3. സാഹിത്യ മത്സരങ്ങൾ അതിരൂപതാടിസ്ഥാനത്തിലായിരിക്കും നടത്തുക.
4. മുൻകൂട്ടി റജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കൂ.
5. നിമിഷ പ്രസംഗം, വചനമെഴുത്ത് മത്സരങ്ങൾ ഇടവക തലത്തിൽ നടത്തി ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർ ഫൊറോന തലത്തിൽ പങ്കെടുക്കുകയും ഫൊറോനയിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവരാണ് അതിരൂപതാതലത്തിൽ മത്സരിക്കേണ്ടത്.
6. റംമ്പാൻ പാട്ട്, ഗ്രൂപ്പ് സോങ്ങ് എന്നിവയ്ക്ക് ഇടവക തലത്തിൽ മത്സരം നടത്തി. ഇടവകയിൽ നിന്ന് ഒരു ടീം ഫൊറോന തലത്തിൽ

മത്സരിക്കാവുന്നതാണ്. ഫൊറോനയിൽ നിന്ന് ഒന്നാം സ്ഥാനം കിട്ടുന്നവർ മാത്രമായിരിക്കും അതിരൂപത തല മത്സരത്തിൽ പങ്കെടുക്കേണ്ടത്.

7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
8. സംഘാടക സമിതിക്ക് മത്സരങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

1. നിമിഷ പ്രസംഗം

സമയം – 5 മിനിറ്റ് (4 മിനിറ്റിൽ വാണിങ്ങ്)

വിഷയം – 5 മിനിറ്റ് മുൻപ് മാത്രമെ നൽകുകയുള്ളൂ. അവതരണ രീതി, ഭാഷ, ആശയ വ്യക്തത, സ്ഫുടത, വിഷയപ്പൊരുത്തം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിധി നിർണ്ണയം നടത്തുക.

2. വചനമെഴുത്ത് മത്സരം

സമയം – 30 മിനിറ്റ്

ഏറ്റവും കൂടുതൽ വചനം തെറ്റാതെ അദ്ധ്യായവും വാക്യവും കൃത്യമായി എഴുതുന്നവർക്കായിരിക്കും സമ്മാനം

3. റംമ്പാൻ പാട്ട്/ ഗ്രൂപ്പ് സോങ്ങ്

സമയം – 7 മിനിറ്റ് (6 മിനിറ്റിൽ വാണിങ്ങ്)

വാദ്യോപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. വായ്പാട്ട് മാത്രമായിരിക്കും. ഒരു ടീമിൽ 5–7 അംഗങ്ങൾക്ക് പങ്കെടുക്കാം. ശ്രുതി, താളം, ലയം, ഭാവം, പാടുന്ന രീതി, അവതരണം. സമയപരിധി കഴിഞ്ഞും പാടുന്നവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.

4. ലേഖന മത്സരം

സമയം – 1½ മണിക്കൂർ

വിഷയം – തൽസമയം നൽകുന്നതായിരിക്കും

എഴുത്തുഭാഷ, വിഷയത്തോടുള്ള നീതി, ഭാഷയുടെ തെളിമ, ഭാഷയുടെ ഘടന, വർത്തമാനകാലമായുള്ള ബന്ധം. ലേഖനം 10 പുറത്തിൽ കവിയരുത്.

6. കവിത

സമയം – 1½ മണിക്കൂർ

വിഷയം – തൽസമയം നൽകുന്നതായിരിക്കും

കാവ്യഭാഷ, ഭാഷഭംഗി, വിഷയപ്പൊരുത്തം, നവീനത്വം, ആശയം, ഭാഷാഘടന, വിഷയത്തോടുള്ള സമീപനരീതി, അവതരണഭംഗി. കവിതയ്ക്ക് പരമാവധി 30 വരികൾ മാത്രം

7. കഥാരചന

സമയം – 1½ മണിക്കൂർ

വിഷയം – തൽസമയം നൽകുന്നതായിരിക്കും

വിഷയാഭിമുഖ്യം, ഭാഷാരീതി, നവീനത്വം, കഥാഘടന, കഥാപാത്ര ങ്ങൾ തമ്മിലുള്ള ഇഴയടുപ്പം, ശൈലി, കഥ 5 പേജിൽ കവിയരുത്.

പൊതുനിർദ്ദേശം (സാഹിത്യമത്സരം)

എഴുതികൊണ്ടുവരുന്ന വരികളോ, ഡൗൺലോഡ് ചെയ്ത കവിത/കഥ/ലേഖന ഭാഗങ്ങളോ പകർത്തി എഴുതരുത്. മറ്റേതെങ്കിലും കഥ/കവിത/ലേഖനവുമായി സാമ്യം പാടില്ല. അനുവദിക്കപ്പെട്ടിരിക്കുന്ന സമയത്തിനുള്ളിൽ രചന പൂർത്തിയാക്കിയിരിക്കണം. രചനയ്ക്ക് അവ തരണ പുതുമയും തനിമയും ഉണ്ടായിരിക്കണം.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**നവ മാധ്യമങ്ങൾ എങ്ങനെ ആരോഗ്യകരമായി ഉപയോഗിക്കാം**

മാതൃവേദി അംഗങ്ങൾക്ക് വേണ്ടി "നവ മാധ്യമങ്ങൾ എങ്ങനെ ആരോഗ്യകരമായി ഉപയോഗിക്കാം" എന്നതിനെക്കുറിച്ചുള്ള ക്ലാസ്സ് ജൂൺ 12 തിങ്കൾ രാവിലെ 9.30 മുതൽ 11.00 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഈ സെമിനാറിലേക്ക് മാതൃവേദിയിലെ അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ബൊക്കെ, കൊന്ത നിർമ്മാണ പരിശീലനം**

ഇടവക ദൈവാലയത്തിൽ അൾത്താര അലങ്കരിക്കുവാനും കൊന്ത നിർമ്മിക്കുവാനും വേണ്ടിയുള്ള പരിശീലന കളരി ജൂൺ 12–ാം തിയ്യതി തിങ്കളാഴ്ച്ച രാവിലെ 11 മണി മുതൽ 1 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. പരിശീലന കളരിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള എല്ലാ അമ്മമാരേയും ഏറെ സ്നേഹ ത്തോടെ ക്ഷണിക്കുന്നു.

**കല്യാണപാട്ട് മത്സരത്തിന്റെ വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ കല്യാണപാട്ട് മത്സരത്തിന്റെ വിജയികൾ. ഒന്നാം സമ്മാനം പാലയൂർ ഫൊറോനയിലെ ഗുരുവായൂർ ഇടവക. രണ്ടാം സമ്മാനം വേലൂർ ഫൊറോന വേലൂർ ഇടവക. മൂന്നാം സമ്മാനം പുതുക്കാട് ഫൊറോന പുതുക്കാട് ഇടവക. പ്രോത്സാഹന സമ്മാനങ്ങൾ 1. കണ്ടശ്ശാംകടവ് ഫൊറോന ഏനാമ്മാവ് ഇടവക. 2. ലൂർദ്ദ് ഫൊറോന നടത്തറ ഇടവക . 3. പുത്തൻപള്ളി ഫൊറോന വടൂക്കര ഇടവക. പങ്കെടുത്തവർക്കും വിജയികൾക്കും ഒരുക്കി വിട്ട എല്ലാ വികാരിമാർക്കും ഒത്തിരി നന്ദി.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**വലിയ കുടുംബങ്ങളുടെ സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം മെയ് 28–ാം തിയ്യതി ഞായറാഴ്ച്ച തൃശ്ശൂർ പുത്തൻപള്ളിയിൽ വച്ച് നടത്തപ്പെടുകയുണ്ടായി. 200 ൽ അധികം കുടുംബങ്ങൾ ഈ സംഗമത്തിൽ പങ്കെടുക്കുകയുണ്ടായി.

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ജൂൺ 5 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജീവ കാരുണ്യ പ്രവർത്തക സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഗമം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂൺ 18-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 2.00 മുതൽ 4.00 വരെ ജീവ കാരുണ്യ പ്രവർത്തക സംഗമം എന്ന പേരിൽ സംഘടിപ്പിച്ചിരിക്കുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന, സഹകരിക്കുന്ന എല്ലാവരേയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിച്ചാൽ 6000 രൂപ; പദ്ധതി കേരളത്തിലും**

രണ്ടാമത്തെ പ്രസവത്തിൽ പെൺകുഞ്ഞ് ജനിച്ചാൽ അമ്മയ്ക്ക് 6000 രൂപ നൽകുന്ന പ്രധാനമന്ത്രി മാതൃവന്ദന യോജന കേരളത്തിൽ മുൻകാല പ്രാബല്യത്തോടെ ആരംഭിക്കാൻ സംസ്ഥാന വനിത ശിശു വികസന ഡയറക്ടറുടെ ഉത്തരവ്. കേരളം ഉൾപ്പെടെ 11 സംസ്ഥാനങ്ങളിൽ പെൺകുട്ടികളുടെ ജനന നിരക്കു കുറയുന്നതു പരിഹരിക്കാനാണു കേന്ദ്രം പദ്ധതി ആരംഭിച്ചത്.

2022 ഏപ്രിൽ മുതൽ ധനസഹായത്തിന് അർഹതയുണ്ട്. 2022 ഏപ്രിൽ ഒന്നിനു ശേഷമുള്ള രണ്ടാമത്തെ പ്രസവത്തിൽ പെൺകുട്ടിക്കു ജന്മം നൽകിയ അമ്മയ്ക്ക് ജൂൺ 30 വരെ ധനസഹായത്തിന് അപേക്ഷിക്കാം. രണ്ടാമത്തെ പ്രസവം നടക്കാനിരിക്കുന്നവരും തുക ആവശ്യമുണ്ടെങ്കിൽ അങ്കണവാടിയിൽ റജിസ്റ്റർ ചെയ്യണം. പുറമേ //pmmvy.nic.in എന്ന പുതിയ പോർട്ടലിൽ നേരിട്ടും റജിസ്ട്രേഷൻ നടത്താം. പോർട്ടൽ വൈകാതെ ലഭ്യമാകും.

കേന്ദ്രസംസ്ഥാന സർക്കാർ, പൊതുമേഖല ജീവനക്കാർക്കും സമാനമായ രീതിയിൽ പ്രസവാനുകൂല്യം ലഭിക്കുന്നവർക്കും ഈ ആനുകൂല്യത്തിന് അപേക്ഷിക്കാനാകില്ല. ആദ്യ പ്രസവത്തിൽ ആൺ കുട്ടിയാണെങ്കിലും പെൺകുട്ടിയാണെങ്കിലും 5000 രൂപ നേരത്തേ മുതൽ നൽകുന്നുണ്ട്.

**ഇഡബ്ല്യുഎസ് സെമിനാറുകൾ**

അധ്യയന വർഷത്തിലേക്ക് പ്ലസ് വൺ മുതലുള്ള ക്ലാസ്സുകളിലേക്കു അഡ്മിഷൻ ലഭിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുള്ള സംവരണ സർട്ടിഫിക്കറ്റായ ഇഡബ്ല്യുഎസ് റിസേർവഷനെ (ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റിന്റെ കാലാവധി ഓരോ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ) കുറിച്ചുള്ള സെമിനാറുകൾ തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകളുടെ ആവശ്യാനുസരണം സംഘടിപ്പിക്കുന്നു. ഇടവകയിൽ പ്രതിനിധിയോഗം / കുടുംബ കൂട്ടായ്മ കേന്ദ്രസമിതി ജനറൽ ബോഡി / ഭക്ത സംഘടന ഏകോപന സമിതി / വിശ്വാസ പരിശീലന പി റ്റി എ ജനറൽ ബോഡി കൂടുന്ന അവസരത്തിൽ ഇത് കൃത്യമായി പറഞ്ഞ് നൽകാവുന്നതാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുമല്ലോ.

കൂടുതൽ വിവരങ്ങൾക്ക്: 9605043327, 9447769815, 9946221499

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

## LUX DOMUS - 2023

LUX DOMUS - 2023 മെയ് 13–ാം തിയ്യതി ഫാമിലി അപ്പസ്റ്റൊലേറ്റിൽ വെച്ച് നടന്നു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. ബഹുമാനപ്പെട്ട റവ. ഡോ. മാത്യു ഇലത്തുപറമ്പിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നിർവ്വഹിച്ചു.

## LOAF COUPLES RETREAT

2023 ജൂൺ 9, 10, 11 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് 'ദമ്പതി ധ്യാനം' സംഘടിപ്പിക്കുന്നു. 9–ാം തിയ്യതി വെള്ളിയാഴ്ച വൈകീട്ട് 6 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകീട്ട് 4 മണിക്ക് തീരുന്ന രീതിയിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 9037721728, 9895924182.

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'സ്പിരിച്വൽ ഡേ' ജൂൺ മാസം 10–ാം തിയ്യതി വൈകീട്ട് 6 മണി മുതൽ 9 മണി വരെ കാച്ചേരി മൈനർ സെമിനാരിയിൽ വെച്ച് നടക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 9947644966, 9895924182.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

Santhwanam
ARCHDIOCESE OF TRICHUR

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

ഏപ്രിൽ മാസത്തിൽ തൃക്കൂർ, എറവ്, ലൂർദ്ദ്, കകോലഴി, കുരിയച്ചിറ, അയ്യന്തോൾ, പുല്ലഴി, പീച്ചി, അടാട്ട്, ഇരവിമംഗലം, തയ്യൂർ, കൊട്ടേക്കാട്, ചാവക്കാട്, ഊരകം, നെല്ലിക്കുന്ന് എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി. കട്ടിൽ, എയർബെഡ്, ബെഡ്, ഓക്സിജൻ കോൺസൻട്രേറ്റർ, വീൽചെയർ,വാക്കർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്.

**സേവ് എ ഫാമിലി പ്ലാൻ**

2022–23 സാമ്പത്തിക വർഷത്തിലെ ഫണ്ട് ഏപ്രിൽ മാസത്തിൽ 15 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ആകെ 2,73,105 രൂപയാണ് നൽകിയത്. മാർച്ച് മാസത്തിൽ ഫണ്ട് നൽകിയ 57 പേരുടെ കയ്യിൽ നിന്നും ഫോട്ടോയും ബില്ലുകളും ശേഖരിച്ചു.

**കുറുന്തോട്ടി മിഷൻ**

കർഷകർക്ക് കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനം കുറയുന്ന സാഹചര്യത്തിൽ,അധികം മുതൽ മുടക്കില്ലാത്തതും വലിയ കായിക അധ്വാനമില്ലാത്തതും അതിലുപരി, പ്രതികൂല കാലാവസ്ഥയിൽ പോലും പ്രത്യേക പരിചരണം ഇല്ലാതെ വളർത്താവുന്ന കുറുന്തോട്ടി വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയാണ് തൃശൂർ അതിരൂപത. മറ്റത്തൂർ ലേബർ സൊസൈറ്റിയും കേരള സർക്കാർ ഔഷധസസ്യ ബോർഡുമായി സഹകരിച്ചാണ് സാന്ത്വനം ഈ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. സാന്ത്വനത്തിന്റെ വനിത സ്വയം സഹായ സംഘങ്ങളും വ്യക്തിപരമായ കർഷകരും ഉൾപ്പെട്ട 150 പേർ ചേർന്ന് പത്തേക്കർ സ്ഥലത്താണ് കുറുന്തോട്ടി കൃഷി ആരംഭിക്കുന്നത്. അതിന് ആവശ്യമായ വിത്തുകൾ മറ്റത്തൂർ ലേബർ സൊസൈറ്റിയിൽ നിന്ന് സാന്ത്വനം വഴി വിതരണം ചെയ്യുന്നതാണ്.അതിന് ഒരുക്കമായുള്ള ആദ്യത്തെ സെമിനാർ തൃശൂർ അതിരൂപത പാസ്റ്ററൽ സെന്ററിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.അർദ്ധദിന സെമിനാർ കേരള ഔഷധ സസ്യ ബോർഡ് സീനിയർ ഓഫീസർ, ഡോക്ടർ ഒ.എൽ പയസ് ഉദ്ഘാടനം ചെയ്തു.മറ്റത്തൂർ ലേബർ സൊസൈറ്റി

സെക്രട്ടറി കെ.പി.പ്രശാന്ത്, കോർഡിനേറ്റർ ഡോ.അഞ്ജലി ഗോപിനാഥ് എന്നിവർ ക്ലാസുകൾ നയിച്ചു.സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കനും അസ്സോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴിയും നേതൃത്വം നൽകി. മാർ ജേക്കബ് തൂങ്കുഴി മെത്രാഭിഷേക സുവർണ്ണ ജൂബിലി സ്മാരക ആദ്യത്തെ രണ്ട് ഭവനങ്ങൾ വെഞ്ചിരിച്ചു.

തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച്, സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമിച്ചു നൽകുന്ന 50 വീടുകളിൽ ആദ്യത്തെ ഭവനം അഭിവന്ദ്യ തൂങ്കുഴി പിതാവ് കുരിയച്ചിറയിൽ ആശീർവദിച്ചു. കുരിയച്ചിറ ഇടവകയാണ് ഈ ഭവനത്തിന്റെ നിർമാണം സ്പോൺസർ ചെയ്തത്. ഇടവക വികാരി ഫാ.തോമസ് വടക്കൂട്ട്, സഹവികാരി ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസ്സോ.ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, അസ്സി. ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത് എന്നിവർ സന്നിഹിതരായിരുന്നു.

രണ്ടാമത്തെ ഭവനം സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ തിരുവില്വാമലയിൽ ആശീർവദിച്ചു. തിരുവില്വാമല ഇടവകക്കാരുടെയും സാന്ത്വനത്തിന്റെയും സഹകരണത്തോടുകൂടിയാണ് ഈ ഭവനത്തിന്റെ നിർമാണം പൂർത്തീകരിച്ചത്. ഇടവക വികാരി ഫാ.ബിനു പാറോക്കാരൻ സന്നിഹിതനായിരുന്നു.

**സാന്ത്വനം തൊഴിൽ വികാസ്**

സാന്ത്വനം തൊഴിൽ വികാസിന്റെ ഭാഗമായി സെക്യൂരിറ്റി തസ്തികയിലേക്ക് 40 അപേക്ഷകൾ ലഭിച്ചു. ഇന്റർവ്യൂ നടത്തി 20 പേരെ തിരഞ്ഞെടുത്തു.

**സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ**

സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ തൃശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ ദൈവദർശൻ ക്യാമ്പിനോട് അനുബന്ധിച്ച് സജീവം ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ നടത്തി. ലൂർദ്പുരം, പുതുരുത്തി, ചേറ്റുപുഴ, ചേലക്കര, വെള്ളറക്കാട്, പാലയൂർ, കാവീട്, അമ്മാടം, മരത്താംകോട്, ഒളരിക്കര, പുതുക്കാട്, കൊളങ്ങാട്ടുകര, വടക്കാഞ്ചേരി, തൊയക്കാവ്, മുല്ലശ്ശേരി, നെല്ലിക്കുന്ന്, മണലൂർ വെസ്റ്റ്, മണലൂർ ഈസ്റ്റ്, വെണ്ടൂർ, അരിമ്പൂർ, എറവ്, ചെമ്മണ്ണൂർ, പതിയാരം, വാടാനപ്പിള്ളി, കൂനംമൂച്ചി, ആമ്പക്കാട്, കുരിയച്ചിറ, ചെങ്ങാലൂർ, പെരിഞ്ചരി, നെല്ലങ്കര, നെടുപുഴ, തലോർ, മുക്കാട്ടുകര, മങ്ങാട്, കൊട്ടേക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ഫാ. ഡിക്സൺ കൊളമ്പ്രത്ത്, ഫാ.ഡേവിസ് ചക്കാലക്കൽ, ഫാ.ജോജു പനയ്ക്കൽ, സി. ജ്യോതിസ് FCC, സി. ജിസ്മരിയ OSF, മി. റോണി അഗസ്റ്റിൻ, മി. നെൽസൺ, ദൈവദർശൻ

ക്യാമ്പ് കോർഡിനേറ്റർമാരായ ബഹുമാനപ്പെട്ട ബ്രദേഴ്സ് തുടങ്ങിയവർ വിവിധ ഇടവകകളിൽ ക്ലാസുകൾ നയിച്ചു. സജീവം ലഹരി വിരുദ്ധ ക്യാമ്പയിനോട് അനുബന്ധിച്ച് പിഒസിയിൽ നടന്ന കാർടേർലി ഇവാല്യുവേഷൻ മീറ്റിംഗിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസി. ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത്, പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ OSF എന്നിവർ പങ്കെടുത്തു.

**സാന്ത്വനം കുടുംബത്തിന്റെ ആദരാഞ്ജലികൾ**

തൃശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗം സാന്ത്വനത്തിലെ ഫിനാൻസ് മാനേജർ ശ്രീ. തോമസ് പെരിഞ്ചേരി (57)യുടെ ആകസ്മിക നിര്യാണത്തിൽ സാന്ത്വനം കുടുംബം ആദരാഞ്ജലികളും പ്രാർത്ഥനകളും അർപ്പിച്ചു. 2011–ൽ സ്വിഫ്റ്റ് കുറീസിന്റെ ആരംഭം മുതൽ സാന്ത്വനം കുടുംബത്തിന്റെ അംഗമായി തീർന്ന ശ്രീ.തോമസ് കഴിഞ്ഞ 12 വർഷങ്ങളായി സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ പ്രോജക്ടുകൾക്കും സാമ്പത്തിക പ്രവർത്തനങ്ങൾക്കും സസൂക്ഷ്മം ചുക്കാൻ പിടിച്ച വ്യക്തിയാണ്. തോമസേട്ടന്റെ കുടുംബത്തിന് സാന്ത്വനത്തിന്റെ അനുശോചനം അറിയിച്ചു.

**പുതിയ സ്വയം സഹായ സംഘങ്ങൾ രൂപികരിച്ചു.**

തൃശൂർ അതിരൂപതയിലെ വെള്ളക്കാരിത്തടം ഇടവകയിൽ വിമലമാത, ജ്വാല എന്ന പേരിലും, പങ്ങാരപ്പള്ളി ഇടവകയിൽ ക്രൈസ്റ്റ് എന്ന പേരിലും സംഘങ്ങൾ രൂപികരിച്ചു.

**എന്യുമറേറ്റർമാർക്ക് പരിശീലനം നൽകി.**

കേരള സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് നടത്തുന്നപതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട വാർഡ്തല വിവരശേഖരണത്തിനായി എന്യുമറേറ്റർമാരുടെ പരിശീലന പരിപാടി നടത്തി. ഏപ്രിൽ 22–ാം തിയതി രാവിലെ 11 മണിക്ക് പുല്ലഴിയിലെ നവജ്യോതി കോളേജ് ഫോർ വുമൺ ടീച്ചേഴ്സ് ട്രെയ്നിങ്ങ് സെന്ററിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. ക്ലാസുകൾ നയിച്ചത് തൃശൂർ ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്സ് മേധാവി സിംസി മാധവും രതീഷ് സാറുമാണ്.50 പേർ രജിസ്റ്റർ ചെയ്ത പരിപാടിയിൽ 25 പേർക്ക് പരിശീലനം കൊടുക്കാൻ സാധിച്ചു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.ഡിക്സൻ കൊളമ്പ്രത്ത്**
അസി.ഡയറക്ടർ

# കെസിവൈഎം

**കെ.സി.വൈ.എം. തൃശൂർ അതിരൂപതയ്ക്കു പുതിയ നേതൃത്വം**

| | |
|---|---|
| പ്രസിഡന്റ് | : ജിഷാദ് ജോസ് |
| ജനറൽ സെക്രട്ടറി | : മെജോ മോസസ് |
| ട്രഷറർ | : വിപിൻ ലൂയിസ് |

കെ.സി.വൈ.എം. തൃശൂർ അതിരൂപത 2023–2024 കാലഘട്ടത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി ആറംപിള്ളി ഇടവകാംഗം ജിഷാദ് ജോസിനെയും, ജനറൽ സെക്രട്ടറിയായി മണ്ണുത്തി ഇടവകാംഗം മെജോ മോസസിനെയും, ട്രഷററായി കാക്കശ്ശേരി ഇടവകാംഗം വിപിൻ ലൂയിസിനെയും തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി മിഥുൻ ബാബു (തിരൂർ), സ്നേഹ സ്റ്റെബിൻ (കിള്ളിമംഗലം) എന്നിവരെയും, സെക്രട്ടറിമാരായി ആൽബിൻ സണ്ണി (പുതുക്കാട്), റോസ് മേരി ജോയ് (ചിയ്യാരം വിജയമാത) എന്നിവരെയും, സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗമായി ആഷ്ലിൻ ജെയിംസ് (വെണ്ടൂർ) എന്നിവരെയും, സ്റ്റേറ്റ് സെനറ്റ് മെമ്പർമാരായി ഡാനിയേൽ ജോസഫ് (തങ്ങാലൂർ), ഷാരോൺ സൈമൺ (ലൂർദ്ദ്), ജൂവിൻ ജോസ് (അന്തിക്കാട്), റിൻസി റോയ് (പാവറട്ടി) എന്നിവരെയും തിരഞ്ഞെടുത്തു.

**തൃശൂർ അതിരൂപത നേതൃത്വ കൈമാറ്റവും സത്യപ്രതിജ്ഞ ചടങ്ങും**

കെ.സി.വൈ.എം. തൃശൂർ അതിരൂപത 2023–2024 കാലഘട്ടത്തേക്കുള്ള ഭരണസമിതിയുടെ നേതൃത്വ കൈമാറ്റവും സത്യപ്രതിജ്ഞയും തൃശൂർ ബിഷപ്പ് ഹൗസിൽ വെച്ചു നടന്നു. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കെ.സി.വൈ.എം. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോയ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതവും, ഡയറക്ടർ ഫാ. ജിയോ ചെരടായി ആമുഖപ്രഭാഷണവും നടത്തി. നിയുക്ത പ്രസിഡന്റ് ജിഷാദ് ജോസിന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികൾ ആയ ജനറൽ സെക്രട്ടറി മെജോ മോസസ്, ട്രഷറർ വിപൻ ലൂയിസ്, വൈസ് പ്രസിഡന്റുമാരായ മിഥുൻ ബാബു, സ്നേഹ ബെന്നി, സെക്രട്ടറിമാരായ ആൽബിൻ സണ്ണി, റോസ് മേരി ജോയ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ആഷ്ലിൻ ജെയിംസ്, സെനറ്റ്

അംഗങ്ങളായ ഡാനിയേൽ ജോസഫ്, ഷാരോൺ സൈമൺ, ജുവിൻ ജോസ്, റിൻസി റോയ് എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് പ്രസ്ഥാന ത്തിന്റെ മൂവർണ്ണ പതാക ഏറ്റുവാങ്ങി. തുടർന്ന് നടന്ന ചടങ്ങിൽ മുൻ അതിരൂപത ഡയറക്ടർ റവ. ഫാ. ലിൻസൺ തട്ടിൽ, മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, മുൻ സംസ്ഥാന ട്രഷറർ സാജൻ ജോസ്, മുൻ അതിരൂപത വൈസ് പ്രസിഡന്റ് റോണി അഗസ്റ്റിൻ എന്നിവർ ചട ങ്ങിന് ആശംസ അർപ്പിച്ചു സംസാരിച്ചു.

പ്രസ്ഥാനത്തെ നയിച്ച മുൻ അതിരൂപത ഡയറക്ടർ റവ. ഫാ. ലിൻസൺ തട്ടിൽ, മുൻ അതിരൂപത പ്രസിഡന്റ് സാജൻ ജോയ്, അതി രൂപത ബ്ലഡ് ഡൊണേഷൻ ഫോറം കോർഡിനേറ്റർ ജിഷാദ് ജോസ്, അതിരൂപത കലോത്സവം യൂത്ത് ഫയർ 2022 വിജയികൾ ആയവർ, കെ.സി.വൈ.എം. തൃശൂർ അതിരൂപത കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ മത്സര വിജയികൾ, മീഡിയ സെൽ അംഗങ്ങൾ എന്നിവരെ ചടങ്ങിൽ ഉപഹാരം നൽകി ആദരിച്ചു. ജനറൽ സെക്രട്ടറി മെജോ മോസസ് ചട ങ്ങിന് നന്ദി പറഞ്ഞു. വിവിധ ഫൊറോനയിൽനിന്നും പ്രസിഡന്റുമാർ, മറ്റു ഫൊറോന യൂണിറ്റ് ഭാരവാഹികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ഫാ. ജിയോ ചെരടായി**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**പ്രവർത്തന കാലഘട്ട ഉദ്ഘാടനം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2023–24 പ്രവർത്തന കാലഘട്ട ത്തിന്റെ ഉദ്ഘാടനവും അതിരുപത ഭാരവാഹികളെ ആദരിക്കലും ഡി. ബി.സി.എൽ.സി –യിൽ വെച്ച് ജൂൺ 24 –ാം തിയ്യതി ശനിയാഴ്ച്ച ഉച്ചക ഴിഞ്ഞ് 2.00 മുതൽ 4.00 മണി വരെ നടത്തപ്പെടുന്നു. തിരുബാലസ ഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനക ളുടെ പ്രമോട്ടേഴ്സും ആനിമേറ്റേഴ്സും, അതിരൂപത ഭാരവാഹികളും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. സംഗമത്തിൽ

സംബന്ധിക്കുവാൻ സാധിക്കാത്ത അതിരൂപത ഭാരവാഹികൾ നിർബന്ധമായും തക്കതായ കാരണം ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്. വാർഷിക പ്രോഗ്രാം അന്ന് തന്നെ പ്രകാശനം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവർ ഗൂഗിൾ ഫോം വഴിയായി ജൂൺ 22 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗൂഗിൾ ഫോം ലിങ്ക് ലഭിക്കുന്നതിനായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ 9947582522)

**മരിയൻ കാരംസ് ലീഗ് 2023**

ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി ഏപ്രിൽ 26–ാം തിയ്യതി ഡി.ബി.സി.എൽ.സിയിൽ വെച്ച് മരിയൻ കാരംസ് ലീഗ് 2023 സംഘടിപ്പിച്ചു. ആൺകുട്ടികളുടെ 32 ടീമുകളും പെൺകുട്ടികളുടെ 21 ടീമുകളും മൽസരത്തിൽ പങ്കെടുത്തു. വിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 1500/– രൂപ, റണ്ണേഴ്സ് 1000/– രൂപ) നൽകി അനുമോദിച്ചു.

ആൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ

വിന്നേഴ്സ് അപ്പ് – സെന്റ് മേരീസ് ഫൊറോന ചർച്ച്, കണ്ടശ്ശാംകടവ്
റണ്ണേഴ്സ് അപ്പ് – മേരി ഇമ്മാക്കുലേറ്റ് ചർച്ച്, മരത്താക്കര

പെൺകുട്ടികളുടെ ടൂർണമെന്റ് വിജയികൾ

വിന്നേഴ്സ് അപ്പ് – സെന്റ് തോമസ് ഫൊറോന ചർച്ച്, മറ്റം
റണ്ണേഴ്സ് അപ്പ – ലിറ്റിൽ ഫ്ളവർ ചർച്ച്, വടൂക്കര

റെഡ് സ്റ്റാർ വിന്നേഴ്സ്

1. ലോയ്ഡ് സി. ജോഷി അരണാട്ടുകര
2. ജൂലി ജെയ്സൻ അരണാട്ടുകര

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് 2023**

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതതലത്തിൽ ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് സംഘടിപ്പിച്ചു. എപ്രിൽ 28–29 തിയ്യതികളിൽ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടത്തിയ ഈ മത്സരത്തിൽ 18 ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 3000/– രൂപ, റണ്ണേഴ്സ് 2000/– രൂപ) നൽകി അനുമോദിച്ചു. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

വിന്നേഴ്സ് അപ്പ് – സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, ഒല്ലൂർ
റണ്ണേഴ്സ് അപ്പ് – സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന ചർച്ച്, വടക്കാഞ്ചേരി

മാൻ ഓഫ് ദി മാച്ച് – റാഫേൽ ടോണി ഒല്ലൂർ
ബെസ്റ്റ് വിക്കറ്റ് ടെയ്ക്കർ – ജോബ് ജെ അക്കര ഒല്ലൂർ

**ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫൂട്ബോൾ ലീഗ് 2023**

അൾത്താരസംഘം കുട്ടികൾക്കായി അതിരൂപതതലത്തിൽ ഫാ. സിൻസൺ എടക്കളത്തൂരിന്റെ അനുസ്മരണാർഹം ഫൈവ്സ് ഫൂട്ബോൾ ലീഗ് സംഘടിപ്പിച്ചു. ചെമ്പൂക്കാവ് സേക്രഡ് ഹാർട്ട് ചർച്ചിൽ വെച്ച് മെയ് 2, 3 തിയതികളിലാണ് മത്സരം നടത്തപ്പെട്ടത്. 32 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. വിജയികളുടെ പേരുവിവരം താഴെ കൊടുക്കുന്നു. വിജയികൾക്ക് എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും (വിന്നേഴ്സ 3000/– രൂപ, റണ്ണേഴ്സ് 2000/– രൂപ) നൽകി അനുമോദിച്ചു.

| | |
|---|---|
| വിന്നേഴ്സ് അപ്പ് | – സെന്റ് ആന്റണീസ് ചർച്ച്, അരിമ്പൂർ |
| റണ്ണേഴ്സ് അപ്പ് | – സെന്റ് തെരേസാസ് ചർച്ച്, എറവ് |
| ഗോൾഡൻ ഗ്ലൗ | – ആസ്റ്റ്ലി ജോൺ, അരിമ്പൂർ |
| ഗോൾഡൻ ബൂട്ട് | – എയ്ബൽ തോമസ്, മരിയപുരം |

**യൂണിറ്റ് രജിസ്ട്രേഷൻ 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2023 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "കർത്താവേ നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു" (യോഹന്നാൻ 21: 17).

സുകൃതജപം: ഈശോയുടെ മാധുര്യമേറുന്ന തിരുഹൃദയമേ നീ എന്റെ സ്നേഹമായിരിക്കണമേ!

പ്രാർത്ഥനാ നിയോഗം: പീഡനങ്ങളും യുദ്ധമുറകളും ഇല്ലാതാകുന്നതിനും, ലോകസമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: "ഒന്നും ചോദിക്കാതിരിക്കുക യാതൊന്നും നിഷേധിക്കാതിരിക്കുക" ഇത് ജീവിതരഹസ്യമായി എടുത്തുകൊണ്ട് ജീവിച്ച് മരിച്ച പാദുവായിലെ വി. അന്തോണീസ് ആണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. മരിച്ച് അടക്കപ്പെട്ട ശവകുടീരം ഏതാനും വർഷങ്ങൾക്കുശേഷം തുറന്നു നോക്കിയപ്പോൾ വിശുദ്ധന്റെ നാവ് അഴിയാതിരിക്കുന്നതായി കണ്ട് വി. ബൊനവെഞ്ചർ അത് കൈയിലെടുത്തു പറഞ്ഞു: "ഭാഗ്യപ്പെട്ടവനേ, നീ എന്തു മാത്രം ദൈവസ്തുതികൾ പാടി". വേദപാരംഗതനായ വി. അന്തോണീസിന്റെ തിരുനാൾ ജൂൺ 13 ന് തിരുസഭയിൽ കൊണ്ടാടുന്നു.

പ്രവർത്തനം: ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനും സ്വയം പ്രതിഷ്ഠിച്ചുകൊണ്ട് കൂട്ടുകാരെയും ഈ പ്രതിഷ്ഠയ്ക്കായി പ്രേരിപ്പിക്കാം.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# KCSL

**സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് സമാപിച്ചു**

ഈ വർഷത്തെ സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തൃശൂർ മുളയം മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടന്നു. വിവിധ രൂപതകളിൽ നിന്നായി നൂറ്റിഇരുപതോളം പ്രതിനിധികൾ പങ്കെടുത്തു. 2023 ഏപ്രിൽ 13 മുതൽ 15 വരെ ദിവസങ്ങളിലായി സംഘടിപ്പിക്കപ്പെട്ട ക്യാമ്പ് തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. സമാപനസമ്മേളനത്തിൽ തൃശൂർ അതിരൂപതാ മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹപ്രഭാഷണം നടത്തി. കാത്തലിക് കൗൺസിൽ ഓഫ് ഇൻഡ്യ വൈസ് പ്രസിഡന്റ് ശ്രീമതി ക്ലാര ഫെർണാണ്ടസ് ക്യാമ്പിൽ വിദ്യാർത്ഥികളുമായി സംസാരിച്ചു. വിവിധ സെഷനുകൾക്ക് ശ്രീ. എഡിസൺ ഫ്രാൻസ്, ശ്രീ. ബാസ്റ്റ്യൻ ചെറുവത്തൂർ, സി. ഹംബിലിൻ സി.എം.സി എന്നിവർ നേതൃത്വം നൽകി. സംസ്ഥാന ഡയറക്ടർ റവ. ഫാ. കുര്യൻ തടത്തിൽ അതിരൂപതാ ഡടറക്ടർ റവ. ഫാ. ജോയ് അടമ്പുകുളം, സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി തദേവൂസ്, അതിരൂപതാ പ്രസിഡന്റ് ശ്രീ. സെമിറ്റോ മാസ്റ്റർ എന്നിവർ ക്യാമ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**സംസ്ഥാന കെ.സി. എസ്സലിനെ റോസ് ഷിബു നയിക്കും**

സംസ്ഥാന ക്യാമ്പിൽവച്ച് അടുത്ത വർഷത്തേക്കുള്ള സംസ്ഥാന വിദ്യാർത്ഥി ഭാരവാഹികളെ തിരഞ്ഞെടുത്തു. സംസ്ഥാന ചെയർപേഴ്സൺ ആയി തൃശൂർ അതിരൂപതയിലെ റോസ് ഷിബു തെരഞ്ഞെടുക്കപ്പെട്ടു. കെസിഎസ്സെൽ സംഘടനയുടെ ചരിത്രത്തിൽ ആദ്യമായാണ് തൃശൂരിൽ നിന്ന് ഒരു സംസ്ഥാന ചെയർപേഴ്സൺ. തൃശൂർ

സേക്രഡ് ഹാർട്ട് ഹയർസെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി വിദ്യാർത്ഥിനിയും ചേറ്റുപുഴ ഇടവകാംഗവുമാണ് റോസ് ഷിബു.

**അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും അതിരൂപതാ ആനിമേറ്റേഴ്സ് കോൺഫറൻസും പ്രവർത്തനോദ്ഘാടനവും**

ഈ വർഷത്തെ അതിരൂപതാ ആനിമേറ്റേഴ്സ് കോൺഫറൻസും പ്രവർത്തനോദ്ഘാടനവും ജൂൺ 30 വെള്ളിയാഴ്ച അതിരൂപത ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ വച്ച് നടക്കും. കാലത്ത് 9.30ന് അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്. ഇതിനായി യൂണിറ്റുകളിൽനിന്ന് അഞ്ചു വീതം വിദ്യാർത്ഥി ഭാരവാഹികൾക്ക് തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുക്കാം. കാലത്ത് 11ന് ആനിമേറ്റേഴ്സ് കോൺഫറൻസ്, മാർഗ്ഗരേഖാ അവതരണം, കൂപ്പൺ വിതരണം, ചർച്ച എന്നിവ ഉണ്ടായിരിക്കും. ഉച്ചയ്ക്ക് 1.30ന് മെറിറ്റ് ഡെയും പ്രവർത്തനോദ്ഘാടനവും. മെറിറ്റ് ഡെ പരിപാടികളിൽ എസ്.എസ്.എൽ.സി/ പ്ലസ് 2/ ക്ലസ്സ് 10 – സി.ബി.എസ്.ഇ., ക്ലാസ്സ് 12 – സി.ബി.എസ്സി. പരീക്ഷകളിൽ ഫുൾ എ പ്ലസ് അഥവാ ഫുൾ എ വൺ നേടിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും. ഇതിനായി ജൂൺ 10ന് മുമ്പ് ഫുൾ എ പ്ലസ് അഥവാ ഫുൾ എ വൺ നേടിയ വിദ്യാർത്ഥികളുടെ പേരും ഫോട്ടോകളും നിശ്ചിത ഫോർമാറ്റിൽ  അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെ ഏല്പിക്കുക. ആരും ഇ–മെയിൽ ചെയ്യേണ്ടതില്ല. ജൂൺ 10നു ശേഷം ലഭിക്കുന്നവ പരിഗണിക്കുകയില്ല.

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. ലഹരി വിരുദ്ധ പ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യം**

കേരളത്തിന്റെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ സഭയുടെ ലഹരി വിരുദ്ധ പ്രവർത്തനം സുവിശേഷ പ്രവർത്തനം തന്നെയാണെന്ന് ഇന്റർ നാഷണൽ മാതൃവേദിയുടേയും പിതൃവേദിയുടേയും ഡയറക്ടറായ ഫാ.ഡെന്നി താണിക്കൽ മദ്യവിരുദ്ധ സമിതി സംഘടിപ്പിച്ച എക

ദിന നേതൃത്വ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ സെന്ററിൽ അരങ്ങേറിയ നേതൃത്വ ശില്പശാലയിൽ പ്രസിഡന്റ് വി. എം. അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യ പ്രഭാഷണം നടത്തി. ശ്രീ. സേവ്യർ പള്ളിപ്പാടൻ, ശ്രീ. സി.പി.ഡേവിസ്, എക്സൈസ് ഓഫിസർ ശ്രീ. രാമചന്ദ്രൻ, പാലിയേറ്റീവ് നഴ്സ് ശ്രീമതി ജിൻഷ ശിവൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സന്യസ്ത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ആനിമേറ്റർ റവ. സി. എൻസ്വീഡിനെ മെമെന്റോ നൽകി ആദരിച്ചു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കര സമാപന സന്ദേശം പങ്കുവച്ചു.

**2. മദ്യവിരുദ്ധ സമിതി യൂണിറ്റുകൾ രൂപികരിച്ചു**

A. **26.03.2023 പടവരാട്**

ഒല്ലൂർ ഫൊറോനയിലെ പടവരാട് സെന്റ് തോമസ് ഇടവകയിൽ മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരിച്ചു. അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് നടന്ന സംഘടനാരൂപീകരണ യോഗത്തിൽ വികാരി  റവ. ഫാ. സെബി ചിറ്റാട്ടുകര അദ്ധ്യക്ഷത വഹിച്ചു. സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് മോഡറേറ്ററും അതിരൂപത മുൻ പ്രസിഡന്റുമായ ശ്രീ. സി.പി. ഡേവിസ് വിശദീകരിച്ചു. ശ്രീ. ടോണി എടത്തിരുത്തിക്കാരൻ പ്രസിഡന്റായും ശ്രീ. ക്ലിഫ്റ്റൺ ജോർജ്ജ് സെക്രട്ടറിയുമായുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തു. ഒല്ലൂർ ഫൊറോന പ്രസിഡന്റ് ശ്രീ. ബെന്നി പുളിക്കനാണ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. നിയുക്ത പ്രസിഡന്റ് ശ്രീ. ടോണി തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു. 60 പേർ സംഘടനാംഗങ്ങളായി യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

B. **02.04.2023 വരാക്കര**

പുതുക്കാട് ഫൊറോനയിലെ വരാക്കര ഉണ്ണിമിശിഹാ ദേവാലയത്തിൽ തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതി ഡയറക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് വചന പ്രഘോഷണം നടത്തി. തുടർന്ന്  അരങ്ങേറിയ സംഘടനാരൂപീകരണ സമ്മേളനത്തിൽ ഇടവക വികാരി റവ. ഫാ. സോണി കിഴക്കൂടൻ സ്വാഗതമരുളി. അതിരൂപത ഡയരക്ടറാണ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. അതിരൂപത  പ്രസിഡന്റ് വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷപ്രസംഗം നടത്തി. അതിരൂപത സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ, ശ്രീ. ലിജിമോൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സൈമൺ

അവർകൾ ആണ് കൃതജ്ഞത പ്രകാശിപ്പിച്ചത്. തുടർന്ന് പ്രാർത്ഥന യോടെ യോഗത്തിന് പരിസമാപ്തിയായി.

**3. ഡോക്ടറെ വകവരുത്തിയത് ലഹരി**

നമ്മുടെ നാടിന്റെ ശാപമായ ലഹരി തന്നെയാണ് ഡോക്ടർ വന്ദന ദാസിനെ വകവരുത്തിയത് എന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് പ്രസ്താവിച്ചു. കെ.സി.ബിസി. മദ്യവിരുദ്ധസമിതി തൃശൂർ അതിരൂപത, തൃശൂർ ശക്തൻ നഗറിൽ സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപത ഡയറക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ് മുഖ്യ പ്രഭാഷണം നിർവ്വഹിച്ചത്. തൃശൂർ അതിരൂപത പ്രസിഡന്റ് വി.എം. അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദൂരദർശൻ മുൻ ഡയരക്ടർ ഡോ. സി.കെ. തോമസ്, ACTS തൃശൂർ ജില്ല വൈസ് പ്രസി ഡന്റ് ശ്രീ. അബുബക്കർ, മദ്യ വിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി ശ്രീ. ഇ.എ. ജോസഫ് തുടങ്ങിയവർ പങ്കെടുത്ത് പ്രസംഗിച്ചു. ശ്രീ. സിജോ ഇഞ്ചോടിക്കാരൻ, ശ്രീ. കൊച്ചുവർക്കി തരകൻ, ശ്രീ. ലിന്റോ ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നൽകി.

അതിരൂപത മുൻ സെക്രട്ടറി ശ്രീ. തങ്കച്ചന്റെ നേതൃത്വത്തിൽ, ഡോ. വന്ദന ദാസിന്റെ ദാരുണ മരണത്തിൽ അനുശോചിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി വടക്കാഞ്ചേരി സെന്ററിൽ സംഘ ടിപ്പിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

## കത്തോലിക്ക കോൺഗ്രസ്സ്
**തൃശൂർ അതിരൂപത**

**ഗ്ലോബൽ ജന്മദിനാഘോഷം**

കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ 105–ാം ജന്മദിനാഘോഷം മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിച്ചു. ആഘോ ഷപരിപാടികൾക്ക് അതിരൂപതാ പ്രതിനിധി അംഗങ്ങൾ പങ്കെടുത്തു.

**കർഷക പ്രതിഷേധ ജ്വാല**

കർഷകരുടെ പ്രതിഷേധങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കർഷക പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. തൃശൂരിൽ അതിരൂപതാതല ഉദ്ഘാടനം ഡയറക്ടർ ഫാ. വർഗ്ഗീസ് കുത്തൂർ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നിർവഹിച്ചു. അതിരൂപതയിലെ 70 ജ്വാലകൾ ഉൾപ്പെടെ കേരളത്തിൽ 1001 കർഷക പ്രതിഷേധ ജ്വാലകളാണ് ഉയർന്നത്.

**അഭിനന്ദനങ്ങൾ**

ഓൾ ഇൻഡ്യ കാത്തലിക് യൂണിയൻ (AICU) സീറോ മലബാർ കേരള സംസ്ഥാന ഘടകത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സി.ജെ. ജെയിംസ് പറവട്ടാനിക്ക് കത്തോലിക്ക കോൺഗ്രസിന്റെ അഭിനന്ദനങ്ങൾ.

**കർഷക പ്രതിഷേധ ജ്വാല-റാലി**

പാലക്കാട് രൂപതയിലെ വടക്കുഞ്ചേരിയിൽ വെച്ച് സംഘടിപ്പിച്ചിരുന്ന മേഖലതല കർഷക പ്രതിഷേധജ്വാല റാലിയിൽ അതിരൂപതയിൽ നിന്നും നിരവധിപേർ പങ്കെടുത്തു. അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കർഷകരോടുള്ള ഐക്യദാർഢ്യ പ്രഖ്യാപനമായിരുന്നു റാലി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**ശ്രീ. എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

## യൂത്ത് മിനിസ്ട്രി

**യുവജന വർഷം - 2023**

1. ഓരോ ഇടവകയിലെയും യുവജന വർഷ കമ്മിറ്റിയുടെ കൺവീനറിന്റേയും സെക്രട്ടറിയുടെയും പേരും മൊബൈൽ നമ്പറും യുവജന വർഷ കോർഡിനേറ്റർ ഫാ. അജിത്ത് തച്ചോത്തിനെ ഏൽപ്പിക്കുക. (മൊബൈൽ - 9633009921).

2. ഓരോ ഫൊറോനയിലും യുവജന സംഘടനകളുടെ ചാർജുള്ള അച്ചൻമാരും ഇടവകകളിൽ നിന്നുള്ള യുവജന വർഷ ഭാരവാഹികളുമായി ഒരു മീറ്റിംഗ് സംഘടിപ്പിക്കുക.
3. യുവജന വർഷവുമായി ബന്ധപ്പെട്ട പരിപാടികളിലെ യുവജനങ്ങളുടെ പ്രായപരിധി 15 വയസ്സ് മുതൽ 35 വരെ (1989 ജനുവരി – 2009 ഡിസംബർ)
4. ഫൊറോന തലത്തിൽനിന്നും യുവജന വർഷത്തോട് അനുബന്ധിച്ച് ഒരു ജനറൽ കൺവീനറിനെയും സെക്രട്ടറിയേയും തിരഞ്ഞെടുക്കുക. അവരിലൂടെ അതിരൂപതാ തലത്തിലുള്ള കാര്യങ്ങൾ ഫൊറോന തലത്തിലേക്ക് അറിയിക്കുന്നതായിരിക്കും.
5. കലാ കായിക മത്സരങ്ങൾ :–

a. ആഗസ്റ്റ് 20ന് മുമ്പ് ഇടവക തലത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക.

b. സെപ്തംബർ 15–ന് മുമ്പ് ഫൊറോന തലത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

c. അതിരൂപതാ തലത്തിലുള്ള കായിക മത്സരങ്ങൾ ഒക്ടോബർ 1, 2 തിയ്യതികളിൽ

d. അതിരൂപതാ തലത്തിലുള്ള സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 7–ന്

e. അതിരൂപതാ തലത്തിലുള്ള കലാ മത്സരങ്ങൾ ഒക്ടോബർ 23, 24 തിയ്യതികളിൽ

f. കലാ മത്സര ഇനങ്ങൾ

വ്യക്തിഗത മത്സരങ്ങൾ

1. ലൈറ്റ് മ്യൂസിക്
2. മോണോ ആക്ട്
3. ഫോക് ഡാൻസ്
4. നിമിഷ പ്രസംഗം

ഗ്രൂപ്പ് തല മത്സരങ്ങൾ :–

1. മാർഗ്ഗം കളി
2. മൈം
3. ഗ്രൂപ്പ് ഡാൻസ്
4. ഗ്രൂപ്പ് സോങ്ങ്

g. കായിക മത്സര ഇനങ്ങൾ :–

1. 100 mt
2. 400 mt
3. ഡിസ്കസ് ത്രോ
4. ജാവലിൻ ത്രോ

5.ഷോട്ട്പുട്ട്

6.4 X 100 റിലേ

7.ഫുട്ബോൾ 7s (യുവാക്കൾ), പ്രായപരിധി 15 – 35

8.ഷട്ടിൽ ഡബിൾസ് (യുവതികൾ), പ്രായപരിധി 15 – 35

**അത്‌ലിറ്റിക് മത്സരങ്ങൾ 2 കാറ്റഗറിയിലായിരിക്കും നടക്കുക.**

1. 15 – 25 വയസ്സ് (1999 ജനുവരി 2009 ഡിസംബർ)

2.26 – 35 വയസ്സ് (1989 ജനുവരി 1998 ഡിസംബർ)

h. സാഹിത്യ മത്സര ഇനങ്ങൾ :–

1. കഥ

2.കവിത

3.ഉപന്യാസം

4.പെൻസിൽ ഡ്രോയിംഗ്

5.പെയിന്റിംഗ്

6.ഫൊറോന തല യുവജന സമ്മേളനം അതാതു ഫൊറോനകളിൽ നവംബറിൽ സംഘടിപ്പിക്കുക.

7.യുവജന സമ്മേളനം അതിരൂപതാ തലത്തിൽ – ഡിസംബർ 10

**ഫാ. അജിത്ത് തച്ചോത്ത്**
യുവജന വർഷ കോർഡിനേറ്റർ



**ജൂൺ 13നു**

**നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന അഭിവന്ദ്യ**

## മാർ ടോണി നീലങ്കാവിൽ പിതാവിന്

**തൃശൂർ അതിരൂപത മക്കളുടെ**

**പ്രാർഥനാശംസകൾ**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.05.2023
**June- 2023**



# മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ
# മെത്രാഭിഷേക സുവർണ്ണജൂബിലിയും
# 136-മത് അതിരൂപതാദിനവും

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor